| 123 | PALAKATTUMALA | 3,350.00 | 857 | 3.91 |
| 124 | PALAYAM | 1,300.00 | 1251 | 1.04 |
| 125 | PARATHANAM | - | 1660 | - |
| 126 | PAYYANITHOTTAM | - | 760 | - |
| 127 | PERIAPURAM | - | 1217 | - |
| 128 | PERINGULAM | 7,000.00 | 1928 | 3.63 |
| 129 | PERUMTHURUTH | 920.00 | 730 | 1.26 |
| 130 | PIRAVOM | 3,200.00 | 2563 | 1.25 |

| | | | | |
|---|---|---|---|---|
| 131 | PIUSMOUNT | 9,080.00 | 942 | 9.64 |
| 132 | PIZHAKU(URUMPUKAVU) | 5,000.00 | 1185 | 4.22 |
| 133 | PLASSANAL | 36,666.00 | 2350 | 15.60 |
| 134 | POONJAR | 30,000.00 | 4300 | 6.98 |
| 135 | POOVAKULAM | 720.00 | 640 | 1.13 |
| 136 | POOVARANY | 12,600.00 | 3129 | 4.03 |
| 137 | POOVATHODU | 8,213.00 | 1526 | 5.38 |
| 138 | POOZHIKKOL | 10,000.00 | 1282 | 7.80 |
| 139 | PRAVITHANAM | 20,000.00 | 3633 | 5.51 |
| 140 | RAMAPURAM | - | 11600 | - |
| 141 | RETNAGIRI | 25,000.00 | 5300 | 4.72 |
| 142 | SANTHIGIRI | - | 752 | - |
| 143 | SANTHIPURAM | 2,000.00 | 1047 | 1.91 |
| 144 | SIBIGIRI | 7,000.00 | 1650 | 4.24 |
| 145 | SLEEVAPURAM | 5,000.00 | 1194 | 4.19 |
| 146 | TEEKOY | 23,000.00 | 3200 | 7.19 |
| 147 | THAKADI | - | 95 | - |
| 148 | THIDANAD | 22,500.00 | 3220 | 6.99 |
| 149 | THIRUMARADY | - | 401 | - |
| 150 | THODANAL | 6,978.00 | 1247 | 5.60 |
| 151 | THUDANGANAD | - | 2251 | - |
| 152 | THURUTHIPALLY | 1,100.00 | 2208 | 0.50 |
| 153 | UDAYAGIRI | 5,700.00 | 992 | 5.75 |
| 154 | ULLANAD | 13,500.00 | 1748 | 7.72 |
| 155 | URULIKUNNAM | 12,741.00 | 1037 | 12.29 |
| 156 | VADAKARA | 10,407.00 | 1843 | 5.65 |
| 157 | VAGAMON | - | 585 | - |
| 158 | VAKAKKAD | 8,000.00 | 1063 | 7.53 |
| 159 | VAKKAD | 1,000.00 | 871 | 1.15 |
| 160 | VALACHIRA | 6,000.00 | 1150 | 5.22 |
| 161 | VALAVOOR | 11,000.00 | 1498 | 7.34 |

| | | | | |
|---|---|---|---|---|
| 162 | VARIANIKKAD | - | 552 | - |
| 163 | VAYALA | - | 1607 | - |
| 164 | VEDAGIRI | 1,500.00 | 1203 | 1.25 |
| 165 | VELANILAM | 13,986.00 | 925 | 15.12 |
| 166 | VELLIAMATTOM | - | 2500 | - |
| 167 | VELLIKULAM | 2,600.00 | 1210 | 2.15 |
| 168 | VEZHANGANAM | - | 631 | - |
| 169 | VILAKUMADAM | 25,000.00 | 2019 | 12.38 |
| 170 | VIMALAGIRI | - | 400 | - |
| 171 | XAVIERPURAM | 2,545.00 | 1206 | 2.11 |
| 172 | YENTHAYAR | 12,000.00 | 2300 | 5.22 |
| 173 | KALLOORKULAM CHAPEL | 1,715.00 | - | - |
| 174 | VALAKATTUKKUNNU CHAPEL | 1,000.00 | - | - |
| 175 | MAR APREM PRIEST HOME PALA | 11,011.00 | - | - |
| 176 | GSM SEMINARY | 10,460.00 | - | - |
| 177 | MARAIN MEDICAL CENTRE PALA | 15,001.00 | - | - |
| 178 | MAR APREM SEMINARY | 11,777.00 | - | - |
| 179 | ST MARY'S GHS PALA | 10,000.00 | - | - |
| 180 | ST MARY'S HIGHER SECONDARY SCHOOL PALA | 10,000.00 | - | - |
| 181 | ST MARY'S LPS LALAM PALA | 10,000.00 | - | - |

## PRIZE LIST FOR DIOCESAN COLLECTIONS AND MISSION COLLECTION

| | |
|---|---|
| | **General Collection- Highest Yearly Collection** |
| 1st | Kuravilangad |
| 2nd | Palai Cathedral |
| | **General Collection- Highest Yearly Per Capita** |
| 1st | Kizhathadiyoor |
| 2nd | Lalam New |

| | |
|---|---|
| | **Mission Sunday- Highest Collection** |
| 1st | Kuravilangad |
| 2nd | Kaduthuruthy |
| | **Mission Sunday- Highest Per Capta Collection** |
| 1st | Kizhathadiyoor |
| 2nd | Kaduthuruthy |
| | **INSTITUTIONS** |
| | **Hospitals** |
| 1st | Marian Medical Centre Pala |
| | **Higher Secondary Schools** |
| 1st | St Mary's HSS Lalam Pala |
| | **High Schools** |
| 1st | St Mary's HS Lalam Pala |
| | **L.P. Schools** |
| 1st | St Mary's LPS Lalam Pala |
| | **Seminary** |
| 1st | Mar Aprem Seminary Pala |
| 2nd | GSM Seminary Pala |
| | **Priest Home** |
| 1st | Mar Aprem Priest Home Pala |

NB: മിഷൻ ചൈതന്യത്തോടെ ആത്മാർത്ഥമായി സംഭാവന നൽകിയ എല്ലാവർക്കും നന്ദി പറയുന്നു. സമ്മാനാർഹരെ പ്രത്യേകം അഭിനന്ദിക്കുന്നു.

സമ്മാനങ്ങൾ 2023 ജനുവരി 26-ാം ഉച്ചകഴിഞ്ഞ് 2.30 ന് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേരുന്ന സമ്മേളനത്തിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിതരണം ചെയ്യുന്നതാണ്.

## അറിയിപ്പ്

സാന്ത്വനപ്രകാശത്തിന്റെ കുടിശ്ശിക അടച്ചുതീർക്കാനുള്ളവർ എത്രയും വേഗം അതു ചെയ്യുമല്ലോ.

*ഫാ. പ്രൊക്യുറേറ്റർ*

# പാലാ ഹോം പ്രോജക്ട്

**സാമ്പത്തികസഹായം ലഭിച്ചവർ**

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1. | സ്റ്റീഫൻ കുറിച്ചിത്താനം | 50,000 | |
| 2. | സാജു കാഞ്ഞിരം കുറിച്ചത്താനം | 25,000 | |
| 3. | അനീഷ് കുറിച്ചിത്താനം | 25,000 | |
| 4. | റീനാ തോമസ് മണ്ണാറപ്പാറ | 50,000 | |
| 5. | ഗ്രേസി വയലാ | | 1,45,000 |
| 6. | ദേവസ്യാച്ചൻ വയലാ | | 2,70,000 |
| 7. | യേശുദാസ് വയലാ | | 1,50,000 |
| 8. | കുട്ടിയമ്മ മണ്ണയ്ക്കനാട് | 50,000 | |
| 9. | മാണി മോനിപ്പള്ളി | | 1,14,258 |
| 10. | റോസിലി മോനിപ്പള്ളി | | 10,000 |
| 11. | ആലീസ് മോനിപ്പള്ളി | | 10,000 |
| 12. | ജോബി മോനിപ്പള്ളി | | 10,000 |
| 13. | സുനിൽ മോനിപ്പള്ളി | | 10,000 |
| 14. | സെൽവം ചേർപ്പുങ്കൽ (CMC) | | 50,000 |
| 15. | തോമസ് (CMC) | | 50,000 |
| 16. | പ്രിയ ബാബു രാമപുരം (CMC) | | 15,000 |
| 17. | ലാലി സണ്ണി ചേറ്റുതോട് (CMC) | | 20,000 |
| 18. | ബോസ്മോൻ വെള്ളികുളം (CMC) | | 50,000 |
| 19. | സേവ്യർ കുറവിലങ്ങാട് | | 52,948 |
| 20. | മേരി ചെറിയാൻ കുറവിലങ്ങാട് | | 51,476 |
| 21. | എൽസി കുറവിലങ്ങാട് | | 44,795 |
| 22. | ബിജു കുറവിലങ്ങാട് | | 22,950 |
| 23. | തോമസ് മാത്യു കുറവിലങ്ങാട് | | 35,723 |
| 24. | മത്തായി കുര്യൻ കുറവിലങ്ങാട് | | 1,00,119 |
| 25. | ഷാജി കുറവിലങ്ങാട് | | 83,300 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

## മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ സംഘടിപ്പിക്കുന്നു. ജി.എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 918852970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## ഇടുക്കിയിൽ പാമ്പുകടിക്കെതിരേ ബോധവത്കരണവുമായി മാർ സ്ലീവാ മെഡിസിറ്റി പാലാ

ഇടുക്കി ജില്ലയിൽ സംസ്ഥാന വനംവകുപ്പ്, വനസംരക്ഷണ സമിതി എന്നിവരുമായി സഹകരിച്ച് പാലാ മാർ സ്ലീവാ മെഡിസിറ്റി പാമ്പുകടി ചികിത്സയുമായി ബന്ധപ്പെട്ടു ബോധവത്കരണ പരിപാടികൾ ആരംഭിച്ചു. ജില്ലാ കളക്ടർ ഷീബ ജോർജ് പരിപാടി ഉദ്ഘാടനം ചെയ്തു. ഇടുക്കി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ജി. ജയചന്ദ്രൻ, മാർ സ്ലീവാ മെഡിസിറ്റി പാലാ അത്യാഹിതവിഭാഗം മേധാവി ഡോ. ശ്രീജിത്ത് ആർ. നായർ എന്നിവർ സന്നിഹിതരായിരുന്നു.

## പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ ആഭിമുഖ്യത്തിൽ അടിമാലിയിൽ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

അടിമാലിനിവാസികൾക്കായി ഒരുക്കിയ സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് അടിമാലിയിൽ മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് സനിത സജി അധ്യക്ഷയായി. വൈസ് മെൻസ് ക്ലബ് ഓഫ് അടിമാലി, സെന്റ് ജൂഡ് ടൗൺ ചർച്ച്, അടിമാലി ക്ലബ് എന്നിവർ സംയുക്തമായി നടത്തിയ ക്യാമ്പിൽ മാർ സ്ലീവാ മെഡിസിറ്റി പാലായിലെ വിദഗ്ധ ഡോക്ടർമാരുടെ സംഘം രോഗികളെ പരിശോധിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ കുറവിലങ്ങാട് സെന്റ് വിൻസെന്റ് ആശുപത്രിയിൽ ഓ.പി. വിഭാഗം**

സെന്റ് വിൻസെന്റ് ആശുപത്രിയിൽ പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ ആരംഭിക്കുന്ന നെഫ്രോളജി ഓ.പി. വിഭാഗത്തിന്റെ ഉദ്ഘാടനം നടത്തി. എല്ലാ മാസവും ഒന്നും, മൂന്നും വ്യാഴാഴ്ചകളിൽ വൈകിട്ട് 4 മുതൽ 6 വരെയാണ് സേവനം ലഭിക്കുക. ഈ ദിവസങ്ങളിൽ മാർ സ്ലീവാ മെഡിസിറ്റിയിലെ നെഫ്രോളജി വിഭാഗം കൺസൾറ്റന്റ് ഡോ. തോമസ് മാത്യു രോഗികളെ പരിശോധിക്കും. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കലും സെന്റ് വിൻസെന്റ് ആശുപത്രി അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ എലിസബത്ത് മറിയയും ധാരണാപത്രം കൈമാറി.

**മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ അടിമാലി മോർണിംഗ് സ്റ്റാർ മെഡിക്കൽ സെന്റർ ആശുപത്രിയിൽ ഓ.പി. വിഭാഗം**

മോർണിംഗ് സ്റ്റാർ മെഡിക്കൽ സെന്റർ ആശുപത്രിയിൽ പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ ആരംഭിക്കുന്ന ഗ്യാസ്ട്രോ എന്ററോളജി ഒ. പി. വിഭാഗത്തിന്റെ ഉദ്ഘാടനം നടത്തി. എല്ലാ മാസവും രണ്ടും, നാലും വെള്ളിയാഴ്ചകളിൽ രാവിലെ 10 മുതൽ വൈകിട്ട് 3 വരെയാണ് സേവനം ലഭിക്കുക. ഈ ദിവസങ്ങളിൽ മാർ സ്ലീവാ മെഡിസിറ്റിയിലെ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം കൺസൾറ്റന്റ് ഡോ. ഫിലിപ്പ് ഡാനിയേൽ രോഗികളെ പരിശോധിക്കും. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കലും മോർണിംഗ് സ്റ്റാർ മെഡിക്കൽ സെന്റർ ആശുപത്രി അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ലിൻസിയും ധാരണാപത്രം കൈമാറി.

## NEW DOCTORS (DECEMBER)

1 ) ഡോ. ശാരി കെ രാജ് - അസ്സോസിയേറ്റ് കൺസൾറ്റന്റ്
- പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

ലേഖനം

# ലോകത്തോടു വിടപറഞ്ഞ് സത്യതീരമണയുന്ന ബനഡിക്റ്റ്

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

പത്രോസിന്റെ സിംഹാസനത്തെ അറിവുകൊണ്ടും വിനയം കൊണ്ടും വിശുദ്ധികൊണ്ടും അലങ്കരിച്ച വേദപാരംഗതനായിരുന്നു ബനഡിക്റ്റ് 16-ാമൻ പാപ്പാ. കത്തോലിക്കാസഭയുടെ ശുശ്രൂഷ ഒരാളെ നയിക്കുന്നത് അധികാരത്തിന്റെ ഗർവിലേക്കോ സുഖലോലുപതയുടെ മന്ദിരങ്ങളിലേക്കോ അല്ല; മറിച്ച്, കർത്താവിന്റെ കുരിശിലേക്കാണെന്ന് പാപ്പാ ലോകത്തെ പഠിപ്പിച്ചു. ഈശോയുടെ ഹൃദയം സ്വന്തമാക്കിയ അജപാലകനെയും മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കുന്ന ദൈവശാസ്ത്രജ്ഞനെയും ബനഡിക്റ്റ് പാപ്പായിൽ നാം കണ്ടുമുട്ടുന്നു. കാൽസിഡോൺ കൗൺസിലിൽ മഹാനായ ലെയോ മാർപാപ്പായെപ്പറ്റി പറഞ്ഞു: "പത്രോസ് ലെയോയുടെ നാവിലൂടെ സംസാരിച്ചു." നമ്മുടെ കാലഘട്ടത്തിൽ പത്രോസ് ബനഡിക്റ്റിലൂടെ ലോകത്തോടും നമ്മോടും സംസാരിച്ചു എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

ബനഡിക്റ്റ് പാപ്പായുടെ വാക്കുകളും കൃതികളും നമ്മുടെ ജീവിതത്തെ സ്പർശിക്കുകയും ഹൃദയത്തിൽ തുളച്ചുകയറുകയും ചെയ്തു. ബനഡിക്റ്റ് പിതാവിൽ ദൈവശാസ്ത്രത്തിന്റെ അനന്യമായ സമ്പന്നതയും ആശയങ്ങളുടെ വ്യക്തതയും മനുഷ്യാനുഭവത്തിന്റെ ആഴവും നാം കണ്ടുമുട്ടുന്നു. "കാഴ്ചയുള്ള ഹൃദയം," (cor cum visum) സ്വന്തമാക്കിയ പുരോഹിതശ്രേഷ്ഠനായിരുന്നു ബനഡിക്റ്റ് പാപ്പാ. ദൈവശാസ്ത്രജ്ഞനായ വിശുദ്ധ കാർഡിനൽ ന്യൂമാൻ ഒരിക്കൽ എഴുതി: "ദൈവം പലപ്പോഴും നമ്മെ അപരിചിതമായ വഴിയിലൂടെ നയിക്കുന്നു, അവിടുന്ന് നമ്മുടെ സന്തോഷമാണു ലക്ഷ്യംവയ്ക്കുന്നതെന്നു നമുക്കറിയാം. എന്നാൽ, എന്താണ് യഥാർത്ഥ സന്തോഷമെന്നു നമുക്കറിഞ്ഞുകൂടാ, അതുകൊണ്ടുതന്നെ വഴിയും. നാം അന്ധരായതിനാൽ നാം തിരഞ്ഞെ

ടുക്കുന്ന വഴികൾ തെറ്റിപ്പോയേക്കാം. തിരഞ്ഞെടുപ്പ് ദൈവത്തിനു വിട്ടുകൊടുക്കുക. ദൈവകരങ്ങളിൽ പിടിച്ചുകൊണ്ട് അപരിചിതമായ വഴികളിലൂടെ സഞ്ചരിക്കുന്നതാണ് അദ്ഭുതകരമായ യാത്ര അഥവാ വഴി (mirabilis via). നമ്മുടെ ഉറപ്പ് ദൈവം നമ്മെ ശരിയായ ദിശയിലേക്കു നയിക്കുമെന്നതാണ്. നാം ചിന്തിക്കുന്നതല്ല നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ലത്. മറിച്ച്, ദൈവം നമുക്കുവേണ്ടി തിരഞ്ഞെടുത്തതാണ് ഏറ്റവും നല്ലതെന്ന് നാം മറക്കരുത്. വിശുദ്ധനായ കർദ്ദിനാൾ ന്യൂമാന്റെ രണ്ടു ചിന്തകൾ ബനഡിക്ട് പാപ്പായെ ഏറെ സ്വാധീനിച്ചു. ഒന്ന്, ഹൃദയം ഹൃദയത്തോടു സംസാരിക്കുന്നു (cor ad cor loquitur); രണ്ട്, നിഴലിൽനിന്ന് യാഥാർഥ്യത്തിലേക്ക് (ex umbris ad veritatem). ബനഡിക്റ്റ് പിതാവിന്റെ ജീവിതത്തിന്റെ സന്ദേശം ദൈവത്തിന്റെ അദ്ഭുതകരമായ വഴിയിലൂടെ സഞ്ചരിക്കുവാൻ കഴിഞ്ഞു എന്നതാണ്.

ജോസഫ് റാറ്റ്സിംഗർ ജനിച്ചത് 1927 ഏപ്രിൽ 16, ഒരു ദുഃഖശനിയാഴ്ചയായിരുന്നു. ജനിച്ച് ഏതാനും മണിക്കൂറിനുള്ളിൽ ഈസ്റ്റർസായാഹ്നത്തിൽ കുർബാനയ്ക്കിടെ മാമ്മോദീസാ സ്വീകരിച്ചു. അന്നുമുതൽ ജീവിതത്തിലുടനീളം പ്രാർത്ഥനയുടെ മനുഷ്യനായിരിക്കുവാൻ റാറ്റ്സിംഗറിനു സാധിച്ചു. കൊളോൻ അതിരൂപതയുടെ മെത്രാനായിരുന്ന കർദ്ദിനാൾ Frings-ന്റെ ഉപദേഷ്ടാവായി വന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ്സിൽ peritus ആയി. 1997 ൽ മ്യൂണിക് ഫ്രൈസിങ് അതിരൂപതയുടെ അധ്യക്ഷനായി. 1982 ൽ വിശ്വാസതിരുസംഘത്തിന്റെ പ്രീഫെക്റ്റ്. ശരിയായ പ്രാർഥനാജീവിതമാണ് ആദ്ധ്യാത്മികതയുടെ അടിസ്ഥാനമെന്ന് ബനഡിക്റ്റ് പിതാവിന്റെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു. പ്രാർത്ഥനയില്ലാത്ത സമൂഹത്തിന്റെയും വ്യക്തികളുടെയും ജീവിതത്തിന്റെ ദിശമാത്രമല്ല, ജീവന്റെ ഉറവിടവും നഷ്ടപ്പെടുന്നുവെന്ന് പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു. "ദൈവവുമായി ബന്ധമില്ലാതെയായാൽ ഭ്രമണപഥം നഷ്ടപ്പെട്ട ഉപഗ്രഹങ്ങളെപ്പോലെയാകും, ശൂന്യതയിലേക്കു നിപതിക്കുകയും അവ സ്വയം നശിക്കുകയും മാത്രമല്ല മറ്റുള്ളവർക്കു ഭീഷണിയായിത്തീരുകയും ചെയ്യുന്നു" എന്ന ബനഡിക്റ്റ് പിതാവിന്റെ വാക്കുകൾ ആത്മീയത നഷ്ടപ്പെട്ട സമൂഹത്തിനും വ്യക്തികൾക്കുമുള്ള ഒരു പ്രവാചകന്റെ മുന്നറിയിപ്പാണ്.

**വിശ്വസ്തനും കരുണയുള്ളവനുമായ പ്രധാന പുരോഹിതൻ (ഹെബ്രാ. 2:17)**

ക്രൈസ്തവൻ എന്ന നിലയിലുള്ള എല്ലാ പ്രവൃത്തികളുടെയും ഉറവിടം വിശ്വാസമായിരിക്കണമെന്ന് ബനഡിക്റ്റ് പാപ്പാ പഠിപ്പിക്കുന്നു. ആധുനികലോകത്തെ ഈശോയുമായി ആഴമുള്ള ബന്ധമുള്ളതാക്കാൻ ബനഡിക്റ്റ് പിതാവിന്റെ ചിന്തകൾക്കും പ്രസംഗങ്ങൾക്കും ജീവിതസാക്ഷ്യത്തിനും സാധിച്ചിട്ടുണ്ട്. ബനഡിക്റ്റ് പിതാവിന്റെ ശിഷ്യനായിരുന്നു വിയന്നായിലെ കർദ്ദിനാൾ ക്രിസ്റ്റോഫ് ഷോൺബോൺ അഭിപ്രായപ്പെട്ടതുപോലെ, "ബനഡിക്റ്റ് പാപ്പായെ ശ്രവിക്കുവാൻ കഴിയുക ഒരു വലിയ അവസരമായിരുന്നു. കാരണം, പാപ്പാ എല്ലാവർക്കും പ്രതീക്ഷ നൽകുന്നു. അദ്ദേഹത്തിന്റെ ക്ലാസ്സുകൾ അറിവിനോടൊപ്പം സാക്ഷ്യവും വ്യക്തതയും നൽകുന്നു. എളിമയോടെ സത്യത്തിന്റെ മനോഹാരിതയെ പാപ്പാ വ്യക്തമാക്കിത്തരുന്നു." ഈശോയാകുന്ന 'അമൂല്യരത്നത്തെ' ആധുനികലോകത്തിനു നൽകുവാൻ പാപ്പായ്ക്കു കഴിഞ്ഞു. ഈശോയുമായുള്ള കണ്ടുമുട്ടലാണ് വിശ്വാസവളർച്ചയുടെ അടിസ്ഥാനമെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. ബനഡിക്റ്റയിൻ ആദ്ധ്യാത്മികതയുടെ മർമ്മമായ 'എല്ലാറ്റിനും ഉപരിയായി മിശിഹാ' എന്ന ചിന്ത പാപ്പായുടെ പ്രവർത്തനശൈലിയായിരുന്നു. യുക്തിയുടെ ലോകവും വിശ്വാസത്തിന്റെ ലോകവും പരസ്പരം പോരടിക്കേണ്ടതോ, ഭയപ്പെടേണ്ടതോ അല്ല; മറിച്ച്, ആഴമേറിയതും തുടർച്ചയായതുമായ സംവാദങ്ങളിലൂടെ ഒരു നല്ല സംസ്കാരത്തെ രൂപപ്പെടുത്തേണ്ടതാണ് എന്ന ബനഡിക്റ്റ് പിതാവിന്റെ വാക്കുകൾ പാപ്പായുടെ ബൗദ്ധിക - ആത്മീയ - ആദ്ധ്യാത്മികതയുടെ തെളിവാണ്.

സഭയുടെ കാരുണ്യത്തിന്റെ ശുശ്രൂഷയെ ദൈവവചനശുശ്രൂഷപോലെ പ്രാധാന്യമുള്ളതായിക്കണ്ട അജപാലകനായിരുന്നു ബനഡിക്റ്റ് പാപ്പാ. ദാനധർമ്മം വിശുദ്ധഗ്രന്ഥത്തിലെ മനോഹരമായ സ്നേഹത്തിന്റെ ആവിഷ്കാരമാണ്. ഇത് വെറും മനുഷ്യസ്നേഹമല്ല (philanthrophy). ഇത് സ്നേഹത്തിന്റെ കൃത്യമായ പ്രകടനമാണ്. ദാനധർമ്മത്തെ ഒരു ദൈവികപുണ്യമെന്നാണ് പാപ്പാ വിളിക്കുന്നത്. "നമ്മുടെ ദൈവവുമായുള്ള ബന്ധം-തന്റെ പുത്രനായ ഈശോയിലൂടെ കാരുണ്യമുള്ള തന്റെ മുഖം ദൈവം നമുക്കു വെളിപ്പെടു

ത്തി – ഇത് വിശപ്പും, ദാഹവും അനുഭവിക്കുന്നവരെ സഹായിക്കുവാൻ നമ്മെ ബാധ്യസ്ഥരാക്കുന്നുണ്ട്" എന്ന ബനഡിക്റ്റ് പിതാവിന്റെ വാക്കുകൾ സഭ കാരുണ്യത്തിന്റെ കൂദാശയാകേണ്ടത് സ്നേഹത്തിന്റെ പ്രവൃത്തികളിലൂടെയാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

**ദൈവവചനത്തിന്റെ കാവൽക്കാരൻ**

കർത്താവിന്റെ വാക്കനുസരിച്ചു വലയിറക്കിയ (ലൂക്കാ. 5:5) പത്രോസിനെപ്പോലെ ദൈവവചനത്തിന്റെ കാവൽക്കാരനാണ് ബനഡിക്റ്റ് പാപ്പാ. "വചനം കേൾക്കപ്പെടാവുന്നതു മാത്രമല്ല, അതിനു ശബ്ദം മാത്രമല്ല ഉള്ളത്. വചനത്തിന് ഒരു മുഖമുണ്ട്- നമുക്കു കാണാവുന്ന മുഖം: നസ്രത്തിലെ ഈശോ" എന്ന പാപ്പായുടെ വാക്കുകൾ ബനഡിക്റ്റ് പിതാവിന്റെ വചനബന്ധിതജീവിതത്തിന്റെ പ്രകാശനമാണ്. വി. ബനവെഞ്ചർ പറഞ്ഞു: "ദൈവത്തെ പ്രഘോഷിക്കുന്നതുകൊണ്ട് ഓരോ സൃഷ്ടിയും ദൈവത്തിന്റെ വചനമാണ്." വിശുദ്ധ ലിഖിതമാണ് ദൈവശാസ്ത്രത്തിന്റെ ആത്മാവെന്ന് പാപ്പാ പഠിപ്പിക്കുന്നു. ബനഡിക്ട് പിതാവു വലിയ ഒരു ദൈവശാസ്ത്രജ്ഞനാണ്. വളരെ വലിയവനാണ്. ക്രൈസ്തവപാരമ്പര്യത്തിലെ ക്ലാസ്സിക്കൽ ദൈവശാസ്ത്രജ്ഞന്മാരുടെ കൂട്ടത്തിൽ പരിഗണിക്കപ്പെടാൻ അർഹതയുള്ളവനാണ്. മറ്റു ദൈവശാസ്ത്രകുലപതികളെപ്പോലെ ബനഡിക്ട് പിതാവും ദൈവവചനത്താൽ ആവരണം ചെയ്യപ്പെട്ട്, തുളച്ചുകയറപ്പെട്ട ഒരു വ്യക്തിയാണ്. ദൈവവചനത്തിൽ ജീവിക്കുന്നവനാണ്. വചനം ബനഡിക്ട് പിതാവിന്റെ ദൈവശാസ്ത്രത്തിന്റെ മജ്ജയാണ്. അദ്ദേഹത്തിന്റെ ആത്മീയതയെ പോഷിപ്പിക്കുന്നത് ഈ ദൈവവചനമാണ്. അദ്ദേഹം ദൈവവചനത്തിന്റെ സമുന്നത പ്രഘോഷകനാണ്. കണ്ണും ഹൃദയവും വി. ജറോമിനെപ്പോലെ ജറുസലേമിലേക്കു തിരിച്ച് സ്വർഗ്ഗീയ ജറുസലേമിനുവേണ്ടി ആഗ്രഹിച്ചു ജീവിച്ച തീർത്ഥാടകനായിരുന്നു ബനഡിക്റ്റ് പാപ്പാ. ദൈവവചനം വിശ്വാസത്തിൽ സ്വീകരിച്ച് സഭയോടൊത്ത് അതു വായിച്ച് ദൈവത്തോടൊപ്പം ഏദേൻതോട്ടത്തിൽ നടക്കുന്നതാണ് ക്രിസ്തീയജീവിതത്തിന്റെ മനോഹാരിതയെന്ന് ബനഡിക്റ്റ് പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു.

## പരീക്ഷകളിൽ ഈശോയോടൊപ്പം നിന്ന ശിഷ്യൻ

സഭയോടും ക്രിസ്തുവിനോടുമൊപ്പം ജീവിതകാലംമുഴുവൻ നിരന്തരം സഞ്ചരിക്കുവാൻ സാധിച്ച ക്രിസ്തുവിന്റെ വികാരിയായിരുന്നു ബനഡിക്റ്റ് പാപ്പാ. “എന്റെ പരീക്ഷകളിൽ എന്നോടുകൂടെ നിരന്തരം ഉണ്ടായിരുന്നവരാണ് നിങ്ങൾ” (ലൂക്കാ 27:28) എന്ന ഈശോയുടെ അപ്പസ്തോലന്മാരെക്കുറിച്ചുള്ള സാക്ഷ്യം ബനഡിക്റ്റ് പിതാവിനെപ്പറ്റിയും നമുക്കു പറയുവാൻ സാധിക്കും. വലിയ മുക്കുവന്റെ സ്ഥാനം ഏറ്റെടുത്തപ്പോൾ പാപ്പാ പറഞ്ഞു: “ചെന്നായ്ക്കളെ പേടിച്ച് ഓടിപ്പോകാതിരിക്കുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണം.” നിർഭയം സഭയോടൊത്തു യാത്രചെയ്ത ഇടയനാണ് ബനഡിക്റ്റ് പാപ്പാ. കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാപ്പോലീത്തായായിരുന്ന ഗ്രിഗറി നസിയാൻസൻ തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ വിശ്വാസികളെ പ്രബോധിപ്പിച്ചു: “എന്റെ കുഞ്ഞുങ്ങളേ, ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു, മറ്റുള്ളവർക്ക് അസൂയ തോന്നത്തക്കവിധം നിങ്ങളുടെ വിശ്വാസത്തിന്റെ നിക്ഷേപം കാത്തുസൂക്ഷിക്കുവിൻ.” ബനഡിക്റ്റ് പിതാവിന്റെ പാപ്പാശുശ്രൂഷയുടെ മുഖമുദ്രയും പരീക്ഷകളിൽ വിശ്വാസം കാത്തുസൂക്ഷിക്കുക എന്നതായിരുന്നു. “കർത്താവേ, ഞങ്ങൾ ആരുടെ പക്കലേക്കു പോകും” (Ad quem Ibimus) എന്ന പത്രോസിന്റെ ചോദ്യംതന്നെയായിരുന്നു സഭയുടെ പ്രതിസന്ധികളിലും വേദനകളിലും ബനഡിക്റ്റ് പിതാവിന്റെ ശരണവും പ്രാർത്ഥനയും. ബനഡിക്റ്റ് പാപ്പാ തന്റെ കൃതികളിലൂടെ ദൈവശാസ്ത്രത്തിനും വി. ഗ്രന്ഥത്തിനും നൂതനവും തനതുമായ ഒരു ആത്മീയവ്യാഖ്യാനം നൽകിയെന്നത് ചരിത്രപരമായ വസ്തുതയാണ്. ദൈവത്തെയും ദൈവികസത്യങ്ങളെയും മനുഷ്യന്റെ അറിവുകൊണ്ടും മാനദണ്ഡങ്ങൾക്കൊണ്ടും അളക്കുമ്പോൾ നമുക്കൊരിക്കലും ശിഷ്യത്വത്തിലേക്കു കടന്നുവരുവാൻ കഴിയുകയില്ലെന്ന് പാപ്പാ പഠിപ്പിക്കുന്നു. ദൈവത്തെ, ‘മനുഷ്യന്റെ ഛായ’ ആക്കുവാൻ പരിശ്രമിക്കുന്നതാണ് ഇന്നിന്റെ ഏറ്റവും വലിയ അപകടമെന്നും മനുഷ്യൻ ദൈവത്തിന്റെ ഛായയാണെന്നു മറക്കരുതെന്നും ബനഡിക്റ്റ് പിതാവിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

**സഭാത്മകമനുഷ്യൻ** (Vir ecclesiasticus); **അതുല്യനായ ദൈവശാസ്ത്രജ്ഞൻ**

സഭയെ സ്നേഹിക്കുവാനാണ് ബനഡിക്റ്റ് പാപ്പാ നമ്മെ പഠിപ്പിച്ചത്. സഭയെ സ്നേഹിക്കാത്ത ഒരാൾക്ക് ഒരു നല്ല കത്തോലിക്കനാവാൻ സാധിക്കുകയില്ലെന്ന് പാപ്പായ്ക്ക് ഉത്തമബോധ്യമുണ്ടായിരുന്നു. "അധരത്തിലെ തേൻപോലെ മധുരമുള്ളതും കാതുകൾക്ക് ഇമ്പമുള്ള സംഗീതംപോലെയും, ഹൃദയത്തിന്റെ സന്തോഷംപോലെയുമാണ്" വിശ്വാസജീവിതമെന്ന് ക്ലയർവായിലെ ബർണ്ണാഡിന്റെ വാക്കുകൾ (mel in ore in aure melos in corde iubilum) ബനഡിക്റ്റ് പിതാവിന്റെ സഭാത്മകജീവിതത്തിന്റെ വ്യാഖ്യാനമാണ്. വി. പോൾ 6–ാമൻ പാപ്പാ പറഞ്ഞതുപോലെ, "ചിന്തയുടെ അഭാവത്താൽ ലോകം പ്രതിസന്ധിയിലാണെന്നത്" മനസ്സിലാക്കി ദർശനങ്ങൾകൊണ്ടും ആശയങ്ങൾകൊണ്ടും സഭയെ സമ്പന്നയാക്കിയ ദൈവശാസ്ത്രജ്ഞനായിരുന്നു ബനഡിക്റ്റ് പാപ്പാ. "മനുഷ്യരുടെ ആത്മാവിലാണ് സഭ മനോഹരിയായിരിക്കുന്നത്" എന്ന വി. അംബ്രോസിന്റെ അഭിപ്രായം ബനഡിക്റ്റ് പാപ്പാ ഉൾക്കൊണ്ടിരുന്നു. എപ്പോഴും ആത്മാക്കളെ വെടിപ്പും സൗന്ദര്യവുമുള്ളതാക്കുന്നതിൽ സഭ ശ്രദ്ധചെലുത്തണമെന്ന് ബനഡിക്റ്റ് പാപ്പായ്ക്ക് നിർബന്ധമുണ്ടായിരുന്നു. ഉള്ളിൽ സമ്പന്നമായ ഒരു ദൈവശാസ്ത്രകലാലയം കൊണ്ടുനടന്നവനാണ് റാറ്റ്സിംഗർ പിതാവ്. ഒരേസമയം ഉയരവും ആഴവും വേഗവും ഇഴുകിച്ചേരുന്ന ദൈവശാസ്ത്രകേസരിയായിരുന്നു അദ്ദേഹം. ദൈവവചനവും ദൈവാരാധനയും സഭാശാസ്ത്രവുമാകുന്ന ത്രിമാനനെടുംതൂണുകളിലാണു പാപ്പാ ദൈവശാസ്ത്രം രചിച്ചതും പ്രചരിപ്പിച്ചതും. ദൈവശാസ്ത്രത്തിന്റെ കടലാഴമറിയുന്ന രചനകളാണ് അവയെല്ലാം. പരിശുദ്ധ ത്രിത്വം, ഈശോമിശിഹാ, പരിശുദ്ധ റൂഹാ, കൂദാശകൾ, യുഗാന്ത്യശാസ്ത്രം, പരിസ്ഥിതി ദൈവശാസ്ത്രം തുടങ്ങിയവയെല്ലാം ഇഷ്ടവിഷയങ്ങളായിരുന്നു. ക്രിസ്തീയവേദാന്തത്തിന്റെ ഹൃദയം കവർന്ന വ്യക്തിയായിരുന്നു പാപ്പാ റാറ്റ്സിംഗർ. തിരുവചനത്തിന്റെ നിത്യതീർഥാടകനായി ഒരു മിസ്റ്റിക്കിന്റെ സാത്വികഭാവത്തോടെയാണു പാപ്പാ തന്റെ പ്രഭാഷണങ്ങളെല്ലാം നടത്തിയത്. തന്നെ പാപ്പായായി തിരഞ്ഞെടുത്ത കോൺക്ലേവിൽവച്ചു ദൈവശാസ്ത്രത്തിൽ ആപേക്ഷികതയുടെ

സ്വേച്ഛാധിപത്യം (dictatorship of relativism) കൊണ്ടുവരുന്ന അപകടങ്ങളെക്കുറിച്ചു ഗൗരവമായി സംസാരിച്ചിരുന്നു. പ്രതിഭ കൊണ്ടുദൈവശാസ്ത്രത്തെയും ദൈവശാസ്ത്രംകൊണ്ടു പ്രതിഭയെയും തേച്ചുമിനുക്കി മൂർച്ചപ്പെടുത്തിയവനാണു പാപ്പാ.

പൗരാണികതയ്ക്കും ആധുനികതയ്ക്കുമിടയിലും പാരമ്പര്യത്തിനും പരിവർത്തനത്തിനുമിടയിലും സേതുബന്ധനം നടത്തി യഥാർഥ പാരമ്പര്യത്തിന്റെ ആരോഗ്യകരമായ തുടർച്ച യാണു ദൈവശാസ്ത്രം എന്ന ഉറച്ച നിലപാടു പാപ്പാ സ്വീകരിച്ചു. മൂലഗ്രന്ഥങ്ങളും മൂലഭാഷകളും അസാധാരണമായ രീതിയിൽ പരിചയമുള്ള വ്യക്തിയെന്ന നിലയിൽ പാപ്പായുടെ രചനകൾക്ക് ആധികാരികതയും മൗലികതയുമുണ്ട്. സഭാപിതാക്കന്മാരുടെ രചനകളിലുള്ള ആഴമായ അറിവ് ഇളക്കമില്ലാത്ത അടിത്തറയായി. മൂന്നു ചാക്രികലേഖന(ദൈവം സ്നേഹമാകുന്നു, പ്രത്യാശയിൽ രക്ഷ, സത്യത്തിൽ സ്നേഹം)ങ്ങളിലൂടെയും സാക്രമെന്തും കാരിത്താത്തിസ് (2007), വെർബും ദോമിനി(2010). ആഫ്രിക്കേ മുനൂസ് (2011), എക്ലേസിയ ഇൻമേഡിയോ ഓറിയന്തേ (2012) എന്നീ ശ്ലൈഹികപ്രബോധനങ്ങൾവഴിയും സഭയുടെ ഔദ്യോഗിക പ്രബോധനത്തിന്റെ മർമത്തെ സ്പർശിച്ചു. ദൈവശാസ്ത്ര അറിവി ന്റെ ചിന്തേരിട്ടുമിനുക്കിയ ഉപകരണങ്ങളാണു കഴിഞ്ഞ നാളുകളിൽ രചിച്ച Jesus of Nazareth എന്ന മൂന്നു വാല്യങ്ങളുള്ള അന ശ്വരകൃതി. 2006 ലെ ക്രിസ്തുമസ് സന്ദേശത്തിൽ പറഞ്ഞു: 'മിശിഹാ എന്ന പ്രകാശമില്ലാതെ, യുക്തിയുടെ പ്രകാശത്തിനു തനിച്ചു മനുഷ്യവർഗത്തെയോ ലോകത്തെയോ പ്രകാശിപ്പിക്കുവാനാവില്ല.' പ്രഭാഷണങ്ങളിലൂടെ നിത്യസത്യങ്ങൾക്ക് ആകർഷകത്വം തുളു മ്പുന്ന വ്യാഖ്യാനം നല്കി. പരിശുദ്ധ ത്രിത്വത്തിനു പകരം സാത്താ ന്റെ ത്രിത്വമാണ് (സെക്സ്, ഡ്രഗ്സ്, ഭീകരപ്രവർത്തനം) ഇന്നു ജനഹൃദയങ്ങളിൽ ഭരണം നടത്തുന്നതെന്ന അപകടം ലോകത്തെ അറിയിച്ചു. വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങൾ പരിശുദ്ധ ത്രിത്വത്തിലെ മൂന്നു ദൈവിക ആളുകൾപോലെയാണെ ന്നും അവയിൽ ഒന്നു നഷ്ടമായാൽ മറ്റു രണ്ടിനെയും ബാധിക്കുമെ ന്നും പഠിപ്പിച്ചു. ദൈവഭാഷ സംസാരിക്കാനും കേൾക്കാനും താത്പര്യമില്ലാത്ത ആധുനികലോകത്തിന് ഒരു എസ് പസഫ്, എഫാത്താ (തുറവി - തുറക്കപ്പെടൽ) വേണമെന്നു ശാഠ്യം പിടിച്ചു.

ദൈവഭാഷ നഷ്ടപ്പെടുന്നതുമൂലം ലോകത്തിൽ ഒരു ദൈവഗ്രഹണം (God eclipse) തന്നെ സംഭവിക്കുന്നുണ്ടെന്നും പഠിപ്പിച്ചു. അൻപതു വർഷങ്ങളിലെ പരിശുദ്ധ ബനഡിക്റ്റ് പിതാവിന്റെ ദൈവശാസ്ത്രശുശ്രൂഷ ഒരു തുടർക്കഥയാണ്. വിശുദ്ധ ബൊനവഞ്ചറിന്റെയും റൊമാനോ ഗർദ്ദീനിയുടെയും സ്വാധീനത്തിലുള്ള ഒരു ത്രിത്വകേന്ദ്രിത മിശിഹാവിജ്ഞാനീയവും വിശുദ്ധ ആഗസ്തീനോസിന്റെ സഭാവിജ്ഞാനിയവും അതിൽ ത്തന്നെ ഹെൻറി ദെ ലുബാക്കിന്റെയും ബാൽത്തസാറിന്റെയും സ്വാധീനവും പാപ്പായുടെ ദൈവശാസ്ത്രത്തിന്റെ അടിത്തറയാണ്.

പരിശുദ്ധ ബനഡിക്റ്റ് പിതാവ് നല്ല ഒരു ദാർശനികൻ കൂടിയാണ്. ഗ്രീക്ക് തത്ത്വശാസ്ത്രവും ആധുനിക ജർമൻ തത്ത്വ ശാസ്ത്രവും അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. വിശുദ്ധ ആഗസ്തീനോസിന്റെയും വിശുദ്ധ തോമസ് അക്വീനാസിന്റെയും തത്ത്വശാസ്ത്രം അദ്ദേഹത്തിനു പ്രിയങ്കരമായിരുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഒരു പെരിത്തൂസ് (വിദഗ്ധൻ) എന്നീ നിലയിൽ 50 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച ദൈവശാസ്ത്ര ശുശ്രൂഷ, കഴിഞ്ഞ അരനൂറ്റാണ്ടിലൂടെ ആ കൗൺസിൽ പ്രബോധന ങ്ങൾക്കു വ്യാഖ്യാനം നല്കി ജീവിതം ധന്യമാക്കി. തെറ്റുപറ്റാത്ത ഒരു നീതിപീഠമായിരുന്നു ബനഡിക്റ്റ് പാപ്പാ.

വിശുദ്ധ ആഗസ്തീനോസിന്റെയും വിശുദ്ധ ബൊനവെഞ്ച റിന്റെയും റൊമാനോ ഗർദ്ദീനിയുടെയും ഗ്രന്ഥങ്ങളിലൂടെ ഗവേ ഷണം നടത്തി ദൈവശാസ്ത്രചിന്തകളുടെ മാഞ്ഞുപോകാത്ത ശിലാക്ഷരമായി, സത്യവിശ്വാസത്തിന്റെ കാവലാളായി.

**ലിറ്റർജിയുടെ കാവലാൾ**

പോപ്പ് ബനഡിക്റ്റിന്റെ വാക്കുകൾ ശ്രദ്ധേയമത്രേ: "Guardini 1918 ൽ Spirit of the Liturgy എന്ന ഗ്രന്ഥം പ്രസിദ്ധം ചെയ്തപ്പോൾ ലിറ്റർജി ഒരു ചുവർച്ചിത്രംപോലെയായിരുന്നു. നാശ നഷ്ടം വരാതെ സംരക്ഷിച്ചു. പക്ഷേ, പിന്നീടുവന്ന തലമുറകൾ അതിനെ ചായം പൂശി, വെള്ളപൂശി ആവശ്യത്തിൽ കൂടുതൽ മറ ച്ചുകളഞ്ഞു. ഇപ്പോഴത്തെ ആരാധനക്രമഗ്രന്ഥങ്ങളിലും ആദ്യകാല ചൈതന്യമുണ്ട്. പക്ഷേ, മറ്റുപദേശങ്ങളും പ്രാർത്ഥനകളും നിർദേ ശങ്ങളും എല്ലാം തിരുകിക്കയറ്റി സ്വകാര്യപ്രാർത്ഥനകൾകൊണ്ടും

മറ്റും അതിന്റെ യഥാർത്ഥ മഹിമ കാണാൻ പറ്റാത്തതുപോലെയായി. രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ ചുവർച്ചിത്രത്തിന്റെ അമിതമായ കൂട്ടുകൾ കഴുകി വൃത്തിയാക്കി. ഒരു നിമിഷം അതിന്റെ നിറവും ഭംഗിയും നമ്മെ വിസ്മയിപ്പിച്ചു. എന്നാൽ, വീണ്ടും നവീകരണമെന്ന കാലാവസ്ഥാവ്യതിയാനംകൊണ്ട് അതിന്റെ സ്വത്വം നഷ്ടപ്പെട്ടാൻ തുടങ്ങി. ചിലപ്പോഴെല്ലാം അതിന്റെ നാശംതന്നെ ചൂണ്ടിക്കാണിക്കുന്ന നവീകരണംവരെയെത്തി. ചായം പൂശേണ്ടിവന്നാലും അല്പം ബഹുമാനാദരവുകളോടെ ചെയ്താൽ സമസ്തനാശത്തിൽനിന്നു മോചനം നേടാം."

Sacramentum Caritatis-ൽ ബനഡിക്റ്റ് പിതാവ് പറഞ്ഞു: വി. കുർബാനയോടു ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും മനോഹരമായിരിക്കണം; സൗന്ദര്യമുള്ളതായിരിക്കണം. തിരുവസ്ത്രങ്ങളും തിരുപ്പാത്രങ്ങളും എല്ലാം ശ്രദ്ധിക്കണം. അവയുടെ നല്ല ക്രമീകരണംതന്നെ ദൈവാരാധനയ്ക്കും വിശ്വാസത്തിൽ ആഴപ്പെടുന്നതിനും സഹായിക്കും. അവ ഭക്തിയെ ശക്തിപ്പെടുത്തും.

Verbum Domini 30 - ൽ "സഭയാണ് വചനത്തിന്റെ വീട്. ലിറ്റർജിയാണ് ദൈവം സംസാരിക്കുന്ന ഏറ്റവും നല്ല വേദി. ഈ വീട്ടിലും ഈ പശ്ചാത്തലത്തിലുമാണ് നമ്മൾ തിരുവചനം കേൾക്കുന്നത്. ലിറ്റർജിയിൽ എപ്രകാരമാണ് വി. ഗ്രന്ഥം കൈകാര്യം ചെയ്യേണ്ടതെന്ന് നമ്മൾ പഠിക്കേണ്ടതുണ്ട്. ഒരു വർഷക്കാലം മുഴുവൻ ലിറ്റർജിയിലൂടെ വെളിവാക്കപ്പെടുന്ന ദൈവവചനം നമ്മുടെ ജീവിതത്തെ ഗൗരവതരമായി സ്വാധീനിക്കേണ്ടതാണ്."

**സ്ഥാനത്യാഗം ചെയ്തു**

"ദൈവം എനിക്കു തന്ന ശുശ്രൂഷയിൽനിന്ന് ഒഴിയാൻ തീരുമാനിച്ചിരിക്കുന്നു. പൂർണ്ണമനസ്സോടെ സഭയുടെ നന്മയ്ക്കുവേണ്ടിയാണിത്. എന്റെ ഈ തീരുമാനത്തിന്റെ ഗൗരവത്തെക്കുറിച്ച് തികഞ്ഞ ബോധ്യമുണ്ട്. ഈ പദവി ആവശ്യപ്പെടുന്ന ആരോഗ്യം എനിക്കില്ല. ഏകാഗ്രതയിൽ പ്രാർത്ഥനാജീവിതം നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മറഞ്ഞിരിക്കുമ്പോഴും തൊട്ടടുത്തു ഞാനുണ്ടാവും."

"ചിലപ്പോഴെങ്കിലും ഗലീലിയാതടാകത്തിൽ കർത്താവിനോടും മറ്റു ശിഷ്യന്മാരോടുംകൂടി ഇളകിമറിയുന്ന വഞ്ചിയിലായി

രുന്ന അനുഭവം എനിക്കും ഉണ്ടായിട്ടുണ്ട്. പക്ഷേ, കർത്താവ് ബോട്ടിൽ എപ്പോഴും ഉണ്ടായിരുന്നു എന്ന ചിന്ത എന്നിലുണ്ടായി രുന്നു. സഭായാകുന്ന ബോട്ട് എന്റേതല്ല എന്ന ചിന്തയും എനിക്കു ണ്ടായിരുന്നു. ആന്തരികമായിട്ട് ഞാൻ എന്റെ വീട്ടിലേക്കുള്ള തീർത്ഥാടനം (Pilgrimage to home - Heaven) നടത്തുകയാണ്."

സ്ഥാനത്യാഗത്തെക്കുറിച്ച്: "ഞാൻ കുരിശ് ഉപേക്ഷിക്കുക യല്ല ഞാൻ ക്രൂശിതനോട് ഒരു പ്രത്യേക വിധത്തിൽ, ഒരു പുതിയ രൂപത്തിൽ ബന്ധപ്പെടുകയാണിപ്പോൾ. സഭാഭരണത്തിന്റെ ഉത്തര വാദിത്വം ഞാൻ ഉപേക്ഷിക്കുകയാണ്. എന്നാൽ, പ്രാർത്ഥനയിൽ ഞാൻ വി. പത്രോസിന്റെ ആവൃതിക്കുള്ളിൽ ഉണ്ട്. പ്രാർത്ഥനയി ലൂടെയും വിചിന്തനങ്ങളിലൂടെയും ഞാൻ സഭയുടെ വഴിയിലുണ്ട്."

"ഞാൻ ഭൂമിയിൽ ഒരു യാത്രക്കാരനാണ്. ഭൗമികയാത്രയുടെ അവസാന ഘട്ടത്തിലെത്തിയ ഒരാൾ." അസ്തമനസൂര്യന്റെ തിരോ ധാനവിസ്മയം കാണാൻ കടൽത്തീരത്തു കാത്തിരുന്ന സഞ്ചാരി യെപ്പോലെയായിരുന്നു ബനഡിക്റ്റ് പിതാവ്. ബനഡിക്റ്റ് നിത്യത യുടെ തീരത്തേക്ക് എത്തി. സത്യതീരമണഞ്ഞ് ലോകത്തോടു വിട പറയുന്നു. നിഴലുകളിൽനിന്ന് യാഥാർഥ്യത്തിലേക്കുള്ള യാത്ര. പാപ്പായുടെ യഥാർഥ കിരീടധാരണം ഇതാണ്.

---

NB : 2023 ജനുവരി 1, 2, 3 തീയതികളിൽ ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചത്.

ലേഖനം

# ചരിത്രപഠനങ ്ങളിൽ വിള്ളൽ വീഴുമ്പോൾ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

(സീറോ മലബാർ സിനഡൽ എഡ്യുക്കേഷൻ കമ്മിറ്റി കൺവീനർ)

ഭാരതം ജനാധിപത്യ മതേതരരാജ്യമാണ്. ജനാധിപത്യത്തിനും മതേതരത്വത്തിനും പോറൽ ഏല്പിക്കുന്ന ഒന്നും നമ്മുടെ രാജ്യത്തുണ്ടാകാൻ പാടില്ല. അനേകായിരങ്ങളുടെ ദീർഘനാളത്തെ കഷ്ടപ്പാടുകളുടെയും സഹനസമരങ്ങളുടെയും രക്തസാക്ഷിത്വത്തിന്റെയും നേർച്ചിത്രമാണ് ഭാരതസ്വാതന്ത്ര്യം.

ഭാരതത്തിലെ മതവൈവിധ്യത്തിന്റെ പശ്ചാത്തലത്തിൽ മതിയായ ചർച്ചകളുടെയും വിലയിരുത്തലുകളുടെയും അവസാനമാണ് മതസ്വാതന്ത്ര്യം ഭരണഘടനയിൽ ഉൾപ്പെടുത്തിയത് (ആർട്ടിക്കിൾ 25). കൂടാതെ, ആർട്ടിക്കിൾ 29, 30 എന്നിവ ന്യൂനപക്ഷാവകാശങ്ങൾ കൃത്യമായി നിർവചിച്ചു നൽകിയിട്ടുണ്ട്. മതന്യൂനപക്ഷാവകാശങ്ങൾ രാജ്യത്തെ നീതിപീഠങ്ങൾ എന്നും സംരക്ഷിച്ചിട്ടുണ്ട്. രാജ്യത്തിന്റെ അഖണ്ഡതയെ ദോഷകരമായി ബാധിച്ച മണ്ണിന്റെ മക്കൾ വാദം, പ്രാദേശികവാദം, തീവ്രവാദം എന്നിവയ്ക്കു ഭാരതം ഇരയായിട്ടുണ്ട്. അതിൽ മണ്ണിന്റെ മക്കൾ വാദം, പ്രാദേശികവാദം എന്നിവയ്ക്കു രാഷ്ട്രീയകക്ഷികളുടെ ശക്തമായ പിന്തുണയുണ്ടായിരുന്നു. അങ്ങനെ ഭാരതത്തിന്റെ ഭരണഘടനയുടെ സംശുദ്ധിയെ അപകടപ്പെടുത്തുന്ന വ്യാഖ്യാനങ്ങൾക്കു പലപ്പോഴും രാഷ്ട്രീയപ്പാർട്ടികൾ മുതിർന്നിട്ടുണ്ട്.

പാഠപുസ്തകങ്ങളിലെ ചരിത്രപാഠങ്ങൾ മാറ്റിയെഴുതി വൈജ്ഞാനികമണ്ഡലത്തെ സ്വാധീനിക്കുകയെന്ന ഗൂഢലക്ഷ്യമാണ് ഇന്ന് അധികാരത്തിലിരിക്കുന്ന രാഷ്ട്രീയപ്പാർട്ടികളുടെ പൊതുഅജണ്ട. പാഠപുസ്തകക്കമ്മിറ്റികളുടെ രൂപീകരണത്തിൽ ഇത് ആരംഭിക്കുന്നു. വിദഗ്ധർ, ഗവേഷകർ തുടങ്ങിയ അലങ്കാരങ്ങളോടെ പാഠപുസ്തകരൂപീകരണക്കമ്മിറ്റികളിൽ തിരുകിക്കയറ്റുന്ന പലരും പാർട്ടി സൈദ്ധാന്തികരായിരിക്കും. പാഠപുസ്തക

ങ്ങളുടെ സഹായത്തോടെ രാഷ്ട്രീയപ്പാർട്ടികളുടെയും വർഗീയ സംഘടനകളുടെയും സൈദ്ധാന്തിക അടിത്തറ ഇക്കൂട്ടർ കെട്ടിപ്പൊക്കും.

രാഷ്ട്രീയ-വർഗ്ഗീയ സൈദ്ധാന്തികർ തെറ്റായ ചരിത്രങ്ങൾ ബോധപൂർവ്വം പുസ്തകങ്ങളിലെ പാഠങ്ങളിൽ ഉൾപ്പെടുത്തുന്നു. ചരിത്രത്തിന്റെയും മതവിശ്വാസത്തിന്റെയും വികലവായനകൾ അവർ കുട്ടികൾക്കു മുമ്പിൽ വയ്ക്കുന്നു. കേരളസമൂഹത്തിൽ ഇന്നു പൊതുവിലുള്ള പ്രതികരണവൈമുഖ്യം ഇക്കൂട്ടർക്കു വളമാകുന്നുണ്ട്. മൗനം ശീലമാക്കിയ ഒരു സമൂഹത്തിൽ വികലചരിത്രങ്ങൾ ക്രമേണ സ്ഥാപിതമാകുകയും അതു പുതുതലമുറയുടെ മനസ്സിലുറയ്ക്കുകയും ചെയ്യുന്നു. യുജീൻ ഐണസ്കോയുടെ റൈനോസേഴ്സ് എന്ന നാടകത്തിൽ പ്രതികരിക്കാതെ വായ്പൂട്ടി ജീവിക്കുന്ന ഒരു ജനത മുഴുവൻ കാണ്ടാമൃഗങ്ങളായിത്തീരുന്നതിനെക്കുറിച്ചു പറയുന്നുണ്ട്. ചരിത്രം തെറ്റിച്ചു വായിക്കുകയും പഠിക്കുകയും ചെയ്യുന്നവരിൽ മൃഗീയവാസനകളുണർന്നു മാനവികതയെയും സംസ്കാരത്തെയും അവർ ആക്രമിക്കുമെന്നു പറയുന്ന ഒരു നാടകമാണിത്.

എല്ലാ അവകാശങ്ങളും അതിന്റെ ഗുണഭോക്താക്കളുടെ മേൽ ഉത്തരവാദിത്വങ്ങളും ചുമത്തുന്നുണ്ട്. ഭരണഘടന നല്കുന്ന മതന്യൂനപക്ഷാവകാശങ്ങൾ ലഭിച്ചിട്ടുള്ള കേരളത്തിലെ ക്രൈസ്തവസഭ വിദ്യാഭ്യാസമേഖലയിൽ എല്ലാക്കാലത്തും വലിയ പിന്തുണ നൽകിപ്പോന്നിട്ടുണ്ട്. യഥാർത്ഥത്തിൽ സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ കേരളീയർക്ക് അക്ഷരവെളിച്ചത്തിന്റെ ശോഭ പകർന്നുനല്കിയ ഒരു സമുദായമാണ് കേരളക്രൈസ്തവർ. പള്ളികളോടു ചേർന്ന് അക്ഷരം പഠിപ്പിക്കുന്ന പള്ളിക്കൂടങ്ങൾ തീർക്കണമെന്ന് കർശന നിർദ്ദേശം ഇടവകകൾക്കു നല്കിയത് വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചനാണ് (1805-1871). മാന്നാനത്തും ആർപ്പൂക്കരയിലും അദ്ദേഹം ആരംഭിച്ച പള്ളിക്കൂടങ്ങളിൽ നിർധനരായ കുട്ടികൾക്കു സൗജന്യ ഉച്ചഭക്ഷണം നല്കിയാണ് അക്കാലത്തു പഠിപ്പിച്ചിരുന്നത്. ജാതിചിന്തകളെ വകഞ്ഞുമാറ്റിക്കളഞ്ഞ് പഞ്ഞം കിടക്കുന്ന വയറുകൾക്ക് അന്നവും അക്ഷരവും നല്കിയവയാണ് പള്ളിക്കൂടങ്ങൾ.

ചരിത്രം പുനർവായനകൾക്കു വിധേയമാകേണ്ടതുണ്ട്. കാലം തമസ്കരിച്ച സത്യങ്ങൾ തേടിയുള്ളതാണ് യഥാർത്ഥ പുനർവായനകൾ. ചരിത്രരചയിതാക്കളുടെ ഭാഗികവർണനകൾക്കപ്പുറമുള്ള യഥാർത്ഥ ചിത്രം ലക്ഷ്യം വയ്ക്കുന്നവയായിരിക്കണം അവ. എന്നാൽ, രാഷ്ട്രീയചായ്‌വോടുകൂടിയ ചരിത്രവായനകൾ അപകടകരമാണ്. അവിടെ ചരിത്രപഠനമോ ചരിത്രത്തിന്റെ പുനർവായനയോ നടക്കുന്നില്ല. പകരം, ചരിത്രം ആക്രമിക്കപ്പെടുകയാണ്. സംഘടിതമായ ആക്രമണമാണിത്.

കേരളത്തിന്റെ നാളത്തെ തലമുറയുടെ വൈജ്ഞാനികമണ്ഡലത്തെയാണ് വികലമായ പാഠപുസ്തകങ്ങൾ ആക്രമിക്കുന്നത്. മാപ്പർഹിക്കാത്ത ഒരു തെറ്റാണ് തങ്ങൾ ചെയ്തുവയ്ക്കുന്നതെന്ന് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർ ഒരുകാലത്തും തിരിച്ചറിയാനും പോകുന്നില്ല. വളർന്നുവരുന്ന പുതുതലമുറയെ ബാധിക്കുന്നതും അബദ്ധജഡിലവുമായ അനേകം കാര്യങ്ങൾ കുത്തിനിറച്ചതും പാഠപുസ്തകങ്ങളെ കേരളത്തിലെ ക്രൈസ്തവസമൂഹം ഇന്ന് ഏറെ ആശങ്കയോടെയാണു വീക്ഷിക്കുന്നതും അതിനെതിരേ പ്രതികരിക്കുന്നതും.

പാഠപുസ്തകങ്ങളെ കാലാനുസൃതമായി പരിഷ്കരിക്കുമ്പോൾ സത്യത്തിന്റെ മുഖം വികൃതമാക്കരുത്. ലോകചരിത്രത്തെക്കുറിച്ചും മാനവികസംസ്കാരത്തെക്കുറിച്ചും അറിവുകൾ പകരുന്നതാകണം നമ്മുടെ പാഠ്യപദ്ധതി. ഒരു രാജ്യത്തിന്റെ അതിർത്തിയിൽ മാത്രമായി ഒതുങ്ങി ജീവിക്കുന്നവരല്ല ഇന്നത്തെ തലമുറ. വിദ്യാഭ്യാസം, തൊഴിൽ, മെച്ചപ്പെട്ട ജീവിതസാഹചര്യം എന്നിവ തേടി നാടുകൾ മാറിമാറി സഞ്ചരിക്കുന്നു, ഒഴുകിനീങ്ങു തലമുറയാണിത് (ഫ്ളോട്ടിങ് ജനറേഷൻ). അവർക്കു വ്യക്തമായ ദേശീയ അന്തർദേശീയ കാഴ്ചപ്പാടുകൾ കൃത്യമായി പകരുന്ന പാഠ്യപദ്ധതി ഉണ്ടാകണം. ഇതു കാലത്തിന്റെ ആവശ്യമാണ്.

**ചരിത്രപാഠങ്ങളിൽ വിള്ളൽ വീഴുമ്പോൾ**

പാഠപുസ്തകപരിഷ്കരണത്തിൽ ഏറ്റവുമധികം ശ്രദ്ധിക്കേണ്ടത് ചരിത്ര യാഥാർഥ്യങ്ങളുടെ വിവരണങ്ങളും സത്യസന്ധമായ അവതരണവുമാണ്. എന്നാൽ, മതേതര കാഴ്ചപ്പാടുകൾ പാടേ

അവഗണിച്ചുള്ള ചരിത്രരചനകളാണ് ഏഴാം സ്റ്റാൻഡേർഡിലെയും പ്ലസ് വണ്ണിലെയും ചരിത്രപുസ്തകങ്ങളിൽ കാണാൻ കഴിയുന്നത്.

പ്ലസ് വൺ ചരിത്രപുസ്തകത്തിലെ 'എഴുത്തും നഗരജീവിതവും' (Writing and City Life) എ അധ്യായത്തിൽ (ഭാഗം 01, പ്രമേയം 02, പേജ് 31) മെസൊപ്പൊട്ടേമിയയിൽ അറമായ ഭാഷ പ്രചരിച്ചതിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. 'ബി.സി.ഇ. 1400 മുതൽ അറമായ ഭാഷയും (മെസൊപ്പൊട്ടേമിയയിലേക്കു) കടന്നുവന്നു. ഹീബ്രു ഭാഷയ്ക്കു സമാനമായ ഈ ഭാഷ ബി.സി.ഇ 1000 നു ശേഷം വ്യാപകമായി ഉപയോഗിക്കപ്പെട്ടു. ഇറാഖിന്റെ ചില ഭാഗങ്ങളിൽ ഈ ഭാഷ ഇപ്പോഴും സംസാരിക്കുന്നുണ്ട് എന്ന് ഈ പാഠം പറയുന്നു.

ഒരു സെമറ്റിക് ഭാഷയാണ് ആരാമെയ്ക്/അറമായ. അശോകന്റെ കൊത്തുലിഖിതങ്ങളിൽ ഇതുപയോഗിച്ചിട്ടുണ്ട്. കോടിക്കണക്കിനു ക്രൈസ്തവവിശ്വാസികളുടെ ആരാധ്യനായ ഈശോമിശിഹായുടെ സംസാരഭാഷയാണ് അറമായ എന്നുകൂടി എഴുതാൻ ഗ്രന്ഥകാരൻ (മനഃപൂർവം) മറന്നു. ചരിത്രമെഴുതുമ്പോൾ അതിന്റെ നിഷ്പക്ഷതയ്ക്ക് ഈ വിവരമൊരു മുതൽക്കൂട്ടാവുമായിരുന്നു.

എല്ലാ മതങ്ങളുടെയും ഉയർച്ച, വിശ്വാസം, സമുദായം, രാഷ്ട്രീയം ഇവയൊക്കെ തുല്യമായി വിശദീകരിക്കാതെ ഇസ്ലാമിനെക്കുറിച്ചുമാത്രം ഈ പാഠപുസ്തകം വാചാലമാകുന്നതു നിഷ്പക്ഷ ചിന്തകരുടെ മനസ്സിൽ സംശയങ്ങൾ ജനിപ്പിച്ചില്ലെങ്കിലേ അദ്ഭുതമുള്ളൂ. ഹൈന്ദവ, ക്രൈസ്തവമതങ്ങളുടെ ലോകചരിത്രത്തിലെ സംഭാവനകളും പുതുതലമുറ പഠിക്കേണ്ടതില്ലേ? മക്കയും മദീനയും പോലെതന്നെ അയോധ്യയും മഥുരയും ജെറുസലേമും വത്തിക്കാനും പഠനവിഷയമാകണം. ഖലീഫാമാരെയും ഉമവിയ്യകളെയും കുറിച്ചു വർണിക്കുന്ന (ഭാഗം 02, പ്രമേയം 04) ചരിത്രപുസ്തകം മറ്റു മതശ്രേഷ്ഠരെക്കുറിച്ചു മൗനം അവലംബിക്കരുത്. ചരിത്രപാഠങ്ങൾ സത്യസന്ധമായ വിശദീകരണം അടങ്ങുന്നവയായിരിക്കണം. ആനുപാതികമായ തോതിൽ വിശദീകരണങ്ങൾ നല്കുന്നില്ലെങ്കിൽ ചരിത്രഗ്രന്ഥവും ചരിത്രകാരനും പക്ഷംകൂടി എന്നുതന്നെ പറയേണ്ടിവരും. മതനിരപേക്ഷത നൂറുവട്ടം പറയുന്നവർ നിയോഗിക്കുന്ന പാഠപുസ്തകരൂപീകരണക്കമ്മിറ്റികൾ പക്ഷം പിടിക്കാൻ തുടങ്ങിയത് എന്നുമുതലാണ്?

**ക്രൈസ്തവവിശ്വാസത്തിനെതിരായ വെല്ലുവിളികൾ**

ചരിത്രപുസ്തകത്തിലെ മെസൊപ്പൊട്ടേമിയൻ സംസ്കാരത്തെക്കുറിച്ചു വർണിക്കുന്ന പാഠഭാഗം പലപ്പോഴും ക്രൈസ്തവമത ഗ്രന്ഥമായ വി. ബൈബിളിന്റെ വാസ്തവികതയെ ചോദ്യം ചെയ്യാനുള്ള വേദിയായിത്തീരുന്നുണ്ട്.

'ഈ പ്രദേശത്ത് (മെസൊപ്പൊട്ടേമിയയിലെ ഷിമാർ/ സുമേർ എന്ന നഗരത്തിൽ) പുരാവസ്തു ഉൽഖനനം ആരംഭിച്ചപ്പോൾ പഴയ നിയമത്തിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ അക്ഷരാർഥത്തിൽ സത്യമല്ലെന്നു തെളിയിക്കാനുള്ള ശ്രമവും ഉണ്ടായി. 1873 ൽ ഒരു ബ്രിട്ടീഷ് വർത്തമാനപത്രത്തിനു ബൈബിളിലെ പ്രളയകഥയെക്കുറിച്ചു വിവരിക്കുന്ന ഫലകം അന്വേഷിച്ചു പര്യവേക്ഷണം നടത്താൻ ബ്രിട്ടീഷ് മ്യൂസിയത്തിൽനിന്നു സാമ്പത്തികസഹായം നൽകുകയുണ്ടായി. തുടർന്ന്, പാഠഭാഗം രേഖപ്പെടുത്തുന്നു: 'പഴയനിയമത്തിലെ കഥകൾ അക്ഷരാർത്ഥത്തിൽ എടുക്കേണ്ടവയല്ലെന്നും ചരിത്രത്തിലെ സുപ്രധാന മാറ്റങ്ങളെ സംബന്ധിച്ച ഓർമ്മകളുടെ പ്രകാശനമാർഗമായിരുന്നിരിക്കാം അവയെന്നും 1960 കളോടെ വ്യക്തമായി.' (ഭാഗം 01, പ്രമേയം 02, പേജ് 32) ഈ നിഗമനം വളരെ വലിയ പ്രത്യാഘാതങ്ങളുള്ളതാണ്.

ബൈബിൾ ചരിത്രപരമായ മാനംകൂടിയുള്ള ഗ്രന്ഥമാണ്. അതുകൊണ്ടുതന്നെ പുരാവസ്തുപഠനങ്ങളും ബൈബിളിനെക്കുറിച്ചു നടന്നിട്ടുണ്ട്. അതു യഹൂദജനതയെക്കുറിച്ചും അവർ സഞ്ചരിച്ച വഴികളെക്കുറിച്ചും അവർ പാർത്ത നാടുകളെക്കുറിച്ചുമുള്ള നേർച്ചിത്രങ്ങൾ നല്കിയിട്ടുമുണ്ട്. ഉത്പത്തിപ്പുസ്തകത്തിലെ ആദ്യ പത്ത് അധ്യായങ്ങളെ ചരിത്രാതീതചരിത്രം എന്നാണു വിളിക്കുന്നത്. ചരിത്രരചനയ്ക്കും ഒരു പശ്ചാത്തലം ആവശ്യമാണ്. അങ്ങനെ രക്ഷാകരചരിത്രത്തിന്റെ പശ്ചാത്തലമായി നിലകൊള്ളുന്ന ഭാഗമാണ് ഉത്പത്തിപ്പുസ്തകത്തിലെ ആദ്യ പത്ത് അധ്യായങ്ങൾ.

'പഴയനിയമത്തിലെ കഥകൾ അക്ഷരാർത്ഥത്തിൽ എടുക്കേണ്ടവയല്ലെന്നു' പറയുന്ന വാക്യത്തിൽ പഴയനിയമം മുഴുവൻ കഥകളാണ് എന്നൊരു ധ്വനിയുണ്ട്. അങ്ങനെയെങ്കിൽ പഴയ നിയമത്തിലെ ജറുസലേം നഗരത്തിൽ ഇന്നും തെളിവുകളായി

അവശേഷിക്കുന്ന പുരാതന യഹൂദദേവാലയത്തിന്റെ കെട്ടിടഭാഗങ്ങളെക്കുറിച്ച് ഗ്രന്ഥകാരൻ എന്തു പറയും? ബൈബിളിലെ പഴയനിയമം ചരിത്രപരമല്ലെന്നു പറയാൻ ഗ്രന്ഥകാരൻ കാണിക്കുന്ന തിടുക്കം അപകടകരമാണ്. അതു പ്ലസ് വൺ ക്ലാസിലെ കുട്ടികൾക്കാവുമ്പോൾ അപകടം വലുതാണ്.

'പഴയനിയമകഥകൾ' എന്നൊരു പരമാർശത്തിൽ അതൊരു കഥാഗ്രന്ഥമാണെന്ന വ്യംഗ്യവുമുണ്ട്. ഒരു വസ്തുത ചരിത്രമാണോ എന്നറിയുന്നതിന് ചരിത്രകാരന്മാർ ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ എത്രയെല്ലാമുണ്ട്. അതിലെ ഏതു മാനദണ്ഡമാണ് ഇവിടെ ഗ്രന്ഥകാരൻ ഉപയോഗിച്ചത്? പുരാവസ്തുഗവേഷണം, കാലാനുക്രമം (Chronology), ചരിത്രപരമായ വിശ്വസനീയതെളിവുകൾ (Historical Evidence), നാണയങ്ങൾ, തീയതികൾ, ശാസ്ത്രീയ തെളിവുകളും പരീക്ഷണങ്ങളും ഇങ്ങനെയുള്ള ഏതെങ്കിലും മാർഗ്ഗത്തിലൂടെയാണോ പാഠപുസ്തകക്കമ്മിറ്റി രണ്ടായിരം വർഷമായി ക്രിസ്തുമതം സത്യസന്ധമായി പഠിപ്പിക്കുന്ന വസ്തുതകൾ 'അക്ഷരാർത്ഥത്തിൽ എടുക്കേണ്ടവയല്ലെന്നു വ്യക്തമായി' എന്ന് കൃത്യമായി എഴുതുന്നത്? ചരിത്രപരമായി എന്തുകൊണ്ട് ബി.സി. എന്നും എ.ഡി. എന്നും ലോകചരിത്രത്തെ രണ്ടായി വിഭജിച്ചിരിക്കുന്നു എന്നുകൂടി ഈ ചരിത്രകാരൻ രേഖപ്പെടുത്തേണ്ടതില്ലേ? വിഡ്ഢിത്തമാണ് പാഠപുസ്തകത്തിലൂടെ കേരള സർക്കാർ പൊതുവിദ്യാഭ്യാസവകുപ്പും കേരളസംസ്ഥാന വിദ്യാഭ്യാസഗവേഷണ പരിശീലനസമിതിയും കുട്ടികളെ പഠിപ്പിക്കുന്നത് എന്നതിനു വ്യക്തമായ തെളിവല്ലേയിത്? പഴയനിയമത്തിൽ പറഞ്ഞിരിക്കുന്ന വ്യക്തികളുടെ കല്ലറകളും വീടുകളും കൊട്ടാരങ്ങളും പൂന്തോട്ടങ്ങളും റോഡുകളും അവയുടെ ചരിത്രവും ഇസ്രായേൽ, ഈജിപ്ത്, ജോർദാൻ എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള പതിനായിരക്കണക്കിനു ക്രിസ്ത്യാനികൾ നേരിട്ടു കണ്ടു മനസ്സിലാക്കിയിട്ടുണ്ട്. അക്കാലത്തെ കൊട്ടാരങ്ങളുടെയും വീടുകളുടെയും ജെറുസലേം ദേവാലയത്തിന്റെയുംതന്നെ അവശിഷ്ടങ്ങൾ ആർക്കും കണ്ടു പരിശോധിക്കാവുന്ന സ്മാരകങ്ങളായി ഇന്നും അവിടെ നിലകൊള്ളുന്നു. അന്നാട്ടിലെ ഗവണ്മെന്റുകൾ ആ ചരിത്രശേഷിപ്പുകൾ ജാഗ്രതയോടെ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്.

## കുരിശുയുദ്ധങ്ങളുടെ ഭാഗികചിത്രീകരണങ്ങൾ

കുരിശുയുദ്ധങ്ങളെക്കുറിച്ചു പരാമർശിക്കുന്ന ഭാഗം സൂക്ഷ്മവിശകലനത്തിനു വിധേയമാക്കുമ്പോൾ കേരളസംസ്ഥാന വിദ്യാഭ്യാസഗവേഷണ പരിശീലനസമിതിയുടെ അജണ്ട വ്യക്തമാകും. ആദ്യഖണ്ഡിക കുരിശുയുദ്ധത്തിന്റെ യഥാർത്ഥ പശ്ചാത്തലം മൂടിവയ്ക്കാനുള്ള ദയനീയശ്രമമാണ്. ഇസ്ലാം അധിനിവേശത്തിന്റെ ഫലമായി ക്രൈസ്തവലോകത്തിനു നഷ്ടമായ ജറുസലേം ഉൾപ്പെടെയുള്ള വിശുദ്ധസ്ഥലങ്ങളെ തിരികെപ്പിടിക്കാനുള്ള പടപ്പുറപ്പാടിനെയാണ് കുരിശുയുദ്ധം എന്നു വിളിക്കുന്നത്. കുരിശുയുദ്ധത്തെക്കുറിച്ചു പറയണമെങ്കിൽ ആദ്യം ഇസ്ലാം അധിനിവേശത്തെക്കുറിച്ചു സംസാരിക്കണം. ഇതാണു കാലാനുക്രമമായ ആഖ്യാനം. ഇതിനു ഗ്രന്ഥകർത്താക്കൾ തയ്യാറല്ലെങ്കിൽ വളച്ചുകെട്ടി അവതരിപ്പിക്കുക എന്നൊരു മാർഗ്ഗം മാത്രമേ അവശേഷിക്കുന്നുള്ളൂ. കുരിശുയുദ്ധത്തെക്കുറിച്ചുള്ള ആദ്യഖണ്ഡികയിലെ വാക്യങ്ങളോരോന്നും താഴെ എണ്ണമിട്ടുപറയുകയാണ് (ഭാഗം 02, പ്രമേയം 04, പേജ് 95):

1. ക്രിസ്ത്യാനികൾക്ക് അവരുടേതായ വി. ഗ്രന്ഥം ഉള്ളതുകൊണ്ട് മധ്യകാല ഇസ്ലാമികസമൂഹങ്ങൾ, ക്രിസ്ത്യാനികളെ ഗ്രന്ഥത്തിന്റെ ജനതയായി കരുതിയിരുന്നു.
2. കച്ചവടക്കാർ, തീർത്ഥാടകർ, സ്ഥാനപതികൾ, സഞ്ചാരികൾ തുടങ്ങിയ നിലകളിൽ മുസ്ലീം രാഷ്ട്രങ്ങളിൽ എത്തിയിരുന്ന ക്രിസ്ത്യാനികൾക്ക് പ്രവർത്തനസുരക്ഷ നൽകപ്പെട്ടിരുന്നു.
3. ഒരിക്കൽ ബൈസന്റൈൻ സാമ്രാജ്യത്തിന്റെ കൈവശമായിരുന്ന പ്രദേശങ്ങളും പ്രത്യേകിച്ച്, വിശുദ്ധ ഭൂമിയായ പാലസ്തീനും ഈ സ്ഥലങ്ങളിൽ ഉൾപ്പെട്ടിരുന്നു.
4. 638 ൽ അറബികൾ ജറുസലേം കീഴടക്കി.
5. പക്ഷേ, ഇവിടം ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ കുരിശുമരണവും പുനരുത്ഥാനവും നടന്ന സ്ഥലമായിരുന്നു.
6. യൂറോപ്പിലെ ക്രിസ്ത്യാനികൾക്ക് മുസ്ലീങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിൽ ഇത് ഒരു പ്രധാനഘടകമായിരുന്നു.

ചുരുക്കത്തിൽ, സാമാന്യയുക്തിക്കു നിരക്കുന്ന ന്യായവാദമല്ല ഈ ഖണ്ഡികയിൽ എഴുതിച്ചേർത്തിരിക്കുത്. ഇസ്ലാം അധിനിവേശം എന്ന ചരിത്രവസ്തുതയെ കുഴിച്ചിടാനുള്ള പെടാപ്പാടാണ് മുകളിൽ കൊടുത്തിരിക്കുന്ന ആറു വാക്യങ്ങളിലുള്ളത്. ആർക്കും ഒന്നും മനസ്സിലാകരുതെന്ന വാശി പാഠപുസ്തകക്കമ്മറ്റിക്കാർക്കുള്ളതുപോലെ!

'മൂന്നു വിഭാഗങ്ങൾ' (ഭാഗം 03, പ്രമേയം 06) എന്ന മൂന്നാം ഭാഗത്തിലും ക്രൈസ്തവസഭയെ ആക്ഷേപിക്കാനുള്ള ശ്രമമാണ് പാഠപുസ്തകക്കമ്മിറ്റി നടത്തുന്നത്. 'പള്ളി നടത്തുന്ന പല മതകർമ്മങ്ങളിലും ഫ്യൂഡൽ വരേണ്യവർഗത്തിന്റെ പല ആചാരങ്ങളും പകർത്തിയിട്ടുണ്ട്. മുട്ടുകുത്തി, കൈകൂപ്പി, തലകുനിച്ചുള്ള പ്രാർത്ഥനാരീതിക്ക് യോദ്ധാക്കൾക്ക് (knights) തങ്ങളുടെ പ്രഭുവിനോടു വിധേയത്വം പ്രകടിപ്പിക്കുമ്പോഴുള്ള ആചാരരീതിയുമായി ബന്ധമുണ്ട്' (പേജ് 150). ഈ വിവരണം ഒരു കൗമാരപ്രായത്തിലുള്ള ക്രൈസ്തവന്റെ മനസ്സിൽ തന്റെ മതത്തെക്കുറിച്ചും മതാചാരങ്ങളെക്കുറിച്ചും വികലമായ ചിത്രങ്ങൾ വരച്ചിടാനേ ഉപകരിക്കൂ. പാഠപുസ്തകക്കമ്മിറ്റിയിലുള്ള മതനിരാസനത്തിന്റെ പ്രയോക്താക്കൾ ലക്ഷ്യംവയ്ക്കുന്നതും അതുതന്നെയാണ്. ഇങ്ങനെയുള്ള ഒരു വാചകം എഴുതുന്നതിനുമുമ്പ് വി. ബൈബിൾ ഒരു തവണയെങ്കിലും വായിച്ചിരുന്നെങ്കിൽ പഴയനിയമകാലഘട്ടംമുതൽ ഈ ശാരീരിക സ്ഥിതികൾ യഹൂദ-ക്രൈസ്തവ പ്രാർത്ഥനയുടെ ഭാഗമായിരുന്നുവെന്നു മനസ്സിലാക്കാമായിരുന്നു. സോളമൻ പ്രാർത്ഥിക്കുന്നതു കൈകൾ ആകാശത്തിലേക്കുയർത്തി മുട്ടുകുത്തിയാണ് (1 രാജാ. 8:54). സോളമൻ ഇസ്രായേലിന്റെ രാജാവാണ്. രാജാവുതന്നെയും പ്രാർത്ഥിക്കുമ്പോൾ മുട്ടുകുത്തിയെന്നാണു പറഞ്ഞിരിക്കുത്. ക്രിസ്തുവിനുമുമ്പ് പത്താം നൂറ്റാണ്ടിൽ ജീവിച്ച ചരിത്രവ്യക്തിയായ സോളമൻ മുട്ടുകുത്തി പ്രാർത്ഥിക്കാൻ പഠിച്ചത് ഫ്രഞ്ചു ഫ്യൂഡൽ പ്രഭുക്കന്മാരുടെ സ്വാധീനത്തിലായിരുന്നുവെന്ന് ഈ ചരിത്രപാഠപുസ്തകത്തിൽ എഴുതാതിരുന്നതിനു പാഠപുസ്തകക്കമ്മിറ്റിയെ അഭിനന്ദിച്ചാലും തരക്കേടില്ലെന്നു തോന്നുന്നു! മുട്ടുകുത്തി, കൈകൂപ്പി, തലകുനിച്ചുള്ള പ്രാർത്ഥനാരീതിക്കു ക്രൈസ്തവലോകം യഥാർത്ഥത്തിൽ കടപ്പെട്ടിരിക്കുന്നത് യഹൂദലോകത്തോടാണ്.

നീറോയുടെയും ഡയോക്ലീഷന്റെയും ഭീകരമതമർദ്ദനങ്ങളുടെ കാലത്ത് വിശ്വാസം മാത്രം മുറുകെപ്പിടിച്ചു കടന്നുപോയ രക്തസാക്ഷികളുടെ വലിയ നിരയുള്ള ക്രൈസ്തവസഭയെക്കുറിച്ച് ഒരു വാക്കുപോലും പറയാതെ ഫ്രഞ്ചുസമൂഹത്തിലെ ഏറ്റവും വലിയ ഭൂവുടമ സഭയായിരുന്നുവെന്നുമാത്രം ഊന്നിപ്പറയുന്ന ഈ പാഠത്തിന്റെ സാംഗത്യമെന്താണ്? ദൈവത്തെ പ്രഭോ എന്ന് അഭിസംബോധന ചെയ്തതും ഫ്യൂഡലിസത്തിന്റെ ഭാഗമായിട്ടാണെന്നു പറയുന്നത് പാഠപുസ്തകക്കമ്മറ്റിയുടെ തികഞ്ഞ അജ്ഞതയെയാണു ചൂണ്ടിക്കാണിക്കുന്നത് (പേജ് 150). യാഹ്‌വേ എന്ന ദൈവനാമം ഉച്ചരിക്കാതെ പകരം യഹൂദർ തങ്ങളുടെ മതഗ്രന്ഥം വായിക്കുമ്പോൾ അദൊനായി എന്നാണ് ദൈവത്തെ സംബോധന ചെയ്തിരുന്നത്. അദൊനായി എന്ന പദത്തിന്റെ അർത്ഥം കർത്താവ്, നാഥൻ, പ്രഭു (Lord) എന്നൊക്കെയാണ്. ചുരുക്കത്തിൽ, ക്രൈസ്തവസഭയെ ഫ്യൂഡൽ ലോകത്തു കൊണ്ടുപോയി കുറ്റിയടിച്ചു കെട്ടിയിടാനാണ് പാഠപുസ്തകക്കമ്മിറ്റി ശ്രമിക്കുന്നത്. ഫ്യൂഡലിസം നാമാവശേഷമായി; എന്നാൽ, ദൈവത്തിന്റെ സഭ ഇന്നും നിലനിൽക്കുന്നു.

**സ്ത്രീശക്തീകരണപാഠങ്ങളിലെ ഒളിയമ്പുകൾ**

'സ്ത്രീകളുടെ ആഗ്രഹങ്ങൾ' (ഭാഗം 03, പ്രമേയം 07, പേജ് 176) എന്ന ഭാഗത്തു മതിയായ സ്ത്രീധനം കണ്ടെത്താൻ കഴിയാതെ വന്നത് ചിലരെ സന്ന്യാസജീവിതത്തിലേക്കെത്തിച്ചു എന്നൊരു വാചകം തിരുകിക്കയറ്റിയിട്ടുണ്ട്. ദാരിദ്ര്യത്തെ ഭയന്നല്ല സ്ത്രീകളും പുരുഷന്മാരും സന്ന്യാസം സ്വീകരിച്ചത്. പ്രഭുകുമാരന്മാരും പ്രഭുകുമാരികളും സന്ന്യാസം പുൽകിയിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിലെ വി. ഫ്രാൻസിസ് അസീസ്സിയും വി. ക്ലാരയും പ്രഭുകുടുംബത്തിൽ നിന്നുള്ളവരായിരുന്നു. ആവിലായിലെ വി. ത്രേസ്യാ, വി. കൊച്ചുത്രേസ്യാ ഇവരൊക്കെ ഈ ജീവിതം തിരഞ്ഞെടുത്തതിന്റെ ലക്ഷ്യങ്ങൾ പക്ഷപാതമില്ലാതെ വിലയിരുത്തിയാൽ ക്രൈസ്തവ സന്ന്യാസപാരമ്പര്യങ്ങളിലെ തിളക്കമാർന്ന കാര്യങ്ങൾ ആർക്കും വ്യക്തമാകും. എന്തിന്, അകലങ്ങളിൽ പോകുന്നു. തന്റെ ത്യാഗജീവിതത്തിലൂടെ ഭാരതത്തിലെ ആദ്യ വിശുദ്ധയായ ഭരണങ്ങാനത്തെ അൽഫോൻസാമ്മയും, ലോകം മുഴുവൻ ആദരിച്ചിരുന്ന

കൽക്കത്തയിലെ വി. മദർ തെരേസായും നമ്മുടെ കൺമുമ്പിൽ ജീവിച്ച സജീവസാക്ഷ്യങ്ങളാണ്. പണമില്ലാഞ്ഞിട്ടല്ല, പഞ്ഞംമൂലമല്ല ഇവരൊക്കെ സന്ന്യാസജീവിതം സ്വീകരിച്ചത്.

**ഹഗിയ സോഫിയയുടെ വിസ്മൃതചരിത്രം**

ഏഴാം ക്ലാസിലെ സാമൂഹികശാസ്ത്രം ഭാഗം ഒന്നിൽ 'യൂറോപ്പ് പരിവർത്തനപാതയിൽ' എന്നു തുടങ്ങുന്ന അധ്യായം ആരംഭിക്കുന്നത് ഹഗിയ സോഫിയയെക്കുറിച്ചു പരാമർശിച്ചു കൊണ്ടാണ്. എന്നാൽ, ഹഗിയ സോഫിയ കേവലമൊരു മ്യൂസിയം മാത്രമാണെന്നു പറയുന്നിടത്ത് ചരിത്രസത്യത്തോടു നാം പുറം തിരിഞ്ഞു നിൽക്കുകയാണ്. ഹഗിയ സോഫിയയ്ക്ക് ഒരു ചരിത്ര മുണ്ട്. ബൈസന്റയിൻ രാജാവായിരുന്ന ജസ്റ്റീനിയൻ ഒന്നാമൻ ആറാം നൂറ്റാണ്ടിൽ പണിതീർത്ത കോസ്റ്റാന്റിനോപ്പിളിലെ മനോഹരമായ ക്രിസ്ത്യൻ ദൈവാലയമായിരുന്നു അത്. പിന്നീട് ഇസ്ലാം അധിനിവേശത്തിൽ 1453 ൽ ക്രൈസ്തവലോകത്തിന് അതു നഷ്ടപ്പെട്ടു. തങ്ങൾ പിടിച്ചടക്കിയ ഈ ക്രൈസ്തവദേവലയം ഇസ്ലാം വിശ്വാസികൾ 1934 വരെ മോസ്കായി ഉപയോഗിച്ചു. 1935 ൽ അത് ഒരു മ്യൂസിയമായി മാറ്റി. ശേഷം 2020 ൽ തുർക്കി പ്രസിഡന്റായ എർദ്ദോഗൻ അതു വീണ്ടും മോസ്കാക്കി മാറ്റി. ഇതാണ് ഹഗിയാ സോഫിയയുടെ ചരിത്രം. ഇതിൽനിന്ന് ഏതു വിവരം ഉൾച്ചേർക്കാൻ വിട്ടുപോയാലും അതു ചരിത്രമാകുന്നില്ല. പകരം ഭാഗികചരിത്രമേ ആകുന്നുള്ളൂ. ഭാഗികചരിത്രവിവരണങ്ങൾ പലപ്പോഴും സുപ്രധാനവിവരങ്ങൾ മനഃപൂർവം തമസ്കരിക്കാറുണ്ട്. ചരിത്രം അർധസത്യങ്ങളല്ല. ചരിത്രപാഠത്തിന്റെ വിശ്വാസ്യത നിർണയിക്കുന്നത് അതിലടങ്ങിയിരിക്കുന്ന സത്യമാണ്. അസത്യം കൊണ്ടുള്ള ചരിത്രനിർമ്മിതികൾ നിരന്തരം ചോദ്യം ചെയ്യപ്പെടണം. വികലമായ ചരിത്രപാഠങ്ങൾ തിരുത്തുന്നതുവരെ നമ്മൾ ചോദ്യം ഉന്നയിക്കുകതന്നെ ചെയ്യും.

സങ്കുചിതമായ ചിന്തകളാണ് പാഠപുസ്തകരൂപീകരണ ത്തിലെ അനാവശ്യ കൈകടത്തലുകൾക്കു കാരണം. നവീനവും വിശാലവുമായ കാഴ്ചപ്പാടുകളോടെ നമ്മുടെ വിദ്യാഭ്യാസമേഖലയെ നാം സമീപിക്കേണ്ട കാലം കഴിഞ്ഞുപോയിട്ടുണ്ട്. കാതലായ മാറ്റങ്ങൾക്കു നമ്മുടെ പാഠ്യപദ്ധതി വഴിമാറിയെങ്കിൽ മാത്രമേ

ഇനിയുള്ള കാലം നമ്മുടെ വിദ്യാഭ്യാസവ്യവസ്ഥിതിക്കു നിലനിൽപ്പുള്ളൂ.

**1. പാഠ്യഭാഗമാക്കി മാറ്റേണ്ടതാണ് തൊഴിൽപഠനം**

വിദേശരാജ്യങ്ങളിൽ പഠനവും തൊഴിലും ഒന്നിച്ചു പോകുന്നു. തൊഴിൽ ചെയ്തു പഠിക്കാനുള്ള വിദേശീയരുടെ മനസ്സ് നമ്മുടെ കുട്ടികൾക്കും ഉണ്ടാകണം. തൊഴിലധിഷ്ഠിതവിദ്യാഭ്യാസം വിദ്യാർത്ഥികൾക്കു തൊഴിൽ ചെയ്യാനുള്ള നൈപുണ്യവും തൊഴിലിനെക്കുറിച്ച് അഭിമാനവും ജനിപ്പിക്കും. പഠനച്ചെലവു മാതാപിതാക്കൾതന്നെ മുഴുവൻ വഹിക്കണമെന്ന നമ്മുടെ നാടൻചിന്ത കാലഹരണപ്പെട്ടതാണ്. വിദേശത്തുപോകുന്ന നമ്മുടെ കുട്ടികൾ ജോലിചെയ്തു വിദ്യാഭ്യാസച്ചെലവും ജീവിതച്ചെലവും കണ്ടെത്തുന്നു. എന്തുകൊണ്ട് ആ സംസ്കാരം നമ്മുടെ നാട്ടിലും വളർത്തിയെടുക്കാൻ നാം തയ്യാറാകുന്നില്ല.

തൊഴിലവസരങ്ങൾ കേരളത്തിലുണ്ട്. പക്ഷേ, തൊഴിലിന്റെ മാഹാത്മ്യത്തെക്കുറിച്ച് നമ്മുടെ മനസ്സിൽ സംശയങ്ങൾ അവശേഷിക്കുന്നതുകൊണ്ട് തൊഴിലവസരങ്ങൾ നമ്മൾ പ്രയോജനപ്പെടുത്തുന്നില്ല. എല്ലാ തൊഴിലിനും മഹത്ത്വം കല്പ്പിച്ചു നല്കാൻ മലയാളിമനസ്സു തയ്യാറാകുന്നില്ല. മനുഷ്യന്റെ അധ്വാനത്തിന് ഒരേ മഹത്ത്വംതന്നെയാണെന്നു നാം തിരിച്ചറിയുന്നില്ല.

ഉയർന്ന ജോലികളെക്കുറിച്ചുമാത്രം നാം ക്ലാസ്സുമുറികളിൽ സംസാരിക്കുന്നു. അതിനുവേണ്ടി മാത്രം നാം പാഠ്യപദ്ധതി തയ്യാറാക്കുന്നു. അഭിരുചികൾക്കിണങ്ങുന്ന വിദ്യാഭ്യാസമോ കുട്ടികളുടെ അഭിരുചികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന വിദ്യാഭ്യാസ സംവിധാനമോ നമുക്കില്ല.

ഉന്നതമായതൊക്കെ വിദേശത്താണെന്ന ബോധം അപകർഷത കുട്ടികളുടെയുള്ളിൽ നാം സ്കൂൾ വിദ്യാഭ്യാസക്കാലുതന്നെ ഉറപ്പിക്കുന്നു. പിറന്ന വീടും നാടും സംസ്കാരവും അപകർഷതയുടെ ഭാഗമാകുന്നു. 'ഇതൊക്കെ വിദേശത്താണെങ്കിൽ' എന്നു പറഞ്ഞുതുടങ്ങുന്ന അതിശയോക്തികലർന്ന ചില വിവരണങ്ങൾകൂടിയാകുമ്പോൾ സ്വന്തം നാടിനെക്കുറിച്ചുള്ള അവമതി കുട്ടികളിൽ ജനിക്കും. എത്രയൊക്കെ നവീകരണങ്ങളും പരിഷ്കാര

ങ്ങളും വരുത്തിയിട്ടും നമ്മുടെ വിദ്യാഭ്യാസകാഴ്ചപ്പാടുകൾ ഒട്ടുംതന്നെ മുന്നോട്ടുപോയിട്ടില്ല. പലപ്പോഴും വിദേശവിദ്യാഭ്യാസ സംവിധാനങ്ങളുടെ തനിപ്പകർപ്പു സൃഷ്ടിക്കാനുള്ള വ്യഗ്രത യുമായാണ് നാം പാഠ്യപദ്ധതികളെ സമീപിക്കുന്നത്. അങ്ങനെയെ ങ്കിൽ നാട്ടിലെ പകർപ്പുപാഠ്യപദ്ധതിയിൽ പഠിക്കുന്നതിനേക്കാൾ വിദേശത്തെ യാഥാർത്ഥ പാഠ്യപദ്ധതിയിൽ പഠനമാകാമല്ലോയെന്നു കുട്ടികൾ സ്വാഭാവികമായും ചിന്തിക്കുന്നു. സ്കോളർഷിപ്പുകൾ ലഭ്യമാകുമെന്ന് ഉറപ്പാകുമ്പോൾ നമ്മുടെ സംസ്ഥാനത്തിലെ കുട്ടികൾ വിദേശത്തേക്കു നീങ്ങുന്നു. പ്ലസ് ടു കഴിയുമ്പോൾത്തന്നെ വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ കുടിയേറ്റം കേരളത്തിൽ ആരംഭിക്കുന്നു. കേരളസംസ്കാരം മാറണമെങ്കിൽ തൊഴിൽപഠനം പാഠപുസ്തകത്തിൽ ചേർത്താൽ മാത്രം പോരാ, തൊഴിലിനനു സൃതമായ വേതനം നമ്മൾ ഉറപ്പാക്കുകയും വേണം. തൊഴിലെടുത്ത മണിക്കൂറുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസച്ചെലവ് ഇളവുനല്കാനും സർക്കാരിനു സാധിക്കും. ഇച്ഛാശക്തിയുള്ള ഭരണാധികാരികളുണ്ടെങ്കിൽ കേരളത്തിൽ ഇവയെല്ലാം സാധ്യ മാകും.

**2. ഭാഷാപഠനം**

ത്രിഭാഷാപദ്ധതിയെ (പ്രാദേശികഭാഷ/മലയാളം-ഇംഗ്ലീഷ്-ഹിന്ദി) വലിയ സംശയത്തോടെയാണ് നാം ഇപ്പോൾ കാണുന്നത്. ഹിന്ദി അടിച്ചേല്പിക്കാനുള്ള കേന്ദ്രഗവൺമെന്റിന്റെ ശ്രമത്തെ ഭാരതത്തിന്റെ തെക്കുള്ള സംസ്ഥാനങ്ങൾ ഏകസ്വരത്തിൽ എതിർ ക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള തൊഴിലവസരങ്ങളിൽ ഹിന്ദിഭാഷാപ്രാവീണ്യം നിർബന്ധമാക്കുമെന്ന വാർത്ത പല തൊഴിൽ അന്വേഷകരുടെയും പ്രതീക്ഷകൾക്കു മീതെ കരിനിഴൽ വീഴ്ത്തിയിട്ടുണ്ട്. യാതൊരു വിവാദത്തിനും ഇടംകൊടുക്കാത്ത ത്രിഭാഷാപദ്ധതി കേരളത്തിലുണ്ട്. സുഗമമായി നടന്നുകൊണ്ടിരുന്ന ഇക്കാര്യം എത്രവേഗം ഒരു വിവാദവിഷയമായിത്തീർന്നു. ക്രിയാത്മ കതയില്ലാത്തതും ദീർഘവീക്ഷണമില്ലാത്തതും സങ്കുചിതമായി മാത്രം ചിന്തിക്കുന്നതുമായ ഒരു രാഷ്ട്രീയവ്യവസ്ഥിതിയിൽ ഇതൊന്നും ഒരു അദ്ഭുതമാകുന്നില്ല.

മലയാളഭാഷാപഠനത്തിന് നാം വലിയ പ്രാധാന്യം കൊടുക്കണം. മലയാളം വായിക്കാനും എഴുതാനും സാധിക്കുന്ന വിദ്യാർത്ഥികളെ രൂപപ്പെടുത്തണം. നമ്മുടെ മാതൃഭാഷയുടെ ഗരിമ നാം വീണ്ടെടുക്കണം. കാലാകാലങ്ങളായി വിവാദമില്ലാതെ നാം പിന്തുടരുന്ന ത്രിഭാഷാ പാഠ്യപദ്ധതി കൂടുതൽ കാര്യക്ഷമമാക്കണം. വിദേശരാജ്യങ്ങളിലേക്കു വിദ്യാർഥികൾ ധാരാളം പോകുന്നതിനാൽ സ്കൂളുകളിൽ കൃത്യമായ ഇംഗ്ലീഷ് പഠനത്തിനുള്ള സാഹചര്യവും നാം ഒരുക്കണം. ഭാഷകൾ പഠിപ്പിക്കുന്നതിനു സ്കൂളുകളിൽ ഭാഷാധ്യാപകരെ നിയമിക്കുകയും അവരെ പ്രത്യേകം ചുമതലപ്പെടുത്തുകയും വേണം. ഗൃഹഭാഷയായ മലയാളത്തോടൊപ്പം ഡിജിറ്റൽ ഭാഷാ പഠനവും സ്കൂളുകളിൽ കാര്യക്ഷമമാക്കണം. ഇതിനു പ്രാവീണ്യമുള്ളവരെത്തന്നെ വേണം ചുമതലപ്പെടുത്താൻ.

**3. കായികപരിശീലനം**

ഇന്ന് നമ്മുടെ മിക്ക സ്കൂളുകളിലും കായികാധ്യാപകർ ഇല്ല. പിരിമുറുക്കവും വിഷാദവും ബാല്യകൗമാരങ്ങളെ വേട്ടയാടുന്നുണ്ട്. ഈ സ്ഥിതിവിശേഷങ്ങൾ കളിക്കളങ്ങളിൽ പണ്ട് പരിഹരിക്കപ്പെട്ടിരുന്നു. എന്നാൽ, കളിമുടങ്ങിയ കുട്ടികൾ ഇന്ന് ആശുപത്രികളിൽ കയറിയിറങ്ങുന്നു. ഡിജിറ്റൽ കളികൾ മാത്രം ആസ്വദിക്കുന്ന കുട്ടികൾക്കു സ്കൂൾ കളിക്കളങ്ങൾ പരിചയപ്പെടുത്താൻ കായികാധ്യാപകരില്ല എന്നതാണ് സത്യം. യോഗയും കായികപരിശീലനവും കുട്ടികൾക്കു നൽകാൻ കായികാധ്യാപകരെ നിയമിക്കണം. അധ്യാപകനിയമനങ്ങൾ നിഷേധിച്ചും വൈകിപ്പിച്ചും സാമ്പത്തിക ലാഭം കണ്ടെത്തുന്ന മനോഭാവം ഗവൺമെന്റ് ഉപേക്ഷിക്കണം. രാജ്യപുരോഗതിയെ ത്വരിതപ്പെടുത്തുന്ന ഒരു ശ്രേഷ്ഠജനതയെ വാർത്തെടുക്കണമെന്ന ലക്ഷ്യമുണ്ടെങ്കിൽ നമ്മുടെ സ്കൂളുകളിൽ എല്ലാവിധ കലാ-കായിക കഴിവുകളെയും വളർത്താനുതകുന്ന സംവിധാനങ്ങളുണ്ടാകണം. നിർദ്ദേശങ്ങൾ മാത്രം നൽകി സാമ്പത്തികകാര്യങ്ങൾ എല്ലാം പി.റ്റി.എയെ ഏല്പിച്ചു കൈയൊഴിയുന്ന ശൈലി ഗവൺമെന്റും വിദ്യാഭ്യാസവകുപ്പും അവസാനിപ്പിക്കണം.

**4. സ്വഭാവരൂപീകരണം**

പാഠ്യപദ്ധതിയിൽ മൂല്യങ്ങൾക്കു പ്രധാന്യം നൽകണം. ശാരീരികചോദനകൾ അനുസരിച്ചു പ്രവർത്തിക്കുന്ന മൃഗങ്ങളുടെ

താഴെ മാത്രമാണ് മൂല്യങ്ങൾ നഷ്ടമായ മനുഷ്യസമൂഹത്തിന്റെ സ്ഥാനം. സ്വാർത്ഥമായി മാത്രം ചിന്തിക്കുന്ന, കൊടുംക്രൂരതകൾ ചെയ്യാൻ മടിക്കാത്ത ഒരു സമൂഹമായി നാം പരിണമിച്ചുകൊണ്ടിരിക്കുകയാണ്. ലഹരിവസ്തുക്കളുടെ ഉപയോഗം, ലൈംഗിക വൈകൃതങ്ങൾ, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരേയുള്ള ലൈംഗിക കയ്യേറ്റങ്ങൾ എന്നിവയെല്ലാം നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചിട്ടുണ്ട്.

കുട്ടികളെ ശിക്ഷിക്കരുത് എന്നൊരു നിർദേശം നല്കി നിയമനിർമ്മാതാക്കൾ അവസാനിപ്പിച്ചിരിക്കുകയാണ്. ഒരു പരിഷ്കൃതസമൂഹത്തിൽ ഇക്കാര്യത്തിൽ രണ്ടഭിപ്രായം ആർക്കുമില്ല. എന്നാൽ, കുട്ടികൾക്ക് എങ്ങനെ കൂടുതൽ ഫലപ്രദമായി മൂല്യങ്ങൾ പകർന്നു നല്കണമെന്ന് അധ്യാപകർക്ക് ഇപ്പോൾ ഒട്ടും തന്നെ നിശ്ചയമില്ല. തെറ്റുചെയ്യുന്ന കുട്ടികളെ തിരുത്താൻ അധ്യാപകർ മുതിരുന്നില്ല. തിരുത്തൽ നല്കിയാൽ നിയമനടപടികൾക്കു തങ്ങൾ വിധേയരാകുമെന്ന ഉൾഭയം അധ്യാപകർക്കുണ്ട്. എന്നാൽ, പാഠപുസ്തകം പഠിപ്പിക്കാൻ മാത്രമാണോ നാം കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കുന്നത്. അങ്ങനെയെങ്കിൽ വീടുകളിൽത്തന്നെ അത് ആകാമായിരുല്ലോ. അപ്പോൾ പാഠപുസ്തകം പഠിപ്പിക്കാൻ മാത്രമല്ല നാം കുട്ടികളെ സ്കൂളുകളിലേക്ക് അയയ്ക്കുന്നത്. അധ്യാപകർ അവരുടെ വ്യക്തിത്വരൂപീകരണംകൂടി നടത്തുമെന്ന പ്രതീക്ഷ നമുക്കെല്ലാവർക്കുമുണ്ട്. തിരുത്തേണ്ടതു തിരുത്തിയും ശീലിക്കേണ്ടതു പരിശീലിപ്പിച്ചും നാം കുട്ടികളെ വാർത്തെടുക്കണം. കുട്ടികളെ ശാരീരികമായോ മാനസികമായോ ശിക്ഷിക്കാതെതന്നെ എങ്ങനെ മൂല്യങ്ങളിലേക്ക് അവരെ നയിക്കണമെന്നുള്ള പരിശീലനം ആദ്യം അധ്യാപകർക്കു നല്കണം.

**5. മതസൗഹാർദ്ദം**

മതമെന്നത് കേരളത്തിൽ അതിവൈകാരികവിഷയമായി തീർന്നുകൊണ്ടിരിക്കുകയാണ്. കളിയാണെങ്കിലും കാര്യമാണെങ്കിലും ആദ്യത്തെ പ്രതികരണം മതാടിസ്ഥാനത്തിലാണ്. ഇത് അപകടകരമായ നീക്കമാണ്. അന്ധവിശ്വാസത്തിന് എള്ളോളം കോട്ടംതട്ടാതെ കേരളീയർ സഹവസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. സാമൂഹികവിഷയങ്ങളിൽ പരിപക്വതയോടെ പ്രതികരി

ക്കേണ്ടവരാണ് മതനേതാക്കൾ. അവരുടെ പ്രതികരണം ഒരു ജനസമൂഹത്തിന്റെ പ്രതികരണത്തെ സ്വാധീനിക്കും.

മതപരമായ അതിവൈകാരികതയ്ക്കുള്ള മറുമരുന്നായി മതനിരാസം പ്രചരിപ്പിക്കുന്ന സൈദ്ധാന്തികരും ഇപ്പോൾ ധാരാളമുണ്ട്. എന്നാൽ, ദീർഘവീക്ഷണത്തോടെ വിരചിതമായ ഇന്ത്യൻ ഭരണഘടന, ഇന്ത്യയൊരു മതേതരരാജ്യമാണെു അടിവരയിട്ടു പറഞ്ഞിട്ടുണ്ട്. എല്ലാ മതങ്ങളെയും തുല്യമായി പരിഗണിക്കുന്ന നീതിപൂർവ്വമായ സങ്കല്പമാണ് ഇന്ത്യൻ മതേതരത്വം. അതിൽ മതപ്രീണനവുമില്ല, മതനിരാസവുമില്ല. അവിടെ മതം വിവേചനത്തിനുള്ള കാരണമാകുന്നില്ല. എന്നാൽ, വോട്ടുബാങ്കെന്ന ചിന്ത മതപ്രീണനത്തിനു സർക്കാരുകളെയും രാഷ്ട്രീയപ്പാർട്ടികളെയും നിർബന്ധിതരാക്കുന്നു. പ്രീണനം നടക്കുന്നിടത്തു വിവേചനമുണ്ട്. ചിലരെ തഴഞ്ഞുകൊണ്ടേ മറ്റുചിലരെ പ്രീതിപ്പെടുത്താൻ കഴിയൂ. ന്യൂനപക്ഷങ്ങളെക്കാൾ വലുപ്പം ഭൂരിപക്ഷത്തിനുണ്ട്. ന്യൂനപക്ഷങ്ങളിൽത്തന്നെ ചെറിയ സമൂഹങ്ങളെ തഴഞ്ഞു വലിയ എണ്ണമുള്ളവയെ പ്രീണിപ്പിച്ചാലേ വോട്ടുബാങ്കുകൾ സുരക്ഷിതമാകുകയുള്ളൂ. ന്യൂനപക്ഷപ്രേമം എന്ന് സമൂഹം ആക്ഷേപിക്കുന്നത് ഈ ന്യൂനപക്ഷപ്രീണനത്തെയാണ്. ന്യൂനപക്ഷസ്കോളർഷിപ്പ് വിഷയത്തിൽ കേരളത്തിലെ രാഷ്ട്രീയപാർട്ടികൾ കൈക്കൊണ്ട നിലപാടുകൾ വൈരുദ്ധ്യങ്ങൾ നിറഞ്ഞതായിരുന്നു. ക്രൈസ്തവർ വളരെക്കാലം അനുഭവിച്ച അനീതികൾക്കെതിരേ ന്യായമായ വേദികളിൽ സ്വരമുയർത്തുകമാത്രമാണ് അന്ന് അവർ ചെയ്തത്.

### 6. ദളിത്മേഖലയും വിദ്യാഭ്യാസവും

കേരളത്തിലെ ദളിത് ക്രൈസ്തവരോടുള്ള സർക്കാരുകളുടെ സമീപനം വേദനാജനകമാണ്. ഇന്ത്യയിൽ 1853 ജാതികളിൽപ്പെട്ട ദളിത് വിഭാഗങ്ങൾ 70 വർഷക്കാലം പട്ടികജാതി/പട്ടികവർഗ്ഗ ആനുകൂല്യങ്ങൾ സ്വീകരിച്ച് സാമൂഹ്യമായും സാമ്പത്തികമായും മുഖ്യധാരയിലേക്കു വരുകയുണ്ടായി. എന്നാൽ, പട്ടികജാതി/പട്ടികവർഗപശ്ചാത്തലത്തിൽനിന്ന് ക്രൈസ്തവവിശ്വാസം സ്വീകരിച്ചുവെന്ന ഒറ്റക്കാരണത്താൽ പട്ടികജാതി/പട്ടികവർഗ്ഗ ആനുകൂല്യങ്ങൾ ദളിത് ക്രൈസ്തവർക്കു നിഷേധിക്കുന്നതു സാമാന്യയുക്തിക്കുപോലും നിരക്കാത്തതാണ്. പട്ടികജാതി/

പട്ടികവർഗങ്ങളെക്കാൾ ഏറെ പിന്നാക്കം നിൽക്കുന്ന ദളിത് ക്രൈസ്തവർക്ക് പട്ടികജാതി/പട്ടികവർഗ ആനുകൂല്യങ്ങൾ നൽകുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇപ്പോഴും എതിരുനിൽക്കുകയാണ്.

ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സുപ്രീംകോടതിയെ 2004 മുതൽ സമീപിച്ച കേസിൽ ക്രിസ്ത്യൻ - ഇസ്ലാം മതങ്ങൾ ഇന്ത്യയിൽ ഉടലെടുത്ത മതവിശ്വാസങ്ങളല്ലായെന്നും ചില പ്രത്യേക കാരണങ്ങളാൽ മതപരിവർത്തനം ചെയ്യപ്പെട്ടവരാണ് ഇക്കൂട്ടരെന്നുമുള്ള നിലപാടാണ് കേന്ദ്രഗവൺമെന്റെടുത്തത്. കേരളത്തിലെ മാർത്തോമ്മാനസ്രാണികൾ ക്രിസ്തുവർഷം ആദ്യ നൂറ്റാണ്ടുമുതൽ ഭാരതത്തിലുള്ളവരാണ്. കൂടാതെ, ഏതാണ് ഭാരതത്തിന്റെ തനതായ മതമെന്ന ചോദ്യം കേന്ദ്രസർക്കാർ കോടതിയിൽ നല്കിയ വിശദീകരണം അവശേഷിപ്പിക്കുന്നുണ്ട്. തീർത്തും ദൗർഭാഗ്യകരമായ ഒരു നീക്കമാണ് കേന്ദ്രഗവമെന്റിന്റെ ഭാഗത്തുനിന്നു സുപ്രീംകോടതിയിൽ ഉണ്ടായത്.

ഒരു രാജ്യത്തിന്റെ ഭാവി ശോഭനമാക്കുതിൽ വിദ്യാഭ്യാസം നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. കേന്ദ്രഗവമെന്റ് പാസാക്കിയ ന്യൂ എജ്യൂക്കേഷൻ പോളിസി നമ്മുടെ വിദ്യാഭ്യാസമേഖലയിൽ മർമ്മപ്രധാനമായ മാറ്റം ലക്ഷ്യം വയ്ക്കുന്നതാണ്. ശോഭനമായ നാളെ ലക്ഷ്യംവച്ചുള്ള മൂല്യാധിഷ്ഠതവും സത്യസന്ധവുമായ ഒരു വിദ്യാഭ്യാസപദ്ധതി വിഭാവനം ചെയ്യാൻ നമുക്കു കഴിയട്ടെ.

---

NB : 2022 ഡിസംബർ 6, 7, 8 തീയതികളിൽ ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചത്.




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജേക്കബ് തൂങ്കുഴി (തൃശ്ശൂർ അതിരൂപത മുൻ മെത്രാപ്പോലീത്താ)
മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ രൂപതമെത്രാൻ)
മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജൈൻ രൂപത മെത്രാൻ)
യൂഹാനോൻ മാർ തെയഡോഷ്യസ് (മൂവാറ്റുപുഴ രൂപത മെത്രാൻ)

**ഇതര സംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി 2022 ഡിസംബർ 4 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അനുരഞ്ജനകൂദാശയും പരിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SDV ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ 2022 ഡിസംബർ 31 ശനിയാഴ്ച വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തിയ രാത്രിയാരാധനയ്ക്ക് ഫാ. ഷാജി തുമ്പേച്ചിറ നേതൃത്വം നൽകി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ് 2022-2023**

2022-2023 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ഡിസംബർ മാസത്തിലെ ക്ലാസ്സുകൾ 10, 27, 30, 31 എന്നീ തീയതികളിലായി നടത്തപ്പെട്ടു.

പ്രസ്തുത ദിവസങ്ങളിൽ Moral Theology, Liturgy എന്നീ വിഷയങ്ങളെ അധികരിച്ച് ഡോ. ഡൊമനിക് വെച്ചൂർ, ഡോ. ജോസ് കുറ്റിയാങ്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ജനുവരി മാസത്തിലെ ക്ലാസ്സ് : ജനുവരി 14 ശനി Liturgy, ഡോ. ജോസ് കുറ്റിയാങ്കൽ.

**2. സീറോ മലബാർ സഭാതല പ്രതിഭാസംഗമം**

സീറോ മലബാർ സഭാതല പ്രതിഭാസംഗമം 2022 ഡിസംബർ 28 മുതൽ 30 വരെയുള്ള തീയതികളിൽ സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടത്തപ്പെട്ടു. പാലാ രൂപതയെ പ്രതിനിധീകരിച്ച് തോമസ് മാർട്ടിൻ തൈക്കാട്, മലയിഞ്ചിപ്പാറ, അതുൽ ഇമ്മാനുവൽ, അനിൽ പുന്നത്താനത്ത്, നീറന്താനം, ജെസ്‌ലിൻ ജോസ് ചെട്ടിയാശ്ശേരിൽ, മരങ്ങാട്ടുപള്ളി, ഡിയോണ ആൽബി വെമ്പിൽ, ചെമ്മലമറ്റം എന്നിവർ പങ്കെടുത്തു.

**3. വിശ്വാസപരിശീലന രൂപതാവാർഷികം**

വിശ്വാസപരിശീലന രൂപതാവാർഷികം 2023 ജനുവരി 26-ാംതിയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടക്കും. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും ഈ വർഷം നടത്തപ്പെട്ട വിവിധ കലാസാഹിത്യമത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ നൽകുന്നതുമാണ്. സമ്മാനാർഹരായ എല്ലാവരും പ്രസ്തുത സമ്മേളനത്തിൽ വന്നു സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്.

**4. പ്രഥമാധ്യാപകസമ്മേളനം**

2022-2023 വിശ്വാസപരിശീലനവർഷത്തിലെ 2-ാമത് പ്രഥമാധ്യാപകസമ്മേളനം 2023 ജനുവരി 26-ാം തീയതി രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 12:30 വരെയുള്ള സമയത്ത് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെടുന്നതാണ്.

**5. സഭാതല പാഠപുസ്തക നവീകരണകമ്മറ്റി യോഗം**

സീറോ മലബാർ സഭയുടെ വിശ്വാസപരിശീലനകമ്മീഷന്റെ നേതൃത്വത്തിലുള്ള പാഠപുസ്തകനവീകരണകമ്മിറ്റി 2022 ഡിസംബർ 6, 7, 8 എന്നീ തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ രൂപത വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിലും രൂപതയിൽനിന്നുള്ള രണ്ട് വിശ്വാസപരിശീലകരും പങ്കെടുത്തു.

**6. സ്കൂൾ മതബോധന - സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ**

സ്കൂൾ സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ 2023 ജനവരി 14-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെയും മതബോധന സ്കോളർഷിപ്പ് പരീക്ഷ ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയും നാലു കേന്ദ്രങ്ങളിലായി നടത്തപ്പെടുന്നു. പരീക്ഷ നടത്തപ്പെടുന്ന കേന്ദ്രങ്ങൾ : സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്. പാലാ, സെന്റ് ജോർജ് എച്ച്.എസ്. അരുവിത്തുറ, സെന്റ് മേരീസ് ജി.എച്ച്.എസ്., കുറവിലങ്ങാട്, സെന്റ് മേരീസ് എച്ച്.എസ്.എസ്, അറക്കുളം.

## 7. Question board meeting

2022 – 2023 അധ്യയനവർഷത്തിലെ സ്കൂൾ മതബോധന – സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള Question board meeting 2022 ഡിസംബർ 5-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ അധ്യാപകർക്കു നിർദേശങ്ങൾ നൽകി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. ക്രിസ്മസ് ഒരുക്ക ധ്യാനം**

ഡിസംബർ 2 ന് വെങ്കിട്ടപുരം പള്ളിയിൽ ധ്യാനം. ഫാ. മാത്യു പുതിയിടത്തു നയിച്ചു. ഡിസംബർ 11 ന് ഗൊല്ലപ്പള്ളി പള്ളയിൽ ധ്യാനം. ഫാ. ബിനോയ് കണയിങ്കൽ നയിച്ചു.

**2. ഫെയ്ത് ഫോർമേഷൻ ടീം**

സിഎംസി ഫെയ്ത് ഫോർമേഷൻ ടീം അംഗങ്ങൾ ഗൊല്ലപ്പള്ളി മഠത്തിൽ ഡിസംബർ 15 ന് ഒന്നുചേർന്ന്. ഫാ. മാത്യു പുതിയിടത്തു ക്ലാസുകൾ നയിച്ചു. സി. സിസിലി സിഎംസി നേതൃത്വം നൽകി.

**3. കരോൾ ഗാനമത്സരം**

അദിലബാദ് യൂത്ത് മൂവ്മെന്റ് സംഘടിപ്പിച്ച രൂപതാതല മത്സരത്തിൽ വെങ്കിട്ടപുരം ടീം മൂന്നാം സ്ഥാനം നേടി.

**4. കരോൾ വില്ലേജുകളിൽ**

15/12/22 റെബേന, കുശ്നപ്പള്ളി.
16/12/22 ചമനപ്പള്ളി.
17/12/22 ബോഗംപള്ളി, പാട്ടി.
18/12/22. ഗോല്ലഗുടം, നെന്നൽ.
19/12/22. നെന്നൽ, യോഗപൂർ, മാമടിഖ്ട്ട്, മാന്നവാട.
20/12/22. കൊത്തഗുടം, മൈലാരം, നർവായ് മേട്ടുപള്ളി, പാകഡിവാഡ, റെഡ്ഡി കോളനി.
21/12/22 ഖർജി, വെങ്കിട്ടപുരം, ഗോല്ലപ്പള്ളി, സുനാർകാരി വാഡ
23/12/22. മന്നഗുടം, കൊനേംപെട്ട, വെങ്കിട്ടപുരം, ഗോല്ലപ്പള്ളി.

**5. ക്രിസ്മസ് നൈറ്റ്**

രൂപതാതലത്തിൽ മഞ്ചേരിയാലിൽ ഡിസംബർ 22 നു നടത്തിയ ക്രിസ്മസ് പ്രോഗ്രാമിൽ പാലാ മിഷനിൽനിന്ന് വൈദികരും സിസ്റ്റേഴ്സും, വിശ്വാസികളും പങ്കെടുത്തു

6. CMI ഹൈദരാബാദ് പ്രൊവിൻസിലെ വൈദികരുടെ മാസധ്യാനത്തിൽ ഡിസംബർ 17 ന് ഫാ. മാത്യു പുതിയിടത്ത് വചനപ്രഘോഷണവും ക്രിസ്മസ് സന്ദേശവും നൽകി.

7. സി.എസ്.ടി. ബ്രദേഴ്സിന്റെ സെന്റ് തെരേസ് സ്കൂളി ക്രിസ്മസ് ആഘോഷത്തിൽ ഫാ. മാത്യു പുതിയിടത്തു സന്ദേശം നൽകി.

**8. ക്രിസ്മസ് ആഘോഷം**

പാലാ മിഷനിലെ എല്ലാ സ്റ്റേഷനുകളിലും പുൽക്കൂട് നിർമ്മിച്ചു, പാതിരാ കുർബാനയും കേക്കുവിതരണവും നടത്തി. 25 ദിവസം കുർബാനയിൽ പങ്കെടുത്തവർക്കു സമ്മാനങ്ങൾ നൽകി.

**9.** പുതുവത്സരത്തോടനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു. കേക്കു വിതരണം നടത്തി.

**10.** പാലാ മിഷനിലെ ഖർജി വില്ലേജിൽ ട്രാൻസ്ഫോർമറിൽനിന്നു ഷോക്ക് ഏറ്റു ഒരു കയ്യും മുട്ടിനു താഴെ രണ്ടു കാലുകളും നഷ്ടപ്പെട്ട ആളിന് ജയ്പുർ കാലുകൾ ഫിറ്റ് ചെയ്യാൻ ഒരു ലക്ഷം രൂപ നൽകി സഹായിച്ചു.

**11. നന്ദിയും അഭിനന്ദനങ്ങളും**

ഈ നാളുകളിൽ പാലാ മിഷനെ പ്രാർത്ഥനയിലുടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ സന്ദർശനം**

പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഡിസംബർ 5 മുതൽ 9 വരെ തീയതികളിൽ ഗുജറാത്ത് സെന്റ് തോമസ് സബർമതി മിഷൻ സന്ദർശിച്ചു. അഭിവന്ദ്യ പിതാവിനോടൊപ്പം ഗുജറാത്ത് മിഷന്റെ ചുമതല വഹിക്കുന്ന വികാരി ജനറാൾ മോൺ. ഡോ ജോസഫ് മലേപ്പറമ്പിൽ, റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം, റവ.ഫാ. തോമസ് പേഴുംകാട്ടിൽ എന്നീ വൈദികരും മിഷൻ സന്ദർശിച്ചു. മിഷൻ സന്ദർശനത്തിനായെത്തിയ അഭിവന്ദ്യപിതാവിനെയും ബഹുമാനപ്പെട്ട വൈദികരെയും ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിലിന്റെ നേതൃത്വത്തിൽ അഹമ്മദാബാദ് സോണിലെ വൈദികരും അല്മായപ്രതിനിധികളും ചേർന്നു സ്വീകരിച്ചു. അഭിവന്ദ്യപിതാവ് പാലാ രൂപതയിൽനിന്നു ഗുജറാത്ത് മിഷനിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ വൈദികരെയും അവരവരുടെ സെന്ററുകളിൽ എത്തി സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. അതോടൊപ്പം മറ്റു സെന്ററുകളും പിതാവ് സന്ദർശിച്ചു.

**2. കുടുംബവർഷ ഉദ്ഘാടനം**

ഗുജറാത്ത് റീജണിലെ എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും കുടുംബവർഷം ഉദ്ഘാടനം ചെയ്യപ്പെട്ടു.

**3. മനേജ സെന്റ് അൽഫോൻസാ ചർച്ച്**

**ക്രിസ്തുമസ് 2022**

ഈ വർഷത്തെ ക്രിസ്മസ് വളരെ സമുചിതമായി ആഘോഷിച്ചു. ഇടവ കാംഗങ്ങൾ ചേർന്ന് ക്രിസ്മസ് കരോൾ നടത്തി. സാന്തോം യൂത്ത് മൂവ്മെന്റിന്റെ നേതൃത്വത്തിൽ പുൽക്കൂട് മത്സരം സംഘടിപ്പിച്ചു. വഴിയോരങ്ങളിൽ കിടക്കുന്ന പാവപ്പെട്ടവർക്ക് കമ്പിളിപ്പുതപ്പ് വിതരണം ചെയ്തു. മരിയൻ മാതൃവേദിയുടെ നേതൃത്വത്തിൽ കേക്ക് നിർമ്മിച്ചു വിതരണം നടത്തി. ഒപ്പം, പാവപ്പെട്ട കുടുംബ ങ്ങൾക്ക് ഭക്ഷ്യധാന്യക്കിറ്റ് വിതരണം ചെയ്തു. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് കട്‌ലറ്റ് ഉണ്ടാക്കി വിതരണം ചെയ്തു.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

**രൂപത വാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ഡിസംബർമാസത്തെ എക്സി ക്യൂട്ടീവ് യോഗം ഡിസംബർ 10 ശനിയാഴ്ച വൈകുന്നേരം മൂന്നുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷതവഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അത് പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം ഡിസംബർ മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി സമാപനം**

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാനതല പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഡിസംബർ 4 ഞായറാഴ്ച ഭരണങ്ങാനത്തുവച്ചു നടന്നു.

കഴിഞ്ഞ ഒരു വർഷമായി സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായി നടത്തിവന്ന ജൂബിലി ആഘോഷങ്ങളുടെ സമാപനം കുറിച്ചുകൊണ്ട് സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേ ളനം മൂവാറ്റുപുഴ രൂപത മെത്രാൻ ഡോ. യൂഹാന്നോൻ മാർ തെയഡോഷ്യസ് ഉദ്ഘാടനം ചെയ്തു.

മിഷൻലീഗ് സംസ്ഥാനസമിതി ഏർപ്പെടുത്തിയ പി.സി. അബ്രഹാം പല്ലാട്ടു കുന്നേൽ (കുഞ്ഞേട്ടൻ) പുരസ്കാരത്തിന് അർഹനായ മുൻ സുപ്രീം കോടതി ജഡ്ജി ജസ്റ്റീസ് കുര്യൻ ജോസഫ്, ഫാ. ജോസഫ് മാലിപ്പറമ്പിൽ പുര സ്കാരത്തിന് അർഹനായ റവ. ഫാ. അബ്രഹാം പോണാട്ട് എന്നിവർക്കുള്ള പുരസ്കാരവും സമ്മാനിച്ചു.

പാലാ രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, സംസ്ഥാന ജനറൽ സെക്രട്ടറി ജിന്റോ തകിടിയേൽ, ദേശീയ പ്രസിഡന്റ് ബിനോയി പള്ളിപ്പറമ്പിൽ, പാലാ രൂപത പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി തട്ടാംപറമ്പിൽ, സംസ്ഥാന വൈസ് ഡയറക്ടർ സി. ലിസ്നി എസ്.ഡി, സംസ്ഥാന ജനറൽ ഓർഗനൈസർ അരുൺ ജോസ് പുത്തൻപുരയ്ക്കൽ തുടങ്ങിയവർ സംസാരിച്ചു. അന്തർദേശീയ, ദേശീയ, സംസ്ഥാന, രൂപത, മേഖല, ശാഖാ ഭാരവാഹികളും പ്രവർത്തകരും പങ്കെടുത്ത യോഗത്തിൽ 2021 -22 പ്രവർത്തനവർഷത്തെ മികച്ച രൂപത, മേഖല, ശാഖകൾക്കുള്ള അംഗീകാരപത്രങ്ങൾ സമ്മാനിച്ചു.

സമാപനസമ്മേളനത്തിനു മുന്നോടിയായി മേലമ്പാറ ദീപ്തിഭവൻ ജംഗ്ഷൻ, ഇടപ്പാടി കുരിശുപള്ളി ജംഗ്ഷൻ എന്നിവിടങ്ങളിൽനിന്ന് ഭരണങ്ങാനത്തേക്ക് പ്ലാറ്റിനം ജൂബിലി പ്രേഷിതറാലി നടത്തി. ഇടപ്പാടിയിൽനിന്നാരംഭിച്ച റാലി ഇടപ്പാടി സെന്റ് ജോസഫ് പള്ളി വികാരി റവ. ഫാ. ഓസ്റ്റിൻ കച്ചിറമറ്റം സംസ്ഥാന പ്രസിഡന്റ് ബേബി പ്ലാശേരിക്കു മിഷൻലീഗ് പതാകനൽകി ഫ്ളാഗ് ഓഫ് ചെയ്തു. ദീപ്തിഭവനിൽനിന്നാരംഭിച്ച റാലി എം.എസ്.ടി. ഡയറക്ടർ ജനറൽ റവ.ഫാ. ആന്റണി പെരുമാനൂർ രൂപത പ്രസിഡന്റ് ഡോ. ജോബിൻ തട്ടാംപറമ്പിലിനു മിഷൻലീഗ് പതാക നൽകി ഫ്ളാഗ് ഓഫ് ചെയ്തു. സംസ്ഥാനത്തെ വിവിധ രൂപതകളിൽനിന്നുള്ള പ്രതിനിധികളും പാലാ രൂപതയിലെ എല്ലാ ശാഖകളിൽ നിന്നുള്ള കുട്ടികളും അധ്യാപകരും കോരിച്ചൊരിയുന്ന മഴയെ അവഗണിച്ച് റാലിയിൽ പങ്കെടുത്തു. വിശുദ്ധരുടെ വേഷവിധാനങ്ങളണിഞ്ഞെത്തിയ കുഞ്ഞുമിഷനറിമാരുടെയും വാദ്യഘോഷങ്ങളുടെയും അകമ്പടിയോടെ നടത്തിയ റാലിയിൽ കുട്ടികളും മുതിർന്നവരും ആവേശത്തോടെ പങ്കെടുത്തു.

രൂപത വൈസ് ഡയറക്ടർ സി. മോനിക്ക എസ്.എച്ച്, രൂപതാഭാരവാഹികളായ ലിന്റു ടോമി, അഗസ്റ്റിൻ കടൂക്കുന്നേൽ, തോമസ് സെബാസ്റ്റ്യൻ അടുപ്പുകല്ലുങ്കൽ, ഷൈനി ജോസഫ്, ബെന്നി മുത്തനാട്ട്, അമൽ വാക്കാട്ടിൽപുത്തൻപുരയിൽ, ദിയ ഫ്രാങ്ക്സൺ തുടങ്ങിയവർ നേതൃത്വം നൽകി.

**സംസ്ഥാനപുരസ്കാരം**

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനസമിതിയുടെ 2021-2022 പ്രവർത്തന വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള അംഗീകാരപത്രത്തിനു പാലാ രൂപതയും കുറവിലങ്ങാട്, അരുവിത്തുറ മേഖലകളും കയ്യൂർ, ളാലം ഓൾഡ്, മുണ്ടാങ്കൽ ശാഖകളും അർഹമായി, ഡിസംബർ 4 നു ഭരണങ്ങാനത്തു നടന്ന ജൂബിലി സമാപനസമ്മേളനത്തിൽ വച്ചു പുരസ്കാരങ്ങൾ ഭാരവാഹികൾ ഏറ്റുവാങ്ങി.

**കുഞ്ഞുമിഷനറി ക്വിസ് 2023**

ചെറുപുഷ്പ മിഷൻലീഗിന്റെ സുവർണ്ണജൂബിലി സ്മാരകമായി പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 27 -ാമത് അഖില കേരള കുഞ്ഞുമിഷനറി ക്വിസ് മത്സരം 2023 ജനുവരി 08, 15 തീയതികളിലായി നടത്തുന്നതാണ്. മത്സരത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ താഴെപ്പറയുന്നു.

1. മത്സരവിഷയം

i) കുഞ്ഞുമിഷനറി - 2022 ജനുവരി - 2022 ഡിസംബർ - 50%

ii) എന്റെ മിഷൻലീഗ് + പ്രേഷിതവഴിയിലെ വിജയഗാഥ 8-19 അധ്യായങ്ങൾ - 40%

iii) സഭ പൊതുചോദ്യങ്ങൾ - 10%

2. മത്സരം കേരളത്തിലെ സൺഡേ സ്കൂളുകളിൽ 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മിഷൻലീഗംഗങ്ങൾക്കുവേണ്ടിയുള്ളതാണ്.

3. മത്സരം രണ്ടു ഘട്ടങ്ങളിലാണു നടത്തുന്നത്. ആദ്യഘട്ടമത്സരം 2023 ജനുവരി 08 ശനിയാഴ്ച രാത്രി 8.30 ന് ഗൂഗിൾ ഫോംവഴി നടത്തും. ഇതിൽ ഒരു സൺഡേ സ്കൂളിൽനിന്ന് 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എത്ര കുട്ടികൾക്കു വേണമെങ്കിലും പങ്കെടുക്കാം. മത്സരത്തിനുള്ള ലിങ്ക് വാട്സാപ്പ് ഗ്രൂപ്പുകൾവഴി നൽകുന്നതാണ്.

4. ഒന്നാംഘട്ടമത്സരത്തിൽ 5 മുതൽ 12 വരെയുള്ള ഓരോ ക്ലാസ്സിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന 5 കുട്ടികൾക്ക് വീതം രണ്ടാംഘട്ടമത്സരത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കും. ഒരേ മാർക്ക് വന്നാൽ ഏറ്റവും ആദ്യം സബ്മിറ്റ് ചെയ്തവരെ പരിഗണിക്കുന്നതാണ്.

5. ഒന്നാംഘട്ട മത്സരത്തിന്റെ റിസൾട്ട് ജനുവരി 10 ന് പ്രസിദ്ധപ്പെടുത്തുന്നതാണ്.

6. രണ്ടാംഘട്ട മത്സരം 2023 ജനുവരി 15 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടക്കും.

7. രണ്ടാംഘട്ട മത്സരത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ തങ്ങളുടെ പേര്, വീട്ടുപേര്, രൂപത, ഇടവക, സൺഡേസ്കൂളിൽ പഠിക്കുന്ന ക്ലാസ്, മിഷൻ ലീഗംഗത്വം എന്നിവ തെളിയിക്കുന്ന ശാഖാഡയറക്ടറുടെ സാക്ഷ്യപത്രം മത്സരത്തിനെത്തുമ്പോൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

8. രണ്ടാംഘട്ട മത്സരത്തിൽ ഒന്നുമുതൽ നാലുവരെ സ്ഥാനം നേടുന്നവർക്ക് യഥാക്രമം 2501, 2001, 1501, 1001 രൂപ സമ്മാനമായി ലഭിക്കുന്നതാണ്. കൂടാതെ, 5 മുതൽ 12 വരെയുള്ള ഓരോ ക്ലാസ്സിലും ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന ഒരാൾക്ക് 751 രൂപ സമ്മാനമായി ലഭിക്കും.

9. ഒരു സമ്മാനം ലഭിക്കുന്നവർക്ക് ഇതര സമ്മാനങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

10. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

11. പാലാ രൂപതയിലുള്ളവർക്ക് പ്രത്യേക രജിസ്ട്രേഷൻ ആവശ്യമില്ല.

12. മത്സരക്കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

**ജൂനിയേഴ്സ് ക്യാമ്പ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ 5,6,7,8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഡിസംബർ 28, 29 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ചു ജൂണിയേഴ്സ് ക്യാമ്പ് നടത്തി. വിവിധ ശാഖകളിൽനിന്നായി 220 കുട്ടികൾ പങ്കെടുത്തു. ഗ്രേറ്റ് ബ്രിട്ടൻ രൂപതയുടെ മെത്രാൻ മാർ ജോസഫ് സ്രാമ്പിക്കൽ കുട്ടികളെ സന്ദർശിച്ചു സംസാരിച്ചു. ഡിസംബർ 28 ബുധനാഴ്ച 9.30 ന് ആരംഭിച്ചു 29 വ്യാഴാഴ്ച വൈകുന്നേരം 3.30 നു ക്യാമ്പ് സമാപിച്ചു.

**സെക്രട്ടേറിയറ്റ് യോഗങ്ങൾ**

സംഘടനയുടെ ഡിസംബർ മാസത്തിലെ സെക്രട്ടേറിയറ്റ് യോഗങ്ങൾ 3, 21 തീയതികളിൽ നടന്നു.

**കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക ഡിസംബർ മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മേഖല വാർത്തകൾ**

**അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഡിസംബർ 11 ഞായറാഴ്ച അരുവിത്തുറയിൽ വച്ചു നടന്നു. പ്രസിഡന്റ് ഷാജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.

**കടനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് യോഗം ഡിസംബർ 11 ഞായറാഴ്ച നടന്നു.

**രാമപുരം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഡിസംബർ 11 ഞായറാഴ്ച നടന്നു.

**കൂട്ടിക്കൽ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഡിസംബർ 10 ശനിയാഴ്ച നടന്നു.

**പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഡിസംബർ 11 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു.

**ഭരണങ്ങാനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഡിസംബർ 2,11 തീയതികളിൽ ഭരണങ്ങാനത്തു വച്ചു നടന്നു.

**ഇലഞ്ഞി മേഖല**

**എക്സിക്യൂട്ടീവ്**

ഇലഞ്ഞി മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഡിസംബർ 11 ഞായറാഴ്ച നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിസംബർ 6 ചൊവ്വാഴ്ച രാത്രി 8.30 മുതൽ 9.30 വരെ ഗൂഗിൾമീറ്റ്വഴി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മീറ്റിംഗിനു നേതൃത്വം നൽകി. ജനുവരിയിൽ നടത്തേണ്ട കെ. സി. എസ്. എൽ വാർഷികത്തെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനങ്ങൾ എടുത്തു. കെ.സി.എസ്.എൽ അംഗങ്ങൾ എല്ലാവരും മീറ്റിംഗിൽ പങ്കെടുത്തു.

**ധ്യാനം നടത്തി**

ഡിസംബർ 8 ന് പൈക ജ്യോതി പബ്ലിക് സ്കൂളിൽ വച്ച് കെ. സി. എസ്. എൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ സ്കൂൾ കുട്ടികൾക്കായി ധ്യാനം നടത്തി. 1 മുതൽ 4 വരെയും 5 മുതൽ 8 വരെയും 9 മുതൽ 10 വരെയും 11 മുതൽ 12 വരെയും ക്ലാസ്സുകൾ തിരിച്ചാണ് ധ്യാനം നടത്തിയത്. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഡോ. ബ്രിജിത്ത്, ഷിപ്രീസ് നീലൂർ, സുനു പ്രവിത്താനം എന്നിവർ ക്ലസ്സുകൾ നയിച്ചു.

ഡിസംബർ 9 ന് മുട്ടം ഷന്താൾ ജ്യോതി പബ്ലിക് സ്കൂളിൽ വച്ച് കെ. സി. എസ്. എൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ സ്കൂൾ കുട്ടികൾക്കായി ധ്യാനം നടത്തി. 1 മുതൽ 4 വരെയും 5 മുതൽ 8 വരെയും 9 മുതൽ 10 വരെയും 11 മുതൽ 12 വരെയും ക്ലാസ്സുകൾ തിരിച്ചാണ് ധ്യാനം നടത്തിയത്. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഡോ. ബ്രിജിത്ത്, ഷിപ്രീസ് നീലൂർ, സുനു പ്രവിത്താനം എന്നിവർ ക്ലസ്സുകൾ നയിച്ചു.

**കളരി വിതരണം നടത്തി**

കെ.സി.എസ്.എൽ പ്രസിദ്ധീകരണമായ കളരി രണ്ടാം ലക്കം വിതരണം നടത്തി.

**സെൻട്രൽ കൗൺസിൽ മീറ്റിംഗ്**

ഡിസംബർ 21 ന് എറണാകുളം പി.ഒ.സി. യിൽ വച്ചു നടന്ന സെൻട്രൽ കൗൺസിൽ മീറ്റിംഗിൽ പാലാ രൂപതയിൽനിന്ന് പ്രസിഡന്റ് ജിജോ മാത്യു പങ്കെടുത്തു.

**കെ.സി.എസ്.എൽ. സ്റ്റേറ്റ് കലോത്സവം**

ഈ വർഷത്തെ സ്റ്റേറ്റ് കലോത്സവം ജനുവരി 13.14 ദിവസങ്ങളിലായി തിരുവനന്തപുരത്തുവച്ച് നടത്തപ്പെടുന്നു. പാലാ രൂപതയിൽനിന്ന് 85 കുട്ടികൾ വിവിധയിനം മത്സരങ്ങളിലായി പങ്കെടുക്കുന്നതാണ്.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

## GLORIOUS EVE 2K22

എസ്.എം.വൈ.എം – കെ.സി.വൈ.എം. പാലാ രൂപതയുടെയും, എസ്.എം.വൈ.എം. ഭരണങ്ങാനം ഫൊറോനയുടെയും, എസ്.എം.വൈ.എം. ഭരണങ്ങാനം യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ക്രിസ്മസ് ആഘോഷവും, ക്രിസ്മസ് കരോൾ ഗാനമത്സരവും 'ഗ്ലോറിയസ് ഈവ് 2k22' എന്ന പേരിൽ 2022 ഡിസംബർ 18 ന് ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോന ചർച്ച് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപതയിലെ വിവിധ ഫൊറോനകളിൽനിന്നായി പത്തോളം ടീമുകൾ കരോൾ ഗാനമത്സരത്തിൽ പങ്കെടുത്തു. മത്സരത്തിൽ കുറവിലങ്ങാട്, അരുവിത്തുറ, വാരിയാനിക്കാട് എന്നീ യൂണിറ്റുകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി. യുവജനങ്ങളുടെ ക്രിസ്മസ് ആഘോഷങ്ങൾക്ക് മാറ്റുകൂട്ടുവാൻ കരോൾ ഗാനമത്സരത്തിനുശേഷം പാലാ കമ്മ്യൂണിക്കേഷന്റെ സംഗീതവിരുന്നുമുണ്ടായിരുന്നു. രൂപതാ ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, ജോയിന്റ് ഡയറക്ടർ സി. ജോസ്മിത SMS, ഭരണങ്ങാനം ഫൊറോന ഡയറക്ടർ റവ. ഫാ. ഡയസൺ തരകൻ, എസ്.എം.വൈ.എം. രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര, ജനറൽ സെക്രട്ടറി ഡിബിൻ ഡൊമിനിക്, വൈസ് പ്രസിഡന്റ് റിന്റു റെജി, മറ്റു രൂപത ഭാരവാഹികൾ, ഭരണങ്ങാനം ഫൊറോന – യൂണിറ്റ് ഭാരവാഹികൾ എന്നിവർ പ്രോഗ്രാമിനു നേതൃത്വം നൽകി.

### കാർലോസ് കാരവാൻ

ഡിസംബർ മാസത്തിലെ കെ.സി.വൈ.എം സംസ്ഥാനസമിതിയുടെ കാർലോസ് കാരവാൻ പ്രോഗ്രാമിന് പാലാ രൂപതയിലെ കുടയത്തൂർ യൂണിറ്റ് നേതൃത്വം നൽകി.

### രൂപതയുടെ വാർഷിക സെനറ്റും ലീഗൽ സെൽ ഉദ്ഘാടനവും

എസ്.എം.വൈ.എം പാലാ രൂപതയുടെ വാർഷികസെനറ്റും ലീഗൽ സെൽ ഉദ്ഘാടനവും ളാലം പഴയ പള്ളിയിൽവച്ചു നടത്തപ്പെട്ടു. എസ്.എം.വൈ.എം പാലാ രൂപതയുടെ മുൻ ഡയറക്ടർ റവ.ഫാ ജോസഫ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പാലാ രൂപതയിലെ 17 ഫൊറോനകളിൽനിന്നായി അരുവിത്തുറ, ഭരണങ്ങാനം, പാലാ, കുറവിലങ്ങാട്, കോതനല്ലൂർ, കടുത്തുരുത്തി, ചേർപ്പുങ്കൽ, ഇലഞ്ഞി, പ്രവിത്താനം, പൂഞ്ഞാർ, തീക്കോയി എന്നിവിടങ്ങളിലെ യുവജനഭാരവാഹികൾ പങ്കെടുക്കുകയും ഒരു വർഷത്തെ വാർഷികറിപ്പോർട്ട് അവതരിപ്പിക്കുകയും തുടർന്ന് രൂപതയുടെ വരുംവർഷങ്ങളിലേക്കു നടത്തേണ്ട പ്രോഗ്രാമുകളെക്കുറിച്ചു ചർച്ച ചെയ്യുകയും ചെയ്തു.

## Christmas Celebration @Shalom

പാലാ രൂപതയിലെ ശലോം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലെ കുടുംബാംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷത്തിൽ എസ്.എം.വൈ.എം പാലാ രൂപത ഭാരവാഹികളും പങ്കുചേർന്നു. എസ്.എം.വൈ.എം പാലാ രൂപതയുടെ വൈസ് പ്രസിഡന്റ് റിന്റു റെജി ആശംസകൾ നേർന്നു സംസാരിച്ചു.

**ഫൊറോന ഇലക്ഷൻ**

എസ്.എം.വൈ.എം. പാലാ രൂപതയിലെ 17 ഫൊറോനകളിലെ ഇലക്ഷനുകൾ ഡിസംബർ മാസം നടത്തപ്പെട്ടു. കുറവിലങ്ങാട്, മുട്ടുചിറ, ഇലഞ്ഞി കടുത്തുരുത്തി ഫൊറോനകളിൽ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ഇലക്ഷനു നേതൃത്വം കൊടുത്തു. മറ്റ് ഫൊറോനകളിൽ രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകരയുടെ നേതൃത്വത്തിലുള്ള രൂപതാസമിതി അംഗങ്ങൾ ഇലക്ഷനു നേതൃത്വം കൊടുത്തു.

**BASBOUSA**

**Cake making Competition**

പാലാ രൂപതയിലെ യുവജനങ്ങൾക്കുവേണ്ടി ക്രിസ്തുമസിനോടനുബന്ധിച്ച് എസ്.എം.വൈ.എം പാലാ രൂപതാസമിതി ളാലം ഓൾഡ് യൂണിറ്റും സംയുക്തമായി ചേർന്ന് ക്രിസ്തുമസ് കേക്ക് മേക്കിങ് മത്സരം നടത്തി. വിവിധ ഇടങ്ങളിൽനിന്നു മത്സരാർഥികൾ പങ്കെടുത്തു.

**അഭിവന്ദ്യപിതാക്കന്മാരെ സന്ദർശിച്ചു**

ഡയറക്ടർ ഫാദർ മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര എന്നിവരുടെ നേതൃത്വത്തിൽ അഭിവന്ദ്യപിതാക്കന്മാരെ സന്ദർശിക്കുകയും ക്രിസ്മസ്സ് ആശംസകൾ നേരുകയും ചെയ്തു.

**രൂപത ഇലക്ഷൻ & രൂപതാവാർഷികം**

2023 വർഷത്തേക്കുള്ള രൂപത ഇലക്ഷനും രൂപത വാർഷികവും ജനവരി 02 തീയതി രാവിലെ 10 മണിക്ക് അൽഫോൻസ കോളേജിൽവച്ചു നടത്തപ്പെടുന്നതാണ്.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**5/12/22** യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ അഡ്വക്കേറ്റ് ജസ്റ്റിൻ പള്ളിവാതുക്കൽ നയിക്കുന്ന ലോങ് മാർച്ചിന് പാലാ കുരിശുപള്ളി ജംഗ്ഷനിൽ വച്ച് സ്വീകരണം നൽകി.

കുടുംബക്കൂട്ടായ്മ രൂപത ഡയറക്ടർ ബഹു. ജേക്കബ് വെള്ളമരുതുങ്കലച്ചൻ ജാഥാ ക്യാപ്റ്റനെ ഹാരം അണിയിച്ചു സ്വീകരിച്ച് സന്ദേശം നൽകി. കുടുംബക്കൂട്ടായ്മ ഭാരവാഹികൾ സ്വീകരണയോഗത്തിൽ പങ്കെടുത്തു.

**11/12/22** മുട്ടം സിബിഗിരി സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീം അംഗങ്ങൾ 10 കൂട്ടായ്മ യൂണിറ്റുകളിൽ യൂണിറ്റ് തലത്തിലുള്ള ബോധവൽക്കരണക്ലാസുകൾ നടത്തി. വൈകുന്നേരം മൂന്നര മണിക്ക് പള്ളിയിൽ എത്തിയ റിസോഴ്സ് ടീം അംഗങ്ങളെ ഇടവക വികാരി ബഹു. ജോൺ പാളിത്തോട്ടം അച്ചൻ അനുഗ്രഹപ്രാർത്ഥന നടത്തി യൂണിറ്റുകളിലേക്ക് അയച്ചു. ഇടവകജനത്തിന്റെ നല്ല സാന്നിധ്യം എല്ലാ യൂണിറ്റുകളിലും ഉണ്ടായിരുന്നു. 5.30 നു ക്ലാസുകൾ സമാപിച്ചു.

**18/12/22** മുട്ടം സിബിഗിരി ഇടവകയിൽ ഇടവകയിൽ ശേഷിച്ച 9 കുടുംബക്കൂട്ടായ്മ യൂണിറ്റുകളിൽ രൂപതാ റിസോഴ്സ് ടീം അംഗങ്ങൾ യൂണിറ്റ്തല ക്ലാസുകൾ നടത്തി.

ഇടവകയിലെ കൂട്ടായ്മാപ്രവർത്തനങ്ങളും ഇടവകജനത്തിന്റെ പങ്കാളിത്തവും വളരെ ഹൃദ്യമായ അനുഭവമായിരുന്നു.

തുടങ്ങനാട് ഫൊറോനാ കുടുംബക്കൂട്ടായ്മ കോർഡിനേറ്റർ ശ്രീ ജിമ്മി മ്ലാക്കുഴിയും കൈകാരന്മാരും ക്ലാസുകൾ നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തി.

നാല്പതാമത് രൂപത ബൈബിൾ കൺവെൻഷനിൽ കൂട്ടായ്മാഭാരവാഹികളും റിസോഴ്സ് ടീം അംഗങ്ങളും സേവനം ചെയ്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

ഡിസംബർ 5-7, ഡിസംബർ 19-21 എന്നീ തീയതികളിൽ നടന്ന വിവാഹ ഒരുക്ക സെമിനാർ 265 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമക്കി.

### 2. രജിസ്ട്രേഷൻ

ജനുവരി 2-4, ജനുവരി 16-18, ജനുവരി 31 - ഫെബ്രുവരി 1, ഫെബ്രുവരി 13-15 തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ് മീറ്റ്

ഡിസംബർ മാസത്തിലെ പേരന്റ് മീറ്റിംഗിൽ റവ. ഫാ. തോമസ് മണ്ണൂർ, റവ. ഫാ. ജോസഫ് കടുപ്പിൽ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. 420 മാതാപിതാക്കൾ സംബന്ധിച്ചു.

## B. സന്തുഷ്ട കുടുംബപദ്ധതി

2000 മാണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 53 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തികസഹായം ഡിസംബർ മാസത്തിലേക്ക് 15-ാം തീയതി ബാങ്ക് ട്രാൻസ്ഫർവഴി നൽകി.

## C. പിതൃവേദി

### 1. രൂപതാസമിതി

ഡിസംബർ 19-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി നടത്തപ്പെട്ടു.

2. തീക്കോയി പിതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ ഫുട്ബോൾ ടൂർണമെന്റിന്റെ സമാപനദിവസം രൂപതാ ഡയറക്ടർ സംസാരിച്ചു.

## D. മാതൃവേദി

### 1. തീർത്ഥാടനം

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 1-ാം തീയതി നല്ലതണ്ണി, പൂമാല, പാഞ്ചാലിമേട് എന്നിവിടങ്ങളിലേക്ക് വിനോദയാത്ര സംഘടിപ്പിച്ചു.

### 2. മേഖലാ വാർഷികങ്ങൾ

ഡിസംബർ മാസത്തിൽ വിവിധ മേഖലകളുടെ വാർഷികങ്ങൾ നടത്തപ്പെട്ടു.

ഡിസംബർ 2 അരുവിത്തുറ
ഡിസംബർ 12 ഭരണങ്ങാനം
ഡിസംബർ 14 പ്രവിത്താനം
ഡിസംബർ 17 കടനാട്

### 3. രൂപതാവാർഷികം

പാലാ രൂപത മാതൃവേദിയുടെ രൂപതാവാർഷികം ഡിസംബർ 10-ാം തീയതി ചൂണ്ടച്ചേരി എൻജിനീയറിംഗ് കോളേജിൽവച്ച് നടത്തപ്പെട്ടു. വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് സിജി ലൂക്സൺ, അന്തർദേശീയ പ്രസിഡന്റ് കെ.വി. റീത്താമ്മ എന്നിവർ പങ്കെടുത്തു.

### 4. ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

ഡിസംബർ 10-ാം തീയതി ചൂണ്ടച്ചേരി കോളേജിൽ വച്ചുനടത്തിയ യോഗത്തിൽ പുതിയ രൂപതാഭാരവാഹികളെ തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | : സിജി ലൂക്സൺ പടന്നമാക്കൽ |
| വൈസ് പ്രസിഡന്റ് | : റ്റെസി സെബാസ്റ്റ്യൻ വണ്ടനാനിക്കൽ |
| സെക്രട്ടറി | : ഷേർളി ചെറിയാൻ മഠത്തിപ്പറമ്പിൽ |
| ജോയിന്റ് സെക്രട്ടറി | : ബിന്ദു ഷാജി കുന്നക്കാട്ട് |
| ഖജാൻജി | : ഡയാന രാജു ഓലിക്കൽ |
| സെനറ്റ് മെമ്പേഴ്സ് | : മേരിക്കുട്ടി അഗസ്റ്റ്യൻ വടക്കുംകര, ബിനി എബ്രാഹം പുളിനില്ക്കുംതടത്തിൽ |
| എക്സിക്യൂട്ടീവ് മെമ്പർ | : സബീന സഖറിയാസ് മഠത്തിപ്പറമ്പിൽ |

മേഖലാ പ്രസിഡന്റുമാർ

| | |
|---|---|
| പാലാ | - ഡയാനാ രാജു |
| അരുവിത്തുറ | - ശാന്തമ്മ ജോസഫ് |
| ഭരണങ്ങാനം | - ബീനാ ടോമി |
| ചേർപ്പുങ്കൽ | - ലിസി ജോൺസൺ |
| ഇലഞ്ഞി | - മേഴ്സി മാണി |
| കടനാട് | - ലൗലി ബിനു |

| | |
|---|---|
| കടുത്തുരുത്തി | - ഫിലോമിനാ സേവ്യർ |
| കൂട്ടിക്കൽ | - സാലി സാജു |
| കോതനല്ലൂർ | - ജയ്സമ്മ ബേബി |
| കുറവിലങ്ങാട് | - ജെസി ജോസ് |
| മൂലമറ്റം | - ലീന സിബി |
| മുട്ടുചിറ | - ലില്ലി ജോക്കബ് |
| പൂഞ്ഞാർ | - മോളിക്കുട്ടി ജേക്കബ് |
| പ്രവിത്താനം | - ആൻസി ഫ്രാൻസീസ് |
| രാമപുരം | - റ്റെസി സെബാസ്റ്റ്യൻ |
| തീക്കോയി | - സോണിയ ജോർജ് |
| തുടങ്ങനാട് | - ഡെയ്സി കാവുംപുറത്ത് |

**E. പ്രോലൈഫ്**

**മീറ്റിംഗ്**

ഡിസംബർ 16-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ പ്രോലൈഫ് സമിതിയുടെ മീറ്റിംഗ് നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് മാത്യു കുര്യാക്കോസ്, സെക്രട്ടറി ഡോ. ഫെലിക്സ് എന്നിവർ മീറ്റിംഗിൽ സംബന്ധിച്ചു.

**F. സീറോ മലബാർ പാലാ മാട്രിമോണി**

**1. ഡേറ്റാ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമോണി സീറോ മലബാർസഭയിലെ 18 രൂപതകളുടെയും മാട്രിമോണികളുമായിച്ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപികപത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളികളാണ്. പാലാ മാട്രിമോണിയിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യാൻ സാധിക്കും. അതോടൊപ്പം പേമെന്റ് നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ച ദീപികപത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 977819182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിംഗ്**

ഡിസംബർ 10-ാം തീയതി സീറോ മലബാർ മാട്രിമോണിയുടെ ഡയറക്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു.

### G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫാബ്രിക് പെയിന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ് പെയിന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയ്ന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസുകൾ നടത്തപ്പെടുന്നു.

ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിരങ്ങൾക്ക് വിളിക്കേണ്ട നമ്പർ 9496571321

### I. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായ പദ്ധതിയായ മംഗല്യനിധിവഴി ഒക്ടോബർ, നവംബർ മാസങ്ങളിൽ വെള്ളിയാമറ്റം, നീലൂർ, കത്തീഡ്രൽ, കിഴപറയാർ, മൂഴൂർ എന്നീ ഇടവകകളിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

### രൂപതാ കമ്മിറ്റി

രൂപതാ കമ്മറ്റി പ്രസിഡന്റ് എമ്മാനുവൽ ജോൺ നിധീരിയുടെ അധ്യക്ഷതയിൽ ചേർന്നു. രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ്, ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ, സാജു അലക്സ്, ആൻസമ്മ സാബു, എം.എം ജേക്കബ്, ഇ.എം. ജോർജ്, എഡ്വിൻ പാമ്പാറ, റ്റോമി കണ്ണിറ്റുമ്യാലിൽ എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി.

### തീരുമാനങ്ങൾ

1. 11-ാം തീയതി സൺഡേ സ്കൂളിൽ എട്ടുമുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി നടത്തുന്ന ക്യാമ്പയിൽ എൾഡസ്റ്റ് നാർക്കോട്ടിക് എന്ന പ്രോഗ്രാമിന്റെ ഭാഗമായി പോസ്റ്റർ ഡിസൈനിംഗ് മത്സരത്തിൽ സജീവമായി പങ്കെടുക്കുക. മത്സരശേഷം ഇടവകകളിൽനിന്ന് പോസ്റ്ററുകൾ വാങ്ങി രൂപതാ ഓഫീസിൽ എത്തിക്കുക. കൗൺസിൽ കോർഡിനേറ്റർ എഡ്വിൻ പാമ്പാറയെയും വനിതാ കൗൺസിൽ കോർഡിനേറ്റർ ആൻസമ്മ സാബുവിനെയും ചുമതലകൾ ഏല്പിച്ചു, രൂപതാതലത്തിലും സ്റ്റേറ്റ് തലത്തിലും സമ്മാനങ്ങൾ പ്രഖ്യാപിച്ചു. ഡിസംബർ 18 ന് മദ്യമയക്കുമരുന്ന് വിപത്തിനെതിരേ ഏകദിന ഉപവാസം നടത്തുക. രൂപതാകമ്മിറ്റിയംഗങ്ങൾ എല്ലാവരും ഉപവസിക്കുക. ഫൊറോനാതിരിച്ച് യൂണിറ്റുകളിൽനിന്ന് അംഗങ്ങൾ സമയംവച്ച് ഉപവാസത്തിൽ പങ്കെടുക്കുക. ഓരോ

യൂണിറ്റിൽനിന്നും പത്തിൽ കുറയാത്ത അംഗങ്ങൾ പങ്കെടുക്കുവാൻ എല്ലാവരും ശ്രദ്ധിക്കുക.

| ഫൊറോന | സമയം |
|---|---|
| പാലാ, കടനാട് | 10 - 11 am |
| ഭരണങ്ങാനം, പ്രവിത്താനം | 11 am - 12 pm |
| അരുവിത്തുറ, കൂട്ടിക്കൽ | 12 - 1 pm |
| പൂഞ്ഞാർ, കടുത്തുരുത്തി | 1 - 2 pm |
| കോതനെല്ലൂർ, ഇലഞ്ഞി | 2 - 3 pm |
| മുട്ടുചിറ, മൂലമറ്റം, തുടങ്ങനാട് | 3 - 4 pm |
| ചേർപ്പുങ്കൽ തീക്കോയ് | 4 - 5 pm |
| കുറവിലങ്ങാട്, രാമപുരം | 5 - 6 pm |

3. ദേശീയ ന്യൂനപക്ഷ അവകാശദിനസമ്മേളനം നടത്തുക.

4. അടുക്കളത്തോട്ടമത്സരത്തിൽ പങ്കെടുക്കുന്നവരുടെ തോട്ടങ്ങളിൽ കൺവീനർ സന്ദർശിക്കുക.

**പോസ്റ്റർ ഡിസൈനിംഗ്**

ഡിസംബർ 11-ന് 8 മുതൽ 12 വരെയുള്ള സൺഡേ സ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മദ്യ-മയക്കുമരുന്ന് വിപത്തിനെതിരേ നടത്തിയ പോസ്റ്റർ ഡിസൈനിംഗിൽ ധാരാളം കുട്ടികൾ പങ്കെടുത്തു.

**ഉപവാസധർണ**

ഡിസംബർ 18 പാലാ കുരിശുപള്ളിക്കവലയിൽ രാവിലെ 10 മുതൽ വൈകുന്നേരം 6 മണിവരെ ഉപവാസധർണ നടത്തി. ധർണ വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വേത്താനം ഉദ്ഘാടനം ചെയ്തു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ. എസ്.എം. വൈ. എം. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ, സി.എം. ജോർജ്, ആൻസമ്മ സാബു, എസ്.എം.വൈ.എം. പ്രസിഡന്റ് ജോസഫ് കിണറ്റുകര, എഡ്വിൻ പാമ്പാറ തുടങ്ങിയവർ സംസാരിച്ചു. രൂപതാ ഫൊറോന യൂണിറ്റ് ഭാരവാഹികളും അംഗങ്ങളും സംസാരിച്ചു.

6 മണിക്ക് രൂപതാ പ്രോട്ടോ സിഞ്ചുലൂസ് മോൺ. ജോസഫ് തടത്തിൽ നാരങ്ങാനീരു നൽകി ഉപവാസം അവസാനിപ്പിച്ചു.

**ദേശീയ ന്യൂനപക്ഷ അവകാശദിന സമ്മേളനം**

ദേശീയന്യൂനപക്ഷദിനാഘോഷം രൂപതാ പ്രസിഡന്റ് എമ്മാനുവൽ ജോൺ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രോട്ടോ സിഞ്ചുലൂസ് മോൺ. ജോസഫ് തടത്തിൽ നിർവഹിച്ചു. റവ. ഡോ ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ സാജു അലക്സ്, ജോൺസൺ വീട്ടിയാങ്കൽ, ആൻസമ്മ സാബു തുടങ്ങിയവർ സംസാരിച്ചു.

**സിഗ്നേച്ചർ ക്യാമ്പയിൽ**

ക്യാമ്പയിൽ എഗൈൻസ്റ്റ് നാർക്കോട്ടിക് പ്രോഗ്രാമിന്റെ ഭാഗമായ പാലായിൽ സിഗ്നേച്ചർ ക്യാമ്പയിൽ സംഘടിപ്പിച്ചു. എസ്.എം. വൈ. എം. രൂപതാ ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി ഉദ്ഘാടനം ചെയ്തു. എമ്മാനുവർ നിധീരി യോഗത്തിൽ അധ്യക്ഷത വഹിച്ചു. എസ്.എം.വൈ.എം. രൂപതാ പ്രസിഡന്റ് ജോസഫ് കിണറ്റുകര, എഡ്വിൻ പാമ്പാറ തുടങ്ങി നൂറുകണക്കിന് ആളുകൾ ക്യാമ്പയിൻ ഭാഗഭാക്കുകളായി.

**ഫൊറോനാസമ്മേളനം**

**ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ ഫൊറോനാസമ്മേളനവും വിമുക്തഭടന്മാരെ ആദരിക്കലും മൂഴൂർ സെന്റ് മേരീസ് പള്ളിഹാളിൽ നടത്തി. മേഖല പ്രസിഡന്റ് റ്റി.ജെ. ലൂക്കോസ് അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സുറിയാനി ക്രിസ്ത്യാനികളും ദേശീയതയും എന്ന വിഷയത്തിൽ ഡോ. റെജി മേക്കാടൻ സെമിനാർ നയിച്ചു. ഫാ. ഇഗ്നേഷ്യസ് നടുവിലേക്കുറ്റ്, ജോയ് മാത്യു, ജോസ് വട്ടുകുളം, സണ്ണി മാന്തറ, ബേബിച്ചൻ അഴിയാത്ത്, ഔസേപ്പച്ചൻ മുണ്ടയ്ക്കൽ. ബെച്ച സിബി, ജോഫി തോമസ് തുടങ്ങിയവർ സംസാരിച്ചു. 60–ൽപരം വിമുക്തഭടന്മാരെ മൊമെന്റോ നൽകി ആദരിച്ചു.

**രാമപുരം ഫൊറോനാ**

രാമപുരം ഫൊറോന കമ്മിറ്റി ആഫീസിന്റെ വെഞ്ചരിപ്പുകർമ്മം രൂപതാ ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു. രൂപതാ പ്രസിഡന്റ് ഇമ്മാനുവൽ നിധീരി, ജോബിൻ പുതിയിടത്തുചാലിൽ, ബിനു മാണി മംഗലത്ത്, സജിമോൻ മിറ്റത്താനിക്കൽ എന്നിവർ നേതൃത്വം നൽകി.

**രാമപുരം യൂണിറ്റ്**

മെമ്പർഷിപ്പ് കാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച വിപുലമായ മീറ്റിംഗിൽ 69 അംഗങ്ങളെക്കൂടി പുതുതായിച്ചേർത്തു. ശ്രീ സജിമോൻ മിറ്റത്താനിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് ശ്രീ ഇമ്മാനുവൽ നിധീരി മെമ്പർഷിപ്പ് കാർഡ് വിതരണം ചെയ്തു. മീറ്റിംഗിൽ പങ്കെടുത്തവർക്ക് സൗജന്യമായി പച്ചക്കറിവിത്തുകൾ വിതരണം ചെയ്തു.

**കുറവിലങ്ങാട് യൂണിറ്റ്**

ക്രിസ്തുമസ് ദിവസം ബഹു. ജോസഫ് മലേപ്പറമ്പിലച്ചന്റെ കാര്യസ്ഥതയിൽ കുറവിലങ്ങാട്ട് പ്രവർത്തിക്കുന്ന അനുഗ്രഹ ചാരിറ്റബിൾ ട്രസ്റ്റിൽ മെമ്പർമാർ ഒത്തുചേർന്ന് പ്രാർത്ഥന നടത്തി. ട്രസ്റ്റിനായി സമാഹരിച്ച ധനസഹായം യൂണിറ്റ് പ്രസിഡന്റ് ബ്രൈസ് ലൂക്കോസ് ഭാരവാഹികളെ ഏല്പിച്ചു. രൂപതാ പ്രസിഡന്റ് ഇമ്മാനുവൽ നിധീരി ക്രിസ്തുമസ് സന്ദേശം നൽകി. ഉഴവൂരിൽ പ്രവർത്തിക്കുന്ന ആവേ മരിയയിലെ അന്തേവാസികൾക്ക് ക്രിസ്തുമസിനോടനുബന്ധിച്ച് ഭക്ഷണസാമഗ്രികൾ വിതരണം ചെയ്തു.

**കുറവിലങ്ങാട് വനിതാ യൂണിറ്റ്**

കുറവിലങ്ങാട് പ്രവർത്തിക്കുന്ന വനിതാ യൂണിറ്റ് പുതുതായി 28 വനിതകളെക്കൂടി ചേർത്ത് വിപുലീകരിച്ചു. പുതിയ പ്രസിഡന്റായി അഡ്വ. സിന്ധു ജരാർദ്ദ് നിധീരിയെയും സെക്രട്ടറി ശ്രീമതി സിൻസി ബിജു താന്നിക്കത്തറപ്പിലിനെയും തെരഞ്ഞെടുത്തു.

**മേലുകാവുമറ്റം**

മേലുകാവുമറ്റം യൂണിറ്റ് സമ്മേളനം രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ജോർജുകുട്ടി വട്ടക്കാനായിൽ അധ്യക്ഷത വഹിച്ചു. ജോസ് വട്ടുകുളം പ്രഭാഷണവും റവ. ഫാ. എബ്രാഹം കുഴിമുള്ളിൽ അനുഗ്രഹപ്രഭാഷണവും നടത്തി. ജിസമോൻ, ജോസ് ആൻഡ്രൂസ് പാമ്പയ്ക്കൽ തുടങ്ങിയവർ സംസാരിച്ചു.

**മുളക്കുളം**

മുളക്കുളം യൂണിറ്റ് അംഗങ്ങൾ പൊൻകുറ്റി മുക്കിയടത്തിൽ ക്രിസ്മസ് സന്ധ്യ സംഘടിപ്പിച്ചു. കുരുപ്പള്ളി പള്ളിവികാരി ഡെന്നീസ് തെക്കുംചേരിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ജയിംസ് കുറ്റിക്കോട്ടയിൽ അധ്യക്ഷത വഹിച്ചു. എം. പി. ജോസഫ്, ജിജോ അറയ്ക്കൽ, ജോർജ് പെരുമ്പള്ളിൽ, ഷാജി മരിയാലയം തുടങ്ങിയവർ മധുരപലഹാരങ്ങളും സമ്മാനങ്ങളും വിതരണം ചെയ്തു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. വാർഷികാഘോഷങ്ങൾ**

വിവിധ ഇടവകകളിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വാശ്രയസംഘങ്ങൾ, കർഷകദള ഫെഡറേഷനുകൾ, സ്വയം സഹായസംഘങ്ങൾ എന്നിവർ വാർഷികാഘോഷങ്ങളും ക്രിസ്തുമസ് ആഘോഷങ്ങളും നടത്തി. നവംബർ 6 ന് കാഞ്ഞിരമറ്റം കർഷകദള ഫെഡറേഷന്റെ വാർഷികാഘോഷം കാഞ്ഞിരമറ്റം മാർസ്ലീവാപള്ളി പാരീഷ് ഹാളിൽവച്ച് നടത്തുകയുണ്ടായി. വാലാച്ചിറ, കാട്ടാംപക്ക് സ്വാശ്രയസംഘങ്ങൾ, ഐങ്കൊമ്പ്, മീനച്ചിൽ, ഇടമറുക്, പിഴക്, ചേന്നാട്, മണിയംകുളം എന്നീ സ്വയം സഹായസംഘങ്ങളും വാർഷികാഘോഷവും ക്രിസ്തുമസ് ആഘോഷവും നടത്തി.

**2. പരിശീലനപരിപാടികൾ**

**സ്വയംസഹായസംഘ നേതൃപരിശീലനങ്ങൾ**

നബാർഡിന്റെ സഹകരണത്തോടെ മൂലമറ്റം, അരുവിത്തുറ, തീക്കോയി, പൂഞ്ഞാർ, കൂട്ടിക്കൽ സോണുകളിലെ 150 SHY ലീഡർമാർക്കുള്ള ഏകദിന പരിശീലനം സംഘടിപ്പിച്ചു. PSWS പി.ആർ.ഒ. ഡാന്റീസ് കൂനാനിക്കൽ പ്രൊജക്ട് ഓഫീസർമാരായ ജോയി മടിക്കാങ്കൽ, സിബി മാത്യു കണിയാപടി, മെർലി ജെയിംസ് തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

**3. കേക്ക് നിർമ്മാണപരിശീലനം**

ഡിസംബർ മാസത്തിൽ വനിതകൾക്കായി രണ്ടു ദിവസം കേക്കുനിർമ്മാണപരിശീലനപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. 100 വനിതകൾ പങ്കെടുത്ത പരിപാടിയിൽ ശ്രീമതി ഷൈനി ജോസഫ് കിണറ്റുകര ക്ലാസ്സുകൾ നയിച്ചു.

**4. അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ്**

അഗ്രിമ മാർക്കറ്റിൽ വിവിധ കർഷകക്കൂട്ടായ്മയുടെ കാർഷികവിളകൾ, സംഘങ്ങളും വീട്ടമ്മാരും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങൾ, മറ്റുനാടൻ ഉത്പന്നങ്ങൾ, ഹൈബ്രീഡ് പച്ചക്കറിത്തൈകൾ, ഫലവൃക്ഷത്തൈകൾ, കാർഷികോപകരണങ്ങൾ, അണുനാശിനികൾ, ചെടിച്ചട്ടികൾ, അനുബന്ധസാമഗ്രികൾ തുടങ്ങിയവ വിൽപ്പന നടത്തിവരുന്നു.

**5. കോഴിക്കുഞ്ഞുവിതരണം**

അഗ്രിമ മാർക്കറ്റിൽ BV 380 കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, കോഴിക്കൂടുകൾ എന്നിവ സബ്സിഡിയോടുകൂടി വിതരണം ചെയ്തുവരുന്നു.

**6. കാർഷികോപകരണങ്ങൾ**

കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ 80% സബ്സിഡിയോടുകൂടി വിവിധതരം കാർഷികോപകരണങ്ങൾ കർഷകസംഘങ്ങൾക്ക് ലഭ്യമാകാനുള്ള സൗകര്യം ഏർപ്പെടുത്തി.

**7. സോൺ വാർഷികങ്ങൾ**

തീക്കോയി: തീക്കോയി സോൺ വാർഷികം ഡോൺ ഡയറക്ടർ റവ. ഡോ. തോമസ് മേനാച്ചേരിയുടെ അധ്യക്ഷതയിൽ തീക്കോയി സെന്റ് മേരീസ് പാരീഷ്ഹാളിൽ നടന്നു. P.S.W.S ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജോയി മടിക്കാങ്കൽ, സിബി കണിയാംപടി, ജിജി തോമസ് വളയത്തിൽ, റോയിച്ചൻ മടിക്കാങ്കൽ, ജെയ്സി മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

**8. ഇലഞ്ഞി:** ഇലഞ്ഞി സോൺ വാർഷികം ഡിസംബർ 20 ന് ആഘോഷിച്ചു. P.S.W.S ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ പരിപാടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സോണൽ രക്ഷാധികാരി ഫാ. ജോസഫ് ഇടത്തുംപറമ്പിൽ അധ്യക്ഷത വഹിച്ചു. സോണൽ ഡയറക്ടർ പോൾ കുന്നുംപുറം മുഖ്യപ്രഭാഷണം നടത്തി. ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി സ്വയംസഹായസംഘങ്ങൾ സെന്റ് ജോസഫ്സ് വൃദ്ധമന്ദിരം സന്ദർശിച്ച് കേക്കുവിതരണം നടത്തി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**അൽഫോൻസാഗിരി യൂണിറ്റ് രൂപീകരണം**

2022 ഡിസംബർ 18-ാം തീയതി ഞായറാഴ്ച രാവിലെ 8.30 ന് യൂണിറ്റ് രൂപീകരിച്ചു. യൂണിറ്റ് യോഗത്തിൽ വച്ച് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്യുകയും യൂണിറ്റ് പ്രസിഡന്റ് ജോബിമോൻ അധ്യക്ഷപ്രസംഗം നടത്തുകയും ചെയ്തു. യോഗത്തിന് ഇടവകവികാരി ഫാ. ജോസഫ് തെങ്ങുംപള്ളിയിൽ സ്വാഗതം ആശംസിച്ചു. രൂപത പ്രസിഡന്റ് ബിനോയ് ജോൺ, രൂപത ഓർഗനൈസർ ബേബി പാറയ്ക്കൽ, മേഖല സെക്രട്ടറി സണ്ണി പല്ലാട്ട് എന്നിവർ ആശംസകൾ അർപ്പിച്ചു.

**പാലാ രൂപത കമ്മിറ്റി**

2022 ഡിസംബർ 4-ാം ഞായറാഴ്ച രാവിലെ 11 മണിക്ക് ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡി.സി.എം.എസ് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. ഖജാൻജി ശ്രീമതി മേരി എം.പിയുടെ അഭാവത്തിൽ സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. വിവിധ കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്തു.

**പാലാ രൂപത കൗൺസിൽ**

2022 ഡിസംബർ 4-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡി.സി.എം.എസ് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. തുടർന്ന് ഖജാൻജി ശ്രീമതി മേരി എം.പിയുടെ അഭാവത്തിൽ സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. തുടർന്ന് ചർച്ചകൾ നടത്തി.

**അനുശോചനം**

ഡി.സി.എം.എസ്. മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും നിലവിൽ സംസ്ഥാന ഖജാൻജിയുമായ എൻ. ദേവദാസ് 2022 ഡിസംബർ 21 ബുധനാഴ്ച കർത്താവിൽ നിദ്രപ്രാപിക്കുകയുണ്ടായി. ഡിസിഎംഎസ് സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പാലാരൂപത സെക്രട്ടറി ബിന്ദു ആന്റണി, തങ്കച്ചൻ വടക്കേക്കര എന്നിവർ അദ്ദേഹത്തിന്റെ വസതിയിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. സമൂഹബലിയിലും മൃതസംസ്കാരച്ചടങ്ങുകളിലും ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സഹകാർമ്മികത്വം വഹിച്ച് പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു.

ഡി.സി.എം.എസ് രൂപത ഓർഗനൈസർ ശ്രീ ബേബി ആന്റണി പാറയ്ക്കലിന്റെ ഭാര്യമാതാവ് അന്നക്കുട്ടി ദേവസ്യയോടുള്ള അനുശോചനം അറിയിക്കുന്നു.

**കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ പുതിയ ഭാരവാഹികൾ**

കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ ചെയർമാനായി കോട്ടയം രൂപത സഹായമെത്രാൻ ബിഷപ് ഗീവർഗീസ് മാർ എപ്രേം നിയമിതനായി. വൈസ് ചെയർമാന്മാരായി നെയ്യാറ്റിൻകര രൂപത ബിഷപ് റവ. ഡോവിൻ സെന്റ് സാമുവൽ, സീറോ മലബാർ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കലും നിയമിതരായി.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. പ്രോജക്ട്**

ഡിസെയർ പ്രോജക്ടിന്റെ രണ്ടും മൂന്നും നാലും അഞ്ചും പരിശീലന പരിപാടികൾ പുലിയന്നൂർ ഡി.സി.എം.ആർ. സ്പെഷൽ സ്കൂളിൽ വച്ചു നടത്തി.

**2. പരിശീലന പരിപാടികൾ**

(എ) അംഗപരിമിതരായ കുട്ടികൾക്കു വിനോദയാത്രയും തുടർപരിശീലനവും നടത്തി.

(ബി) ശാരീരികവൈകല്യമുള്ളവരുടെ അതിജീവനത്തിനുവേണ്ടി 30 അമ്മമാർക്ക് തൊഴിൽപരിശീലനത്തിന്റെ ഭാഗമായി സോപ്പുപൊടി, ഡിഷ് വാഷ് നിർമ്മാണപരിശീലനം നല്കി.

(സി) സാമൂഹ്യനീതി ബോധവത്കരണത്തിന്റെ ഭാഗമായി 50 പേർ പങ്കെടുത്ത സെമിനാർ നടത്തി.

(ബി) അംഗപരിമിതരെക്കുറിച്ചുള്ള പൊതു ബോധവത്കരണസെമിനാർ നടത്തി.

**4. പേരന്റ്സ് മീറ്റിംഗ്**

പുലിയന്നൂർ ഡി.സി.എം.ആർ സ്പെഷൽ സ്കൂളിൽ പേരന്റ്സ് മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി

**5. ക്രിസ്തുമസ് സെലിബ്രേഷൻ**

പുലിയന്നൂർ സ്പെഷൽ സ്കൂളിൽവച്ചു നടന്ന ക്രിസ്തുമസ് സെലിബ്രേഷനിൽ പങ്കുചേർന്നു.

**6. കോഴിക്കുഞ്ഞു വിതരണം**

സ്പെഷൽ സ്കൂളിലെ തിരഞ്ഞെടുക്കപ്പെട്ട സ്ത്രീകൾക്ക് 60 ദിവസം പ്രായമായ അഞ്ചു കോഴിക്കുഞ്ഞുങ്ങളെ വീതം നല്കി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. പ്രോജക്ട്**

കേരള ലേബർ മൂവ്മെന്റിന്റെ ഡിസെയർ പ്രോജക്ടിന്റെ രണ്ടും മൂന്നും നാലും അഞ്ചും പരിശീലനപരിപാടികൾ പുലിയന്നൂർ ഡി.സി.എം.ആർ സ്പെഷൽ സ്കൂളിൽ വച്ചു നടത്തി.

**2. പരിശീലനപരിപാടികൾ**

(എ) അംഗപരിമിതരായ കുട്ടികൾക്കു വിനോദയാത്രയും തുടർപരിശീലനവും നടത്തി.

(ബി) ശാരീരികവൈകല്യമുള്ളവരുടെ അതിജീവനത്തിനുവേണ്ടി 30 അമ്മമാർക്ക് തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി സോപ്പുപൊടി, ഡിഷ് വാഷ് നിർമ്മാണ പരിശീലനം നല്കി.

(സി) സാമൂഹ്യനീതി ബോധവത്കരണത്തിന്റെ ഭാഗമായി 50 പേർ പങ്കെടുത്ത സെമിനാർ നടത്തി.

(ബി) അംഗപരിമിതർക്കായുള്ള പൊതു ബോധവത്കരണ സെമിനാർ നടത്തി.

**3. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P).

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. ആൽക്കഹോൾ അനോനിമസ് (AA) മീറ്റിംഗ്**

ഡിസംബർ മാസം 4,11, 18, 25 തിയതികളിൽ AA മീറ്റിംഗുകൾ നടന്നു. പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ, ലിജോ, പാപ്പച്ചൻ മുത്തോലി എന്നിവർ നേതൃത്വം നല്കി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ എന്നിവർ ആമുഖസന്ദേശം നല്കി.

**2. ക്രിസ്തുമസ് ആഘോഷങ്ങൾ**

ഡിസംബർ 25 ന് വിപുലമായ ആഘോഷങ്ങളോടെ ക്രിസ്തുമസ് നടത്തപ്പെട്ടു. സ്റ്റാഫ് അംഗങ്ങളുടെയും അന്തേവാസികളുടെയും നേതൃത്വത്തിൽ പുൽക്കൂടും

ക്രിസ്മസ് ട്രീയും നിർമ്മിച്ചു. രാത്രിസമ്മേളനത്തിൽ കേക്ക് മുറിച്ച് ഡയറക്ടറച്ചൻ എല്ലാവർക്കും നല്കി. പിറ്റേന്ന് AA അംഗങ്ങൾക്ക് ഉൾപ്പെടെ എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

**3. ബോധവത്കരണ ക്ലാസ്**

1. ഡിസംബർ 8 ന് പൈക ജ്യോതി പബ്ലിക് സ്കൂളിൽ നടന്ന ലഹരിവിരുദ്ധ പരിപാടിയിൽ ബോധവത്കരണ ക്ലാസ്സ് നടത്തി. അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ക്ലാസ് നയിച്ചു. അഡാർട്ട് കൗൺസിലേഴ്സ് മിസ് മരിയ പോൾ, ആൻ മരിയ എന്നിവർ ക്ലാസുകൾ എടുത്തു.

2. ഡിസംബർ 9 ന് മുട്ടം, ഷന്താൾ ജ്യോതി പബ്ലിക് സ്കൂളിൽ നടന്ന ലഹരി വിരുദ്ധപരിപാടിയിൽ അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ക്ലാസ് നയിച്ചു. അഡാർട്ട് കൗൺസിലേഴ്സ് മിസ് മരിയ പോൾ, ആൻ മരിയ എന്നിവർ ക്ലാസുകൾ എടുത്തു.

3. ഡിസംബർ 14 ന് അഡാർട്ട് കേന്ദ്രത്തിൽ നടന്ന ലഹരിവിരുദ്ധ ബോധവത്കരണ പ്രോഗ്രാമിൽ ചേർപ്പുങ്കൽ BVM കോളേജിലെ നാലാം സെമസ്റ്ററിലെ 48 കുട്ടികൾ അവരുടെ അദ്ധ്യാപകരോടൊപ്പം പങ്കെടുത്തു. അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ ക്ലാസ്സ് നയിച്ചു. അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എല്ലാവരെയും സ്വാഗതം ചെയ്തു സംസാരിച്ചു.

4. ഡിസംബർ 15 മുതൽ 18 വരെ പാലാ സബ് ജയിലിൽ നടന്ന ജയിൽ ക്ഷേമദിനാഘോഷത്തിൽ അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രസംഗിച്ചു. ബഹു. MLA മാണി സി കാപ്പൻ മുഖ്യാതിഥിയായിരുന്ന സമ്മേളനത്തിൽ ഡോ. സിറിയക് തോമസ് മുഖ്യസന്ദേശം നല്കി.

5. ഡിസംബർ 20 ന് മുട്ടം ജയിലിൽ നടന്ന ജയിൽ ക്ഷേമദിനാഘോഷത്തിൽ അഡാർട്ട് അസി. ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ പ്രസംഗിച്ചു. ബഹു. തൊടുപുഴ ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് റോഷൻ തോമസ് മുഖ്യാതിഥി ആയിരുന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ് 2023**

വിഷയം : ജോഷ്വാ 13-24, പ്രഭാഷകൻ 27-33
ലൂക്കാ 1-8, 2 കോറിന്തോസ് 1-6

**2. ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ പുതിയ ബാച്ച് 2023 ജനുവരി 14 ന് ആരംഭിക്കുന്നു. ബൈബിളിലെ ചരിത്രപുസ്തകങ്ങളെക്കുറിച്ചുള്ള ക്ലാസിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ & കരിസ്മാറ്റിക്

**1. പാലാ കത്തീഡ്രലിൽ വെള്ളിയാഴ്ചശുശ്രൂഷകൾ**

ബഹുമാനപ്പെട്ട റവ. ഫാ. ജേക്കബ് വെള്ളമരുതങ്കൽ അച്ചന്റെ നേതൃത്വത്തിൽ എല്ലാം വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ 2.00 വരെയും വിശുദ്ധ കുർബാന, വചനപ്രഘോഷണം, സൗഖ്യശുശ്രൂഷകൾ, ജപമാല, നന്ദി സ്തുതി, ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. നവംബർ 4 ന് റവ. ഫാ. സെബാസ്റ്റ്യൻ (ഡെന്നിസ്) തെക്കുംചേരിക്കുന്നേൽ, 11 ന് ബ്രദർ സാജൻ നെല്ലിമറ്റത്തിൽ, 18 ന് റവ. ഫാ. സെബാസ്റ്റ്യൻ ചാമക്കാലയിൽ, 25 ന് റവ. ഫാ. തോമസ് വെട്ടുകാട്ടിൽ എന്നിവർ വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി

**2. കരിസ്മാറ്റിക് സംഗമം**

പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതങ്കലച്ചന്റെ നേതൃത്വത്തിൽ പാലാ സെന്റ് ജോസഫ് കിഴതടിയൂർ ദൈവലയത്തിൽവച്ച് നവംബർ 5 ആദ്യശനി 9 മണി മുതൽ 2 വരെ കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു. ജപമാല, നന്ദി സ്തുതി ആരധാന, വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന, മിനിസ്ട്രികളുടെയും കൗൺസിലുകളുടെയും മീറ്റിംഗ് എന്നിങ്ങനെ ശുശ്രൂഷകൾ ക്രമികരിക്കപ്പെട്ടു. റവ.ഫാ. ജെയിംസ് (ടോണി) ചൊവ്വേലികുടിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.

**3. കുരിശിന്റെ വഴി**

എല്ലാം വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെയും ഓൺലൈനിൽ കുരിശിന്റെവഴി പ്രാർത്ഥന പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു അനേകം കുടുംബങ്ങൾ പങ്കെടുത്തു.

**4 രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ചു നടന്നുവരുന്ന രാത്രിയാരാധന നവംബർ 26 ശനിയാഴ്ച വൈകിട്ട് 7 മണി മുതൽ 27 ന് രാവിലെ 5 വരെ നടത്തപ്പെട്ടു റവ. ഫാ. പോൾ വടക്കേമുറി സി.എം.ഐ. (ഡയറക്ടർ മരിയൻ വചനതീരം ധ്യനകേന്ദ്രം) വചനശുശ്രൂഷയും ആരാധനയും നയിച്ചു. തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോസഫ് വള്ളോംപുരയിടം, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതങ്കൽ, രൂപത സേവനസമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**5 പാലാ രൂപത ബൈബിൾ കൺവെൻഷനുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന**

ഡിസംബർ 19 മുതൽ നടക്കുന്ന രൂപത ബൈബിൾ കൺവെൻഷനു വേണ്ടിയുള്ള മധ്യസ്ഥപ്രാർത്ഥന പാലാ സോണൽ സേവനസമിതിയുടെ

മധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ നവംബർ 1 മുതൽ 10 മണി മുതൽ 1 മണിവരെ എല്ലാം ദിവസവും (ഞായർ, വെള്ളി ഒഴികെ ) പാലാ ലീജിയൻ ഹോമിൽ നടന്നുകൊണ്ടിരിക്കുന്നു. ദിവസവും ഇരുപത്തഞ്ചോളം പേർ പങ്കെടുക്കുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**1. പാലാ സബ് ജയിൽ ക്രിസ്തുമസ് ആഘോഷം**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ പാലാ സബ്ജയിലിൽ ഡിസംബർ 20 ന് ശനിയാഴ്ച ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ വി. കുർബാന അർപ്പിച്ച് ക്രിസ്തുമസ് ആഘോഷം നടത്തി. കത്തോലിക്കാരായ ജയിൽ അന്തേവാസികളെ കുമ്പസാരിപ്പിക്കുകയും വി. കുർബാന നല്കുകയും ചെയ്തു. പാലാ രൂപത വികാരി ജനറൽ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ക്രിസ്തുമസ് സന്ദേശം നല്കി കേക്ക് മുറിച്ചു. സൂപ്രണ്ട് ഷാജി സാർ ആശംസകൾ അർപ്പിച്ചു. FCC അരുവിത്തുറ, പാല, SH പാല, CMC പാല, സ്നേഹഗിരി (SMS) തുടങ്ങിയ പ്രോവിൻഷ്യൽ ഹൗസുകളിൽനിന്ന് ബഹു. സിസ്റ്റേഴ്സ് പങ്കെടുത്തു. തോർത്ത്, സോപ്പ് എന്നിവ ക്രിസ്തുമസ് സമ്മാനമായി നല്കി. സി. ലിസ്മരിയ CMC യും യൂണിറ്റ് അംഗങ്ങളും നേതൃത്വം നൽകി. ബഹു. സി. റെനി FCC എല്ലാവർക്കും നന്ദി പറഞ്ഞു.

**2. മുട്ടം ഇടുക്കി ഡിസ്ട്രിക്റ്റ് ജയിൽ ക്രിസ്തുമസ് ആഘോഷം**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ മുട്ടം ജയിലിൽ ഡിസംബർ 24 ന് വി. കുർബാന അർപ്പിച്ച് ക്രിസ്തുമസ് ആഘോഷം നടത്തി. കത്തോലിക്കരായ ജയിൽ അന്തേവാസികളെ കുമ്പസാരിപ്പിക്കുകയും വി. കുർബാന നല്കുകയും ചെയ്തു. റവ. ഫാ. സെബാസ്റ്റ്യൻ പെരുന്നിലം ക്രിസ്തുമസ് സന്ദേശം നല്കി കേക്ക് മുറിച്ചു. സൂപ്രണ്ട് ഷമീർ സാർ ആശംസകൾ അർപ്പിച്ചു. വെൽഫെയർ ഓഫീസർ ഷാജി സാർ നന്ദി പറഞ്ഞു. സി. ലിസ് മരിയ സി.എം.സി. യും യൂണിറ്റ് അംഗങ്ങളും നേതൃത്വം നൽകി.

**3. പ്രാർത്ഥനാസമ്മേളനം**

ഡിസംബർ 4 ന് ഞായറാഴ്ച ജീസസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തന വിജയത്തിനായി അഡാർട്ടിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടന്നു. ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ബേബിച്ചൻ ഭരണങ്ങാനം, മത്തച്ചൻ മുത്തനാട്ട്, റ്റോമി കടനാട് എന്നിവർ നേതൃത്വം നല്കി.

**4. ജയിൽ ക്ഷേമദിനാഘോഷം**

ഡിസംബർ 20 ന് മുട്ടം ജയിലിൽ നടന്ന ജയിൽ ക്ഷേമദിനാഘോഷത്തിൽ കാക്കൊമ്പ് ഇടവക ജീസസ് ഫ്രട്ടേണിറ്റി, വികാരി റവ ഫാ. ജീവൻ കദളിക്കാട്ടി

ലിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷങ്ങൾ വിവിധ പരിപാടികളോടെ നടത്തി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
**ഫാ. ജെയിംസ് പൊരുന്നോലിൽ**
(ഡയറക്ടേഴ്സ്)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം - രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപശുശ്രൂഷ, നിയോഗസമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ഡിസംബർ 10 ന് മൗണ്ട് നെബോയ്ക്കായി പുതുതായി വെഞ്ചരിച്ച ആബാഭവനത്തിൽ വച്ച് നടത്തുകയുണ്ടായി.

2. കലർപ്പില്ലാത്ത കത്തോലിക്കാ ആത്മീയതയുടെ ആഴങ്ങളും ഔന്നത്യങ്ങളും സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വേദപാരംഗതയും വിശുദ്ധയുമായ ആവിലായിലെ അമ്മത്രേസ്യാ, ആത്മാർത്ഥതയോടെ ദൈവത്തെത്തേടുന്ന ആത്മീയാന്വേഷകർക്കായി, തന്റെ ആത്മീയാനുഭവങ്ങളെ ദൈവികവെളിപാടിന്റെ വെളിച്ചത്തിലും വ്യക്തതയിലും പ്രായോഗികപരിജ്ഞാനത്തോടെ പങ്കുവച്ചുകൊണ്ട് 1577 ൽ എഴുതിയ ആഭ്യന്തരഹർമ്മ്യം എന്ന സാർവ്വത്രികവും സാർവ്വകാലീനവുമായ മൂല്യമുള്ള ആത്മീയഗ്രന്ഥത്തിലൂടെ അനാവരണം ചെയ്യപ്പെട്ടിരിക്കുന്ന അനശ്വരങ്ങളായ ആത്മീയപാഠങ്ങളെ ഏതവസ്ഥയിലുള്ള ആത്മീയാന്വേഷകർക്കുമായി ലളിതമായി അവതരിപ്പിക്കുന്ന ഒരു പ്രബോധനപരമ്പര, 15 മിനിറ്റു വീതമുള്ള സെഷനുകളായി, നവംബർ 1 മുതൽ മൗണ്ട് നെബോ യൂട്യൂബ് ചാനലിലൂടെ ആഭ്യന്തരഹർമ്മ്യ ആത്മീയത എന്ന പേരിൽ നൽകിക്കൊണ്ടിരിക്കുന്നു.

3. ഡിസംബർ 1 മുതൽ 25 വരെ, പിറവിത്തിരുനാളിനൊരുക്കം എന്ന പേരിൽ നാലു മിനിറ്റു വീതം ദീർഘിക്കുന്ന ഒരു തിരുവചന ലഘുധ്യാനപരമ്പര മൗണ്ട് നെബോ യൂട്യൂബ് ചാനലിലൂടെ നൽകി.

4. ഡിസംബർമുതൽ താമസിച്ചുള്ള ധ്യാനശുശ്രൂഷകൾ ആരംഭിക്കുകയാണ്. പ്രധാനമായും നാലു ദൈവരാജ്യശുശ്രൂഷകളാണ് മൗണ്ട് നെബോയിൽ പൊതുവായി ക്രമീകരിച്ചിരിക്കുന്നത്. എല്ലാ രണ്ടാം ശനിയാഴ്ചകളിലും നടത്തപ്പെടുന്ന, രാവിലെ 9 മണിക്കാരംഭിച്ച് ഉച്ചകഴിഞ്ഞ് 3 മണിക്കവസാനിക്കുന്ന, ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം (ഇതിൽ സംബന്ധിക്കുവാൻ മുൻകൂട്ടി പേരു തരേണ്ടതില്ല); എല്ലാ മാസവും നടത്തപ്പെടുന്ന ത്രിദിന ദൈവരാജ്യാവബോധ ധ്യാനം; ഇടവിട്ട മാസങ്ങളിൽ മാറിമാറി നടത്തപ്പെടുന്ന പഞ്ചദിന ദൈവരാജ്യാനുഭവധ്യാനവും, നവദിന - 9 ദിവസത്തെ - ദൈവരാജ്യാഭിഷേകധ്യാനവും (ദൈവരാജ്യാനുഭവധ്യാനം കൂടിയവർക്കു മാത്രമായിരിക്കും ദൈവരാജ്യാഭിഷേക

ധ്യാനത്തിൽ പ്രവേശനമുണ്ടായിരിക്കുക). അതിൻപ്രകാരം, അടുത്ത മൂന്നു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

| | |
|---|---|
| 2022 ഡിസം 26- ജനു 1: | പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം |
| 2023 ജനു 5-8: | ത്രിദിന ദൈവരാജ്യാവബോധധ്യാനം |
| 2023 ജനു 14: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ജനു 20-30: | നവദിന ദൈവരാജ്യാനുഭവധ്യാനം |
| 2023 ഫെബ്രു 11: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ഫെബ്രു 14-20: | പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം |

ബുക്കിംഗിന്: 9847472522

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**ഡി.എഫ്.സിയുടെ ഇലക്ഷൻ നടന്ന യൂണിറ്റുകൾ**

ചെമ്പിളാവ്, ചെമ്മലമറ്റം, അമ്പാറനിരപ്പേൽ, പൂഞ്ഞാർ, ഉള്ളനാട്, പെരിങ്ങുളം, മറ്റക്കര, പിറവം, പൈക, മാനത്തൂർ, പാദുവ, ചോലത്തടം, മംഗളാരം, മണിയംകുന്ന്, കടുത്തുരുത്തി, കൈപ്പള്ളി, കുന്നോന്നി, പയ്യാനിത്തോട്ടം, കാക്കൊമ്പ്, മേരിലാന്റ്, കുറിഞ്ഞി, മാവടി, പിഴക്, അന്തീനാട്.

**ദീപികപത്ര പ്രചരണം**

ഇടമറുക് ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി
കടുത്തുരുത്തി ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**ഇൻഫാം ദേശീയ സമിതിയുടെ മീറ്റിങ് (ഗൂഗിൾ)**

14-12-2022 ൽ ദേശീയ ചെയർമാൻ മാർ റെമേജിയൂസ് ഇഞ്ചനാനി പിതാവിന്റെ അധ്യക്ഷതയിൽ കൂടി. രൂക്ഷമായിക്കൊണ്ടിരിക്കുന്ന ബഫർസോൺ വിഷയത്തിൽ നീണ്ട ചർച്ചകൾ നടന്നു. ഓരോ പ്രദേശത്തിന്റെയും വിഷയങ്ങൾ അവിടെയുള്ള ഇൻഫാമിന്റെ നേതൃത്വം പഠിക്കുകയും പരിഹാരമാർഗങ്ങൾ കണ്ടെത്താൻ വേണ്ട നടപടികൾ കൈകൊള്ളുകയും ചെയ്യണമെന്ന് യോഗത്തിൽ തീരുമാനമുണ്ടായി. കാർഷിക വിളകളുടെ വിലയിടിവ് റബറിന്റെ പ്രശ്നങ്ങൾ, ഹൈറേഞ്ച് തീരദേശം എന്നിവിടങ്ങളിലെ പ്രതിസന്ധികളെക്കുറിച്ച് യോഗം വിലയിരുത്തി. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിവേദനം നൽകാനും പ്രശ്നങ്ങളുടെ സങ്കീർണത കെ.സി.ബി.സി. വഴിയും സർക്കാരുകളുടെ ശ്രദ്ധയിൽ പെടുത്തുവാൻ യോഗം തീരുമാനിച്ചു. പാലായിൽനിന്ന് ഡയറക്ടർ ഫാ. ജോസ്

തറപ്പേൽ, ഫാ. ജോസ് ചെരുകരക്കുന്നേൽ, മാത്യു മാമ്പറമ്പിൽ, ബേബി പന്തപ്പള്ളിൽ തുടങ്ങിയവർ പങ്കെടുത്തു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)

# ബൈബിൾ കൺവെൻഷൻ

40-ാമത് പാലാ രൂപത ബൈബിൾ കൺവൻഷൻ 2022 ഡിസം. 19 മുതൽ 23 വരെയുള്ള തീയതികളിൽ പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ വച്ച് നടന്നു. ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം കൺവൻഷൻ ഉദ്ഘാടനം ചെയ്തു. പെരിയ ബഹു. സേവ്യർ ഖാൻ വട്ടായിൽ കൺവൻഷൻ നയിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (കൺവീനർ)






## ഫാ ജോൺ കാഞ്ഞിരംകുഴി

കർമ്മവീഥിയിലുടനീളം ഈശോയുടെ സുവിശേഷം ജീവിതനിയമമാക്കിയ ആത്മീയാചാര്യൻ ബഹു. ജോൺ കാഞ്ഞിരംകുഴി അച്ചൻ നിത്യപിതാവിന്റെ സന്നിധിയിലേക്കു യാത്രയായി. 1932 ഫെബ്രുവരി 24 ന് കോതനല്ലൂർ ഇടവകയിൽ കാഞ്ഞിരംകുഴി യൗസേപ്പ് – റോസ് ദമ്പതികളുടെ മകനായി ജനിച്ച ജോൺ അച്ചന് നാല് സഹോദരന്മാരും ഒരു സഹോദരിയുമാണുള്ളത്. കോതനല്ലൂർ പള്ളിയിൽവച്ച് 1932 മാർച്ച് 18 മാമ്മോദിസായും 1944 ഫെബ്രുവരി ഒമ്പതാം തീയതി മാർ ജെയിംസ് കാളശ്ശേരി പിതാവിൽനിന്ന് സ്ഥൈര്യലേപനവും സ്വീകരിച്ചു. കോതനല്ലൂരിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി ഏറ്റുമാനൂരിൽ ഹൈസ്കൂൾ പഠനവും, സെന്റ് തോമസ് കോളേജിൽ ഉപരിപഠനവും പൂർത്തിയാക്കി അദ്ദേഹം കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ സെന്റ് ജോസഫ് മേജർ സെമിനാരിയിൽ തന്റെ വൈദികപരിശീലനം പൂർത്തിയാക്കിയ ബഹു. കാഞ്ഞിരംകുഴിയച്ചൻ 1964 മാർച്ച് 11 ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നു ഭരണങ്ങാനം സെന്റ് മേരീസ് ദൈവാലയത്തിൽവെച്ച് പൗരോഹിത്യപട്ടം സ്വീകരിച്ചു. ശുശ്രൂഷാപൗരോഹിത്യത്തിന്റെ നാൾവഴികളിൽ പൂഞ്ഞാർ, തുടങ്ങനാട്, മുണ്ടാങ്കൽ പള്ളികളിൽ സഹവികാരിയായും, തുടങ്ങനാട് മുണ്ടാങ്കൽ ഇടവകയിൽ വികാരിയായും ദൈവത്തിനും ദൈവജനത്തിനുമായി ആധ്യാത്മികശുശ്രൂഷയും വിശ്വസ്തതയോടെ നിർവഹിച്ചു. 1973 മുതൽ 75 വരെ രണ്ടുവർഷക്കാലം താബോര (Tabora) അതിരൂപതയുടെ ഭാഗമായി ശുശ്രൂഷ നിർവഹിച്ച അദ്ദേഹം യു.എസ്.എ., ഇറ്റലി, ജർമനി, സ്വിറ്റ്സർലൻഡ്, നെതർലൻഡ് തുടങ്ങിയ

സ്ഥലങ്ങളിലും തന്റെ ശുശ്രൂഷ നിർവഹിച്ചു. അറക്കുളം പഴയപള്ളി, വലിയകുമാരമംഗലം, മുണ്ടാങ്കൽ, ചെമ്മലമറ്റം, സേവ്യർപുരം, മാന്നാർ എന്നീ ഇടവകകളിൽ തന്റെ സ്തുത്യർഹമായ പൗരോഹിത്യശുശ്രൂഷ നിർവഹിച്ച അദ്ദേഹം എന്നും തീക്ഷ്ണതയുള്ള വൈദികനായിരുന്നു.

2007-ൽ മുട്ടുചിറ വിയാനി പ്രീസ്റ്റ്ഹോമിൽ തന്റെ വിശ്രമജീവിതമാരംഭിച്ച അദ്ദേഹം അതോടൊപ്പം മോനിപ്പള്ളി റോസ് ഭവന്റെ ആധ്യാത്മത്മികപിതാവായി നീണ്ടകാലം ശുശ്രൂഷ നിർവഹിച്ചു.

2022 ഡിസംബർ 7 ന് തന്റെ ഇഹലോകവാസം പൂർത്തിയായി നിത്യപുരോഹിതന്റെ സന്നിധിയിലേക്കു യാത്രയായ ജോണച്ചന്റെ ഭൗതികശരീരം 2022 ഡിസംബർ 12 ന് കോതനല്ലൂർ പള്ളിയിൽ സംസ്കരിച്ചു.



## സി. ഗ്രെയ്സ് പാറയ്ക്കൽ എഫ്.സി.സി.

പാലാ രൂപതയിൽ മറ്റക്കര ഇടവകയിൽ ദൈവവിളിയാൽ സമ്പന്നമായ പാറയ്ക്കൽ കുടുംബത്തിൽ തോമസ് - മറിയം ദമ്പതികളുടെ അഞ്ചു മക്കളിൽ രണ്ടാമത്തെ സന്താനവും ഏകപുത്രിയുമായ മേരി എന്ന സി. ഗ്രെയ്സ് 1948 നവംബർ 25 ന് ഭൂജാതയായി.

മാതാപിതാക്കളുടെ ആഴമായ വിശ്വാസജീവിതവും പ്രാർത്ഥനാചൈതന്യവും കണ്ടും കേട്ടും വളർന്നുവന്ന കുഞ്ഞുമേരി വളരെ ചെറുപ്പത്തിൽത്തന്നെ ഈശോയെ സ്നേഹിച്ചു ജീവിക്കുവാനും, ഈശോയുടെ സ്വന്തമാകുവാനും കൊതിച്ചു. മണലുങ്കൽ ഹോളിഫാമിലി യു.പി. സ്കൂളിൽനിന്നു പ്രാഥമികവിദ്യാഭ്യാസവും മണലുങ്കൽ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽനിന്ന് 1965-ൽ എസ്.എസ്.എൽ.സി. യും പാസായി. അതേ വർഷംതന്നെ രാമപുരം വിമലഗിരി നൊവിഷ്യേറ്റ് ഹൗസിൽ അർത്ഥിനിയായി ചേർന്ന് സന്ന്യാസപരിശീലനം ആരംഭിച്ചു. 1967 ഏപ്രിൽ 5-ാം തീയതിതന്നെ മുഴുവനായി ഈശോയ്ക്കു സമർപ്പിച്ച് പ്രഥമവ്രതവാഗ്ദാനം നടത്തി സി. ഗ്രെയ്സ് എന്ന പേര് സ്വീകരിച്ചു. 1973 മെയ് 12-ന് നിത്യവ്രതവാഗ്ദാനവും നടത്തി. 1968-ൽ പി.ഡി.സിയും 1973-ൽ ബിഎസ്സിയും പാലാ അൽഫോൻസാ കോളേജിൽനിന്ന് സി. ഗ്രെയ്സ് കരസ്ഥമാക്കി. തുടർന്ന്, പാലാ സെന്റ് തോമസ് ട്രെയിനിങ് കോളേജിൽ നിന്ന് ബിഎഡും പാസായി. അനന്തരം മിഷനറി തീക്ഷ്ണതയാൽ നിറഞ്ഞ് 5 വർഷം മണിപ്പൂർ മിഷനിൽ അദ്ധ്യാപകശുശ്രൂഷയും ഒപ്പം വില്ലേജ് സന്ദർശനവും നടത്തി ഈശോയ്ക്കുവേണ്ടി ആത്മാക്കളെ നേടി. 1978 -ൽ നാട്ടിൽ തിരിച്ചെത്തിയ സി. ഗ്രെയ്സ് മഞ്ഞാമറ്റം യു.പി. സ്കൂളിൽ അദ്ധ്യാപനശുശ്രൂഷ ആരംഭിച്ചു. തുടർന്ന് 1980-ൽ പാലാ സെന്റ് മേരീസ്

ഹൈസ്കൂളിൽ അദ്ധ്യാപികയായി നിയമിതയായി. 22 വർഷം പ്രസ്തുത സ്കൂളിൽ നല്ലൊരു അദ്ധ്യാപികയായി കുഞ്ഞുങ്ങളുടെയും മാതാപിതാക്കളുടെയും സഹപ്രവർത്തകരുടെയും മനസ്സിൽ മായാത്ത ഓർമ്മകൾ സമ്മാനിച്ച് അദ്ധ്യാപനശുശ്രൂഷ ചെയ്തു. 2002-ൽ വീണ്ടും മഞ്ഞാമറ്റം സെന്റ് ജോസഫ് ഹൈസ്കൂളിൽ പ്രഥമ അദ്ധ്യാപികയായി നിയമിതയായ സി. ഗ്രെയ്സ് രണ്ടുവർഷംകൊണ്ട്, നാടിനും നാട്ടുകാർക്കും കുഞ്ഞുങ്ങൾക്കും തന്റെ വിലപ്പെട്ട സേവനം കാഴ്ചവച്ച് 2004-ൽ അദ്ധ്യാപകവൃത്തിയിൽനിന്നു വിരമിച്ചു. 26 വർഷത്തെ തന്റെ അദ്ധ്യാപക ശുശ്രൂഷയിലൂടെ വലിയൊരു ശിഷ്യസമൂഹത്തിന്റെ ആദരവ് ഏറ്റുവാങ്ങുവാൻ ഗ്രെയ്സമ്മയ്ക്ക് കഴിഞ്ഞു.

55 വർഷത്തെ തന്റെ സന്ന്യാസജീവിതത്തിനിടയിൽ പാദുവാ, അൽഫോൻസാ ഹോസ്റ്റൽ, അൽഫോൻസാ കോൺവെന്റ്, കൂട്ടിക്കൽ, മഞ്ഞാമറ്റം, ഉാലം, പ്രൊവിൻഷ്യൽ ഹൗസ്, സാൻജോസ് കോൺവെന്റ്, സാന്തോം മുത്തോലി, മറ്റക്കര എന്നീ മഠങ്ങളിലും 5 വർഷം മണിപ്പൂർ മിഷനിലും, 2 വർഷം ആഫ്രിക്കൻ മിഷനറിയായി നമീബിയായിലും തന്റെ വിലപ്പെട്ട സേവനം കാഴ്ചവച്ചു.

1989 മുതൽ പ്രൊവിൻസിന്റെ നേതൃത്വനിരയിൽ നിന്നുകൊണ്ട് ആറുവർഷം പ്രൊവിൻഷ്യൽ ട്രഷററായും, 12 വർഷം പ്രൊവിൻഷ്യൽ കൗൺസിലർ ആയും ശുശ്രൂഷ ചെയ്ത ഗ്രെയ്സമ്മ ഫ്രാൻസിസ്കൻ ചൈതന്യത്തിൽനിന്ന്, ഫ്രാൻസിസ്കൻ ലാളിത്യത്തിൽനിന്ന് അണുവിട വ്യതിചലിക്കാതിരിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. സഭാംഗങ്ങൾക്ക് ഗ്രെയ്സമ്മയോടുള്ള സ്നേഹത്തിന്റെയും മതിപ്പിന്റെയും പ്രകടമായ തെളിവാണ് നീണ്ട 18 വർഷത്തെ നേതൃത്വനിരയിൽനിന്നുള്ള ഈ സഭാശുശ്രൂഷ.

“തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്” എന്ന സങ്കീർത്തനവചനം നമ്മെ അനുസ്മരിപ്പിച്ചുകൊണ്ട് ആ പാവനാത്മാവ് ഡിസംബർ 6 ന് സ്വർഗ്ഗത്തിലേക്കു പറന്നുപോയി. ഡിസംബർ 7-ാം തീയതി വൈകുന്നേരം 5 മണിക്ക് ഗ്രെയ്സമ്മയുടെ ഭൗതികശരീരം മറ്റക്കര മഠംചാപ്പലിൽ വച്ച് പ്രാർത്ഥിച്ചു. പിറ്റേന്ന് മാതാവിന്റെ അമലോത്ഭവത്തിരുനാൾ ദിനം രാവിലെ 10 ന് മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. എം.സി.ബി.എസ്. പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ഫാ. ജോസഫ് ചൊവ്വേലിക്കുടിയുടെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലി മധ്യേ ബഹു. ഫാ. ജോസ് തറപ്പേൽ ചരമപ്രസംഗം നടത്തി. ദിവ്യബലിക്കും പ്രാർത്ഥനകൾക്കുംശേഷം മൃതദേഹം മറ്റക്കര ഇടവകദേവാലയത്തിലേക്കു സംവഹിക്കപ്പെട്ടു. പള്ളിയിൽ വച്ച് നടന്ന ശുശ്രൂഷകൾക്ക് ഗ്രെയ്സമ്മയുടെ സഹോ

ദരൻ ബഹു. തോമസ് പാറയ്ക്കലച്ചൻ കാർമ്മികത്വം വഹിച്ചു. പാലാ രൂപതാ പ്രൊട്ടോ സിഞ്ചെലൂസ് ബഹു. ഫാ. ജോസഫ് തടത്തിൽ അനുസ്മരണസന്ദേശം നൽകി. തുടർന്ന് മറ്റക്കര സെമിത്തേരി ദേവാലയത്തിലെ കല്ലറയിൽ അമ്മയുടെ മൃതദേഹം സംസ്കരിച്ചു.



## സി. ചെൽസാ എഫ്.സി.സി.

കാഞ്ഞിരപ്പള്ളി രൂപത മണിപ്പുഴ ഇടവകയിൽ മങ്കത്താനത്ത് മത്തായി - മറിയം ദമ്പതികളുടെ 5 മക്കളിൽ മൂന്നാമത്തെ സന്താനമായി 1932 ജനുവരി 2 ന് മറിയക്കുട്ടി ഭൂജാതയായി. മാമ്മോദീസായിൽ മറിയം എന്ന നാമം നൽകപ്പെട്ടു. 1951 - ൽ പാലാ സെന്റ് മേരീസ് സ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായ മറിയക്കുട്ടി, ആ വർഷംതന്നെ ളാലം മഠത്തിൽ അർത്ഥിനിയായി ചേർന്നു. ളാലം, ഭരണങ്ങാനം എന്നീ മഠങ്ങളിൽ സന്ന്യാസപരിശീലനം പൂർത്തിയാക്കി, 29.05.1955-ൽ ആദ്യവ്രതവാഗ്ദാനം ചെയ്ത് സി. ചെൽസ എന്ന പേര് സ്വീകരിച്ചു. 1952 മുതൽ 1958 വരെ ളാലം മഠത്തിൽ ജൂണിയറേറ്റ് പൂർത്തിയാക്കിയ സി. ചെൽസ 30.10.1958-ൽ നിത്യവ്രതം ചെയ്തു.

1957-ൽ ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽനിന്ന് BSc യും 1959 -ൽ പാലാ സെന്റ് തോമസ് കോളേജിൽനിന്ന് ഇംഗ്ലീഷിലും നാചുറൽ സയൻസിലും BT യും പാസ്സായി തുടർന്ന് പാലാ സെന്റ് മേരീസ് ഹൈസ്കൂളിൽ അദ്ധ്യാപനം ആരംഭിച്ചു. 01.07.1968 മുതൽ 01.06.1969 വരെ കണ്ണാടിയുറുമ്പ് സെന്റ് ജോസഫ് യു.പി. സ്കൂളിൽ ഹെഡ്മിസ്ട്രസ്സായി സേവനമനുഷ്ഠിച്ചു. അനന്തരം 1969 മുതൽ 1987 വരെ പാലാ സെന്റ് മേരീസ് സ്കൂളിൽ ഹൈസ്കൂൾ അദ്ധ്യാപികയായി തന്റെ സേവനം തുടർന്നു. 31.03.1987-ൽ സെന്റ് മേരീസ് സ്കൂളിൽ നിന്ന് റിട്ടയറായ അമ്മ തുടർന്ന് മൂന്ന് വർഷം പാലാ മേരിമാതാ കോളേജിൽ സേവനമനുഷ്ഠിച്ചു.

2022 നവംബർ 7 ന് ശാരീരികാസ്വാസ്ഥ്യംമൂലം അമ്മയെ മരിയൻ മെഡിക്കൽ സെന്ററിൽ അഡ്മിറ്റാക്കി. നവംബർ 9 ന് ഓക്സിജൻ താഴ്ന്നതിനെ തുടർന്ന് മെഡിക്കൽ ICU-വിൽ പ്രവേശിപ്പിച്ചു. അന്നേദിവസം ചെൽസാമ്മയെ സന്ദർശിച്ച ബഹു. വികാരി ജോസഫ് തടത്തിലച്ചനിൽ നിന്ന്, ബോധപൂർവ്വം സന്തോഷത്തോടെ അമ്മ രോഗീലേപം ചോദിച്ച് വാങ്ങി. ഓപ്പറേഷൻ വിജയകരമായിരുന്നെങ്കിലും നവംബർ 18 രാത്രി 11.15 ന് ഹൃദയാഘാതത്തെത്തുടർന്ന് അമ്മയുടെ പാവനാത്മാവ് ദൈവസന്നിധിയിലേക്കു യാത്രയായി.

പിറ്റേന്ന് 19.11.2022 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 4 ന് കാഞ്ഞിരപ്പള്ളി രൂപതാവൈദികനും അമ്മയുടെ സഹോദരനുമായ ബഹു. ഫാ. എമ്മാനുവൽ മങ്കത്താനം അമ്മയുടെ ബന്ധുവായ ബഹു. ഫാ. ബിജു മങ്കത്താനം, ളാലം ഇടവകവികാരി ബഹു. ഫാ. ജോസഫ് തടത്തിൽ എന്നിവർ ചേർന്ന് അർപ്പിച്ച സമൂഹബലിമദ്ധ്യേ വികാരി ബഹു. ജോസഫ് തടത്തിലച്ചൻ ചരമപ്രസംഗം നടത്തി. തുടർന്ന് മൃതദേഹം ളാലം പഴയപള്ളിയിലേക്ക് സംവഹിക്കപ്പെട്ടു. കാഞ്ഞിരപ്പള്ളി മുൻ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ ചരമപ്രസംഗം നടത്തുകയും സമാപനശുശ്രൂഷകൾക്കു നേതൃത്വം നൽകുകയും ചെയ്തു. അനേകം വൈദികരുടെയും സമർപ്പിതരുടെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ ഉച്ചകഴിഞ്ഞ് 6.30ന് മൃതദേഹം ളാലം പഴയപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



## സി. ജോന്നസ് ഇടമനശ്ശേരിൽ എസ്. എച്ച്.

രാമപുരം ഇടവകയിൽ പുരാതനവും പ്രസക്തവുമായ ഇടമനശ്ശേരി കുടുംബത്തിൽ ശ്രീ ചാണ്ടിയുടെയും മറിയത്തിന്റെയും 5 മക്കളിൽ ഏറ്റം ഇളയവളായി 1948 ജനുവരി 15-ാം തീയതി ഭൂജാതയായ സി. ജോന്നസിന് മാമ്മോദീസായിൽ ലഭിച്ച പേര് ഏലിക്കുട്ടി എന്നായിരുന്നു. ഒരു വിശുദ്ധയാകണമെന്ന തീവ്രമായ ആഗ്രഹത്തോടെ 1965 ജൂൺമാസത്തിൽ പാലാ തിരുഹൃദയമഠത്തിൽ അർത്ഥിനിയായിചേർന്നു. സന്ന്യാസപരിശീലനത്തിനുശേഷം 1967 ആദ്യവ്രതവും 1972 നിത്യവ്രതവും അനുഷ്ഠിച്ച് ഈശോയുടെ തിരുഹൃദയത്തിന്റെ സ്വന്തമായി. ഉന്നതവിദ്യാഭ്യാസത്തിനുശേഷം ഉജ്ജൈൻ മിഷനിൽ മൂന്നു വർഷം ശുശ്രൂഷചെയ്തു. മൂലമറ്റത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചപ്പോൾ അവിടുത്തെ ആദ്യത്തെ പ്രിൻസിപ്പാൾ ആയി നിയമിക്കപ്പെട്ടത് സി. ജോന്നസ് ആയിരുന്നു. 12 വർഷം അവിടെ കഠിനമായി അധ്വാനിച്ചശേഷം രാമപുരം യു. പി. സ്കൂൾ അധ്യാപികായും പിന്നീട് മാനത്തൂർ സ്കൂളിലും തന്റെ അധ്യാപകശുശ്രൂഷ നിർവഹിച്ച് 2003 ൽ സ്കൂളിൽനിന്നു വിരമിച്ചു. പിന്നീട് രാമപുരം, ഏഴാച്ചേരി, ബാലഭവനുകളിൽ കറസ്പോണ്ടന്റായും ജോലി നിർവഹിച്ച ജോന്നസമ്മ സ്ഥാപകപിതാവിന്റെ ഉപദേശം ശ്രവിച്ച് അനാഥക്കുഞ്ഞുങ്ങളെ സ്വന്തം കുഞ്ഞുങ്ങളെപ്പോലെ പരിചരിച്ചു.

വിശ്വാസപരിശീലനരംഗത്തും ഇടവകപ്രവർത്തനങ്ങളിലും സജീവമായി പങ്കുചേർന്നു. എസ്.എച്ച്. ക്രിസ്റ്റിൻ മിഷന്റെ ആരംഭകരിൽ ഒരാ

ളായി അനേകം കുരുന്നുബാല്യങ്ങളെ ക്രിസ്തുവിലേക്ക് ആനയിക്കുകയും ചെയ്തു. നാലുതവണ പ്രൊവിൻഷ്യൽ കൗൺസിലറായും അതിൽ ഒരു പ്രാവശ്യം വികാർ പ്രൊവിഷ്യൽ ആയും സഭയ്ക്കുള്ളിൽ ശുശ്രൂഷാത്മക നേതൃത്വം നിർവഹിച്ച ജോന്നസമ്മ തീക്ഷ്ണമതിയായി തിരുഹൃദയ സന്ന്യാസിനിയായിരുന്നു.

2022 നവംബറിൽ പെട്ടെന്ന് ക്ഷീണം വർദ്ധിച്ചതിനെതുടർന്ന് മെഡിസിറ്റിയിൽ വിദഗ്ധപരിശോധനയക്ക് വിധേയമാക്കി. നവംബർ 24-ാം തീയതി രാത്രി 11.50 ന് എല്ലാവരുടെയും പ്രാർത്ഥനാമദ്ധ്യേ ദിവ്യനാഥന്റെ സന്നിധിയിലേക്ക് ജോന്നസമ്മ യാത്രയായി. 25-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് വി. കുർബാനയോടെ രാമപുരം മഠംചാപ്പലിൽ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. പാലാ രൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിലിന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം രാമപുരം ഫൊറോപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



## സി. എൽസിയർ നമ്പുടാകത്ത് എഫ്.സി.സി.

പാലാ രൂപതയിൽ മൂന്നിലവ് ഇടവകയിൽ നമ്പുടാകത്ത് കുടുംബത്തിൽ വർക്കി - ഏലി ദമ്പതികളുടെ പതിനൊന്ന് മക്കളിൽ രണ്ടാമത്തെ സന്താനമായി 17-07-1930 ൽ ബഹു. എൽസിയാമ്മ ജനിച്ചു. 25-07-1930 ൽ മാമ്മോദീസ സ്വീകരിച്ച് മറിയം എന്ന നാമം സ്വീകരിച്ചു. മറിയാമ്മ എന്ന ഓമനപ്പേരിൽ വിളിക്കപ്പെട്ടിരുന്ന ബഹു. എൽസിയമ്മ തന്റെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 15-06-1946 ൽ സമർപ്പിത ജീവിതത്തിൽ പ്രവേശിച്ചു. സന്ന്യാസപരിശീലനത്തിനുശേഷം 17-05-1950 ൽ ആദ്യവ്രതവും 25-05-1953 ൽ നിത്യവ്രതവും സ്വീകരിച്ചു നാഥന്റെ സ്വന്തമായിത്തീർന്നു.

കുന്നോത്ത്, പുലിയന്നൂർ, മണിയംകുന്ന്, മണിയംകുളം, ഭരണങ്ങാനം, ആനന്ദഭവൻ, രത്നഗിരി, അമ്പാറനിരപ്പേൽ, തീക്കോയി, പൂഞ്ഞാർ, വാകക്കാട് എന്നീ ഭവനങ്ങളിൽ ആയിരുന്നുകൊണ്ടു വിവിധ ശുശ്രൂഷകളിൽ പ്രത്യേകിച്ച് ഫാം സൂപ്പർവൈസറായി തന്റെ സേവനം സമർപ്പിച്ചു. ഫ്രാൻസിസ്കൻ സന്ന്യാസസമൂഹത്തിന്റെ മുഖമുദ്രകളായ ദാരിദ്ര്യം, എളിമ, അധ്വാനപൂർണമായ ജീവിതം, ആഴമായ ദൈവാശ്രയത്വം, പരിഹാരമനോഭാവം എന്നിവ അമ്മയുടെ ജീവിതത്തിന്റെ പ്രത്യേകതകളായിരുന്നു.

2017 വരെയുള്ള കാലഘട്ടത്തിൽ ബഹു. എൽസിയാമ്മ സമൂഹത്തിലെ എല്ലാ കാര്യങ്ങളിലും തീക്ഷ്ണതയോടെ പങ്കെടുത്തിരുന്നു.

തുടർന്ന് ഓർമക്കുറവും ക്ഷീണവും അനുഭവപ്പെട്ടുതുടങ്ങി. ഈശോ എന്ന നാമം ഉരുവിട്ടുകൊണ്ട് എല്ലായ്പ്പോഴും ദൈവസാന്നിധ്യസ്മരണയിലായിരുന്നു ഈ കാലഘട്ടത്തിലെല്ലാം. 2018 ആയപ്പോൾ ക്ഷീണം വർധിച്ചു വന്നതിനാൽ കൂടുതൽ പരിചരണത്തിനായി ബഹു. എൽസിയാമ്മയെ തിടനാട് കോൾബെ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. 30-12-2022 ൽ ചെറിയ ശ്വാസതടസ്സം അനുഭവപ്പെട്ടു. തുടർന്ന് 31-12-2022 ൽ രാവിലെ 4.05 ന് സഹോദരിമാർ പ്രാർത്ഥനാപൂർവം നോക്കിനിൽക്കെ ബഹു. എൽസിയാമ്മ സ്വർഗത്തിലേക്കു യാത്രയായി.

തുടർന്ന് മൃതദേഹം പാലാ മരിയൻ സെന്ററിൽ മോർച്ചറിയിൽ സൂക്ഷിച്ചു. വൈകുന്നേരം 5.30നോടുകൂടി മൃതദേഹം വാകക്കാട് മഠത്തിലേക്ക് കൊണ്ടുവന്നു. പിറ്റേദിവസം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് അമ്മയുടെ സഹോദരപുത്രൻ ബഹു. ജിയോ നമ്പുടാകത്തച്ചന്റെ മുഖ്യകാർമികത്വത്തിലും ബഹു. ഇടവകവികാരി മൈക്കിൾ ചീരാംകുഴിയച്ചന്റെയും ബഹു. ജോസ് ചുങ്കപ്പുരയച്ചന്റെയും സഹകാർമികത്വത്തിലും വിശുദ്ധ കുർബാനയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ദിവ്യബലി മധ്യേ ഇടവകവികാരി ബഹു. മൈക്കിൾ ചീരാംകുഴിയച്ചൻ ചരമപ്രസംഗം നടത്തി. ദേവാലയത്തിലെ കർമങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് ബഹു. എൽസിയാമ്മയുടെ മൃതദേഹം വാകക്കാട് സെന്റ് പോൾസ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. കാരുണ്യവാനായ ദൈവം ബഹു. എൽസിയാമ്മയെ നിത്യകിരീടമണിയിക്കട്ടെയെന്ന് നമുക്കു പ്രാർത്ഥിക്കാം.



## റവ. സി. ജോസ് മെറ്റിൽഡ ഇടയാൽ എഫ്.സി.സി.

പാലാ രൂപതയിൽ വേലനിലം ഇടവകയിൽ ഇടയാൽ കുടുംബത്തിൽ മത്തായി-അന്നമ്മ ദമ്പതികളുടെ അഞ്ചു മക്കളിൽ മൂന്നാമത്തെ സന്താനമായി 15-06-1944 ൽ സി. ജോസ് മെറ്റിൽഡ ഭൂജാതയായി. മാമ്മോദീസായിൽ ലഭിച്ച പേര് ഏലി എന്നായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 16-06-1962 ൽ ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസപരിശീലനത്തിനുശേഷം 06-04-1964 ൽ ആദ്യവ്രതവും 06-04-1970 ൽ നിത്യവ്രതവും അനുഷ്ഠിച്ചു. അധ്യാപനമായിരുന്നു അമ്മയുടെ പ്രധാന പ്രേഷിതരംഗം.

മഞ്ഞാമറ്റം, വിമലഗിരി, വാകക്കാട് എന്നീ ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് നീണ്ട 28 വർഷം അധ്യാപനരംഗത്തും, വിവിധങ്ങളായ ശുശ്രൂഷകളിലും അമ്മ ഏർപ്പെട്ടു. മെറ്റിൽഡാമ്മയുടെ ഏറ്റവും വലിയ

പ്രത്യേകത ആഴമായ പ്രാർഥനാജീവിതമായിരുന്നു. ശാന്തമായ പെരുമാറ്റശൈലി സ്വന്തമാക്കിയ വ്യക്തിത്വത്തിന് ഉടമയായിരുന്നു മെറ്റിൽഡാമ്മ. നിരന്തരം യേശുനാമം ഉരുവിട്ടുകൊണ്ട് ദൈവസാന്നിധ്യസ്മരണയിൽ ആയിരിക്കുക എന്നത് അമ്മയ്ക്കു നിർബന്ധമുള്ള കാര്യമായിരുന്നു.

2019 ജൂൺ മാസത്തിൽ അമ്മയെ ക്യാൻസർ രോഗം ബാധിച്ചിരിക്കുന്നു എന്നു തിരിച്ചറിഞ്ഞു. കാരിത്താസ് ആശുപത്രിയിലെ ചികിത്സയിലായിരുന്ന അമ്മയ്ക്കു ക്ഷീണം വർധിച്ചുവന്നതിനാൽ കൂടുതൽ പരിചരണാർഥം 2022 ഡിസംബർ പത്താംതീയതി തിടനാട് കോൾബെ ഡിസ്പെൻസറിയിൽ പ്രവേശിപ്പിച്ചു. കോൾബെയിലെ ബഹു. സിസ്റ്റേഴ്സിന്റെ സ്നേഹശുശ്രൂഷകൾ സ്വീകരിച്ചുവരവെ 24-12-2022 ൽ രാവിലെ ക്ഷീണം വർദ്ധിച്ചു. വിശുദ്ധ കുർബാന സ്വീകരിച്ച അമ്മയ്ക്ക് രോഗീലേപനവും നൽകി. അന്ത്യകാലപ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടിരിക്കേ, ബഹു. ജോർജ് മുളങ്ങാട്ടിലച്ചന്റെയും സിസ്റ്റേഴ്സിന്റെയും പ്രാർത്ഥനാമദ്ധ്യ ബഹു. ജോസ് മെറ്റിൽഡാമ്മ സ്വർഗത്തിലേക്കു യാത്രയായി.

തുടർന്ന് മൃതദേഹം പാലാ മരിയൻ സെന്ററിൽ മോർച്ചറിയിൽ സൂക്ഷിച്ചു. 25-ാം തീയതി വൈകുന്നേരം 5 മണിയോടുകൂടി മൃതദേഹം വാകക്കാട് മഠത്തിലേക്കു കൊണ്ടുവന്നു.

പിറ്റേദിവസം തിങ്കളാഴ്ച രാവിലെ 11 ന് ഇടവക വികാരി റവ. ഫാ. മൈക്കിൾ ചീരാംകുഴിയുടെ കാർമികത്വത്തിൽ നടന്ന വി. കുർബാനയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ദിവ്യബലി മധ്യേ റവ.ഫാ. ആന്റണി വെച്ചൂർ OFM Cap. അനുസ്മരണപ്രസംഗം നടത്തി. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിലച്ചന്റെ മുഖ്യകാർമികത്വത്തിൽ മൃതദേഹം വാകക്കാട് സെന്റ് പോൾസ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## DECEMBER 2022

| | | |
|---|---|---|
| 02 | 10.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | പാലാ സി എം സി പ്രൊവിൻഷ്യൽ ഹൗസിൽ സി. മേരി ബനീഞ്ഞ ഫൗണ്ടേഷന്റെ അവാർഡ് ദാനച്ചടങ്ങ് ഉദ്ഘാടനം ചെയ്തു. |
| 03 | 9.00 am | പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ മാനേജിങ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. |
| | 6.00 pm | ശശി തരൂർ എം.പി.യെ ബിഷപ് ഹൗസിൽ സ്വീകരിച്ചു. |
| 04 | 2.30 pm | ഗുജറാത്തിലുള്ള പാലാ മിഷൻ സന്ദർശിക്കാൻ പുറപ്പെട്ടു. |
| 05 | 11.15 pm | ഗുജറാത്തിൽ എത്തി മണിനഗർ പള്ളിയിൽ രാത്രി ചെലവഴിച്ചു. |
| 06 | 9.00 am | ഗുജറാത്ത് മിഷനിൽ സ്വന്തമായി പള്ളിയുള്ള സോളാ സെന്റ് തോമസ് ഇടവക സന്ദർശിച്ചു. വികാരി ബഹു. മാത്യു വേങ്ങാലൂർ അച്ചനും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശംസകൾ നേർന്നു. |
| | 10.45 am | തൽതേജ് സെന്റ് മേരീസ് ഇടവക സന്ദർശിച്ചു. |
| | 11.30 am | മാൻസി സർക്കിൾ സെന്റ് അൽഫോൻസാ ഇടവക സന്ദർശിച്ചു. വികാരി ബഹു. മാത്യു പാലാക്കാട്ടു കുന്നേൽ അച്ചന് ആശംസകൾ നേർന്നു. |
| | 2.45 pm | മണിനഗർ പള്ളിയിൽ വച്ച് പാലാ മിഷനിൽ സേവനം ചെയ്യുന്ന ബഹു. വൈദികരുമായി കൂടിക്കാഴ്ച നടത്തി. മിഷൻ അനുഭവങ്ങൾ പങ്കുവെച്ചു. |

| | | |
|---|---|---|
| | 4.30 pm | ഗാന്ധിജിയുടെ സബർമതി ആശ്രമത്തിൽ സന്ദർശനം നടത്തി. |
| | 5.45 pm | സബർമതി ഇടവകയിൽ വികാരി പോൾ പറപ്ലാക്കൽ അച്ചനെയും കൈക്കാരന്മാരെയും കണ്ട് ആശംസകൾ അറിയിച്ചു |
| | 6.30 pm | ബാപ്പുനഗർ ഇടവകയിൽ വികാരി ബഹു. മാത്യു കോലത്ത് അച്ചനെയും കൈക്കാരന്മാരെയും കണ്ട് ആശംസകൾ അറിയിച്ചു. |
| | 8.00 pm | മണിനഗർ ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ചു. |
| 07 | 6.30 am | മണിനഗർ ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ചു. |
| | 9.45 am | ആനന്ദ് ഇടവകയിൽ വികാരി ജോർജ് നെല്ലിക്കൽ അച്ചനെയും കൈക്കാരന്മാരെയും കണ്ട് ആശംസകൾ അറിയിച്ചു. |
| | 11.15 am | ബറോഡാ റോസറി കത്തീഡ്രലിൽ സന്ദർശനം നടത്തി. |
| | 1.30 pm | ബറോഡായിൽ പുതുതായി ദൈവാലയം നിർമിക്കാൻ കണ്ടെത്തിയ സ്ഥലം സന്ദർശിച്ചു. |
| | 3.15 pm | വാഗോഡിയയിൽ റീജിയണൽ കാര്യാലയം നിർമിക്കാൻ കണ്ടെത്തിയ സ്ഥലം സന്ദർശിച്ചു. |
| | 7.15 pm | ബറോഡാ രൂപതയുടെ ബിഷപ്സ് ഹൗസ് സന്ദർശിച്ചു. രൂപത അഡ്മിനിസ്ട്രേറ്റർ അഭിവന്ദ്യ മാർ സ്റ്റനിസിലാവോസ് ഫെർണാണ്ടസിനെ കണ്ട് ആശംസകൾ അറിയിച്ചു. |
| 08 | 6.30 am | ബറോഡാ റോസറി കത്തീഡ്രലിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഇടവകക്കാർക്ക് തിരുനാൾ ആശംസകൾ നേർന്നു. |
| | 8.45 am | മനേജയിൽ പുതുതായി പണിയുന്ന സെന്റ് അൽഫോൻസാ ദൈവാലയം സന്ദർശിച്ചു. |

| | | |
|---|---|---|
| | 11.30 am | ബറൂച്ച് ബിഷപ്സ് റെസിഡൻസ് സന്ദർശിച്ചു. |
| | 12.30 pm | ബറൂച്ചിൽ മാർത്തോമാ ശ്ലീഹാ ആദ്യമായി ഭാരതത്തിൽ കാലുകുത്തി എന്നു വിശ്വസിപ്പിക്കപ്പെടുന്ന ചരിത്രസ്ഥലങ്ങൾ സന്ദർശിച്ചു. |
| 10 | 6.00 pm | മേരിലാൻഡ് ഇടവകയിൽ പുലയൻപറമ്പിൽ ശ്രീമതി ഏലിയാമ്മയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 11 | 3.30 pm | രത്നഗിരി ഇടവകയിൽ പുതുതായി പണികഴിപ്പിച്ച ഷോപ്പിങ് കോംപ്ലക്സിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| | 4.00 pm | രത്നഗിരി ഇടവകയിൽ പുതുതായി പണികഴിപ്പിച്ച സെന്റ് എഫ്രേം കുരിശുപള്ളിയുടെ കൂദാശാകർമ്മം നിർവഹിച്ചു. |
| 12 | 10.30 am | കോതനല്ലൂർ ഫൊറോനയിൽ നിര്യാതനായ ബഹു. ജോൺ കാഞ്ഞിരംകുഴി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു മുഖ്യകാർമികത്വം വഹിച്ചു |
| 13 | 9.00 am | കോട്ടയം സ്പിരിച്വാലിറ്റി സെന്ററിൽ നടക്കുന്ന എക്കുമെനിക്കൽ മീറ്റിങ്ങിൽ പങ്കെടുത്തു. |
| 14 | 4.00 pm | വാഗമൺ മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിന്റെ ഗവേർണിങ് ബോഡി മീറ്റിങ്ങിൽ പങ്കെടുത്തു. |
| 15 | 10.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.15 pm | ബിഷപ്സ് ഹൗസിൽ വച്ചുനടന്ന പാലാ രൂപത നാല്പതാമത് ബൈബിൾ കൺവെൻഷന് ഒരുക്കമായുള്ള പത്രസമ്മേളനത്തിൽ പങ്കെടുത്തു |
| | 4.00 pm | പയ്യാനിത്തോട്ടം ഇടവകയിൽ ഹോളി സ്പിരിറ്റ് പബ്ലിക് സ്കൂളിന്റെ ഇരുപതാമത് വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 17 | 10.00 am | പാലാ ലീജിയൻ ഹോമിൽ നടന്ന സിനാക്സിസ് തിരഞ്ഞെടുപ്പിൽ സന്നിഹിതനായി. |

| | | |
|---|---|---|
| | 11.30 am | പാലാ കത്തീഡ്രലിൽ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷനൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ നടന്ന അധ്യാപക അനധ്യാപക മഹാസംഗമം ഉദ്ഘാടനം ചെയ്തു. |
| 18 | 7.00 am | പൈക ഇടവകയിൽ തിരുനാളിനോട് അനുബന്ധിച്ച് സുറിയാനി കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| 19 | | നാല്പതാമത് പാലാ രൂപത ബൈബിൾ കൺവെൻഷന്റെ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു വിശുദ്ധ കുർബാനയർപ്പിച്ചു. |
| 20 | 9.00 am | മാർ സ്ലീവാ മെഡിസിറ്റി അങ്കണത്തിൽ പുതിയതായി നിർമ്മിക്കുന്ന പ്രീസ്റ്റ് ഹോം ദോമൂസ് സമരിത്താനൂസ് ബോണൂസിന്റെ ശിലാസ്ഥാപനം നടത്തി. |
| | 10.30 am | പാലാ ളാലം പഴയപള്ളി ഇടവകയിൽ തോട്ടുങ്കൽ - വെള്ളൂക്കുന്നേൽ വി വി മൈക്കിളിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 12.15 pm | പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ അച്ചന്മാരെ സന്ദർശിക്കുകയും ക്രിസ്തുമസ് സമ്മാനങ്ങൾ നൽകുകയും ചെയ്തു. |
| | 5.00 pm | ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു. |
| 21 | 11.30 am | മുട്ടുചിറ സെന്റ് ജോൺ വിയാനി പ്രീസ്റ്റ് ഹോമിൽ അച്ചന്മാരെ സന്ദർശിക്കുകയും ക്രിസ്തുമസ് സമ്മാനങ്ങൾ നൽകുകയും ചെയ്തു. |
| 22 | 7.15 am | പിറവം ഇടവകയിൽ പുതുതായി നിർമ്മിച്ച കൊടിമരത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| | 9.00 am | മാന്നാർ ഇടവകയിൽ ഒരു ഭവനം വെഞ്ചിരിച്ചു. |
| | 3.00 pm | കൂത്രപ്പള്ളി ഗ്രീൻ വാലി എസ്റ്റേറ്റ് സന്ദർശിച്ചു. |
| | 5.00 pm | ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു. |
| 23 | 10.0 am | മാർ സ്ലീവാ മെഡിസിറ്റിയിൽ ഗവേർണിങ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു. |

| | | |
|---|---|---|
| | 11.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | ബൈബിൾ കൺവെൻഷന്റെ അവസാനദിവസത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി കൺവെൻഷനിൽ പങ്കെടുത്തു. |
| 24 | 11.00 am | കോതമംഗലം രൂപത കുട്ടമ്പുഴ ഇടവകയിൽ എടേട്ട് ശ്രീമതി ത്രേസ്യാമ്മ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 3.30 pm | ദൈവദാൻ സെന്റർ സന്ദർശിച്ചു ക്രിസ്തുമസ് ആശംസകൾ നേർന്നു. |
| | 4.05 pm | ജൂബിലി ഭവൻ സന്ദർശിച്ചു ക്രിസ്തുമസ് ആശംസ കൾ നേർന്നു. |
| | 4.30 pm | കടനാട് ഡോൺ ബോസ്കോഭവൻ സന്ദർശിച്ചു ക്രിസ്തുമസ് ആശംസകൾ നേർന്നു. |
| 25 | 12.00 am | കത്തീഡ്രലിൽ ക്രിസ്തുമസ് ദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| | 03.30 pm | കത്തീഡ്രലിൽ ബഹു. ജെയിംസ് പൊരുന്നോലിൽ അച്ചന്റെ പിതാവ് ശ്രീ ജോൺ പി. സഖറിയാസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. |
| 26 | 9.15 am | അന്തിനാട് ഇടവകയിൽ മ്ശംശാന കുഴിവേലിത്തട ത്തിൽ ജോസഫിന് പൗരോഹിത്യപട്ടം നൽകി. |
| | 2.15 pm | തുരുത്തിപ്പള്ളി ഇടവകയിൽ മ്ശംശാന ആലപ്പാട്ട് കോട്ടയിൽ സെബാസ്റ്റ്യന് പൗരോഹിത്യപട്ടം നൽകി. |
| | 5.15 pm | മോനിപ്പള്ളി ഇടവകയിൽ ഒരു വിവാഹവാഗ്ദാന ത്തിന് മുഖ്യകാർമികത്വം വഹിച്ചു |
| 27 | 9.15 am | ഏന്തയാർ ഇടവകയിൽ മ്ശംശാന ഞരളക്കാട്ട് ആന്റണിക്ക് പൗരോഹിത്യപട്ടം നൽകി. |
| 28 | 9.15 am | പൂവക്കുളം ഇടവകയിൽ മ്ശംശാന താന്നിമലയിൽ തോമസിന് പൗരോഹിത്യപട്ടം നൽകി. |

| | | |
|---|---|---|
| | 2.15 pm | അമ്പാറനിരപ്പേൽ ഇടവകയിൽ മ്ശംശാന കണിയാം പടി മാത്യുവിന് പൗരോഹിത്യപട്ടം നൽകി. |
| | 4.30 pm | ചൂണ്ടച്ചേരി ഇടവകയിൽ പ്ലാത്തോട്ടം ശ്രീമതി മേരി മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാ ലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 29 | 9.15 am | എടാട് ഇടവകയിൽ മ്ശംശാന കൊല്ലിയിൽ ആന്റണിക്ക് പൗരോഹിത്യപട്ടം നൽകി. |
| 30 | 9.15 am | ചൂണ്ടച്ചേരി ഇടവകയിൽ മ്ശംശാന ആറ്റുചാലിൽ ജോസഫിന് പൗരോഹിത്യപട്ടം നൽകി. |
| | 01.30 pm | കോട്ടയം അതിരൂപത ഒളശ്ശ ഇടവകയിൽ മോൺ. ഡോ. ജേക്കബ് വെള്ളിയാൻ അച്ചന്റെ ഭൗതികദേഹ ത്തിനരുകിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 31 | 9.15 am | ചെമ്മലമറ്റം ഇടവകയിൽ മ്ശംശാന തറപ്പേൽ ജോർജിന് പൗരോഹിത്യപട്ടം നൽകി. |
| | 2.15 pm | പൂഞ്ഞാർ ഫൊറോനയിൽ മ്ശംശാന മുക്കൻ തോട്ടത്തിൽ ജോസഫിന് പൗരോഹിത്യ പട്ടം നൽകി. |





**2022 ഡിസംബർ 15 ന് അൽഫോൻസിയർ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്ന വൈദികസമ്മേളനം**



2023
JANUARY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



# 40–ാമത് പാലാ രൂപത ബൈബിൾ കൺവെൻഷൻ
# അഭിഷേകാഗ്നി











Printed at St. Thomas Press, Palai and Published by Fr. Thomas Pezhumkattil